മംഗലപുരം ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ



മംഗലപുരം പഞ്ചായത്ത് ആഫീസ്

മാർക്കറ്റ്

അധികാരം ജനങ്ങളിലേയ്ക്ക്

9-ാം പദ്ധതി

ജനകീയ പദ്ധതി

'എപ്പോഴാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുന്നത് ? '
അന്ന് ആ ചോദ്യത്തിന് ഗാന്ധിജി ഇങ്ങനെ ഉത്തരം പറഞ്ഞു.

"സ്വന്തം ശ്രമംകൊണ്ടു തങ്ങളുടെ സ്ഥിതിയ്ക്ക്
മാറ്റം വരുത്താമെന്ന് എപ്പോൾ
ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രം."

മംഗലപുരം ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണം
സമഗ്ര വികസന രേഖ





റിപ്പോർട്ട് ക്രോഡീകരിച്ചവർ

ഉഷാ സുരേഷ്
റ്റി. ഷാജി കുമാർ
എം ആർ രവി
അഡ്വ സി മോഹനചന്ദ്രൻ
ഡി. പ്രകാശ്



എഡിറ്റർ

എം.പി. സുഭാഷ്

എഡിറ്റോറിയൽ ബോർഡ്

ഡോ. പി. ഗിരീശൻ
കെ. രതീന്ദ്രൻ
എസ്. സുരേഷ് ബാബു
പി. മണികണ്ഠൻ
ജി. വേണുനാഥ്
അഡ്വ: വിജയകുമാരൻ നായർ
കെ. എം. സക്കീർ
എം. അഷ്റഫ്
എം. എ. അസീസ്
കൈലാത്തുകോണം ബാബു

പ്രിന്റിംഗ് : കമ്പ്യൂട്ടെക് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
തിരുവനന്തപുരം-695 010, ഫോൺ:0471-69787

കവർ ഡിസൈൻ & ലേ ഔട്ട് : അനിൽശ്രീകാര്യം
ഡി.റ്റി.പി. കമ്പോസിംഗ് : ബൈറ്റ്സ് ഗ്രാഫിക്സ്, ശ്രീകാര്യം.,
മെഗാ കംപ്യൂട്ടേഴ്സ്, ചെക്കാലമുക്ക്, ശ്രീകാര്യം

മംഗലാപുരം പഞ്ചായത്തിലെ
ആദ്യത്തെ പ്രസിഡന്റായിരുന്ന
എസ്. ബാലകൃഷ്ണൻ

ആമുഖം	13
പൊതുവിവരണം	16
ചരിത്രപശ്ചാത്തലം	19
ഭൂപ്രകൃതിയും വിഭവങ്ങളും	22
കൃഷിയും ജലസേചനവും	29
മൃഗസംരക്ഷണവും മത്സ്യബന്ധനവും	38
വ്യവസായം	41
വിദ്യാഭ്യാസം	46
കുടിവെള്ളവും പൊതുജനാരോഗ്യവും	53
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	58
പാർപ്പിടവും സാമൂഹ്യക്ഷേമവും	69
സംസ്കാരം	73
വനിതാക്ഷേമം	78
സഹകരണ മേഖല	79
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	82
വിഭവസമാഹരണം	85
ടൂറിസം	88
ഉപസംഹാരം	89



അന്യജീവനുതകി
സ്വജീവിതം ധന്യമാക്കിയ
ശ്യാമളാദേവി
എന്നും ജനങ്ങളോടൊപ്പം
ഉണ്ടായിരുന്നു.
സഖാവ് വിട്ടുപിരിഞ്ഞിട്ട്
വർഷം ഒന്നു കഴിഞ്ഞിരിക്കുന്നു

മംഗലപുരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി

പ്രസിഡന്റ്
ഉഷാ സുരേഷ്



പി. ഭുവനേന്ദ്രൻ



വി. ഭാസ്കരൻ



വൈസ് പ്രസിഡന്റ്
എം. പി. അനിൽ ജോയി

കെ. അനിൽ കുമാർ

ഡി. പ്രകാശ്



സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
എം. അബ്ദുൾ റഷീദ്



എ. ഹംസ



എസ്. എ. നാസർ

സുശീലാ വിജയൻ

ജെ. വി. ഷീല

കെ. പി. ലൈല

ജൂലിയറ്റ് പോൾ

പുതിയൊരു വികസനസംസ്കാരം കരുപ്പിടിപ്പിക്കുക



ആമുഖം

ആസൂത്രണമാണ് ഇതര ജീവികളിൽ നിന്ന് മനഷ്യനെ വ്യത്യസ്തനാക്കുന്നത് എന്ന് പൊതുവെ പറയാറുണ്ട്. അവൻ കിണർ കുഴിച്ച് ജലം സംഭരിക്കുന്നു. അണകെട്ടി വെള്ളമൊഴുക്കുന്നു. കൃഷിചെയ്തു വിള സംഭരിക്കുന്നു, എന്നാൽ പ്രകൃതിയിലേയ്ക്ക് കണ്ണ്നട്ട് നിൽക്കുന്നവന് പക്ഷിമൃഗങ്ങളുടെയും, ഉറമ്പുകളുടെയും, മറ്റു പ്രാണികളുടെയും മുന്നിൽ നാം എത്രയോ പിന്നിലാണെന്ന് തോന്നിപ്പോകും,. ആസൂത്രണത്തിന്റെ ഈ ധാരണകൾക്കും അപ്പുറം സാമൂഹികതലത്തിൽ രാഷ്ട്രഭരണാർത്ഥമുള്ള പദ്ധതിരൂപവത്കരണമാണ് നമ്മുടെ ചർച്ചയക്ക് വിഷയം.

ആസൂത്രണം എന്ന ആശയം ഇന്ത്യയിൽ പ്രചരിച്ചു തുടങ്ങിയത് 1929 ന് ശേഷമാണ്. ഇന്ത്യയിൽ നിന്ന് ദാരിദ്ര്യം തുടച്ചുനീക്കുന്നതിന് നിലവിലുള്ള സാമ്പത്തിക സാമൂഹിക സംവിധാനം അടിമുടി അഴിച്ചുപണിയേണ്ടതാണെന്ന് 1929 മെയ് മാസത്തിൽ അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിറ്റി പ്രമേയം പാസ്സാക്കി. പ്രമേയങ്ങളിലൂടെയും, തെരെഞ്ഞടുപ്പ് പ്രകടന പത്രികകളിലൂടെയും ഈ അഭിപ്രായത്തിന് ജനങ്ങളുടെ പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. 1938 ഒക്ടോബറിൽ ജവഹർലാൽ നെഹ്റു അദ്ധ്യക്ഷനായി രൂപം കൊണ്ട ദേശീയ പ്ലാനിംഗ് കമ്മിറ്റി ദേശിയ വികസനത്തിൽ ആസൂത്രണത്തിന് ഉണ്ടായിരിക്കേണ്ട സ്ഥാനം , വ്യാവസായ ദേശവത്കരണം, കൂടിൽ വ്യവസായ സംരക്ഷണം തുടങ്ങി പല പ്രധാന വിഷയങ്ങളിലും സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു എങ്കിലും രാഷ്ട്രീയമായ അസ്വാസ്ഥ്യങ്ങളാൽ 1940ൽ കമ്മറ്റിയുടെ പ്രവർത്തനം നിലച്ചുപോയി.

"ഇന്ത്യയ്ക്ക് ഒരു ആസൂത്രിത സമ്പദ്വ്യവസ്ഥ" എന്ന പേരിൽ സർ എം.വിശ്വേശ്വരയ്യ 1934 പ്രസിദ്ധപ്പെടുത്തിയ പ്രബന്ധമാണ ് ആസൂത്രണമേഖലയിലെ പ്രഥമ ആധികാരിക രേഖ, വ്യവസായ വത്കരണമാണ് ആസൂത്രണത്തിന്റെ കാതൽ എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കൃഷിയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറയ്ക്കുകയും വ്യവസായത്തൊഴിലാളികളുടെ എണ്ണം കൂട്ടുകയും ചെയ്യുന്നതിന് വേണ്ടി വ്യവസായങ്ങളിലെ മൂലധന നിക്ഷേപം അഞ്ചിരട്ടിയായി വർദ്ധിപ്പിക്കണമെന്നും കാർഷികമേഖലയിൽ രണ്ടിരട്ടിവർദ്ധനവ് മാത്രം മതിയാവുമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ കണക്ക്. ഇതിലൂടെ പത്തു വർഷക്കാലത്തിനുള്ളിൽ ദേശീയ വരുമാനം ഇരട്ടിയാക്കാമെന്ന് അദ്ദേഹം പ്രത്യാശിച്ചു. കേന്ദ്രത്തിൽ ഒരു സാമ്പത്തിക കൗൺസിലും, വികസന കമ്മറ്റിയും സംസ്ഥാനങ്ങളിൽ അവയ്ക്കു സമാന്തരമായ സ്ഥാപനങ്ങളും ഉണ്ടാകണമെന്നും സഹകാര്യ മേഖലയുടെ സജീവമായ സഹകരണം എല്ലാ തലങ്ങളിലും അവശ്യം വേണ്ടതുണ്ടെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു.

1944 - ൽ ഇന്ത്യൻ തൊഴിലാളി ഫെഡറേഷനുവേണ്ടി എം.എൻ റോയിയുടെ നേതൃത്വത്തിൽ പ്രസിദ്ധികരിക്കപ്പെട്ട ജനങ്ങളുടെ പദ്ധതി [People's plan] ആണ് അതുവരെ അവതരിപ്പിക്കപ്പെട്ടതിൽ നിന്നെല്ലാം വ്യത്യസ്തവും ശ്രദ്ധേയവുമായ ആസൂത്രണരേഖ. സോഷ്യലിസത്തിന്റെ ആവശ്യവും അനിവാര്യതയും ആയിരുന്നു. ഈ പദ്ധതി രൂപവത്കരണത്തിന്റെ പ്രേരണ. ദരിദ്രലക്ഷങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് ദേശിയ വരുമാനത്തിന്റെ വർദ്ധനക്കുപരി നീതി പൂർവ്വകമായ വിതരണ സമ്പ്രദായമാണ് ആവശ്യമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

അഗർവാളിന്റെ "ഗാന്ധിയൻ പ്ലാൻ" ആണ് ഈ കാലഘട്ടത്തിൽ പുറത്തു വന്ന ശ്രദ്ധേയമായ മറ്റൊരു ആസൂത്രണരേഖ. ഗ്രാമക്ഷേമത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കല്പങ്ങളും യന്ത്രവത്കരണത്തോടുള്ള കടുത്ത എതിർപ്പുമായിരുന്നു പദ്ധ

തിയുടെ അടിസ്ഥാനതത്വങ്ങൾ. ഒരു ദശകത്തിനുള്ളിൽ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റുകയെന്നതായിരുന്നു പദ്ധതിയുടെ പ്രധാനലക്ഷ്യം. ഭൂവുടമാസമ്പ്രദായങ്ങളിൽ വിപ്ലവകരങ്ങളായ മാറ്റങ്ങളും കാർഷികഋണനിവാരണവും കൂടുതൽ ജലസേചനവും ഇതിൽ വിഭാവനം ചെയ്തിരുന്നു.

ജീവിത നിലവാരമുയർത്തുകയും കൂടുതൽ ധന്യവും വൈവിദ്ധ്യ പൂർണ്ണവുമായ ഒരു ജനജീവിതത്തിനുവേണ്ട അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു വികസന പ്രക്രിയയാണ് ഭാരതത്തിന് ആവശ്യമെന്ന് ഭരണകർത്താക്കൾ പൊതുവെ അംഗീകരിക്കുകയും മുകളിൽ രേഖപ്പെടുത്തിയ പദ്ധതിചിന്തകളുടെ ഘടകങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉള്ള പദ്ധതി ആസൂത്രണങ്ങളാണ് പില്ക്കാലത്ത് ഭാരതത്തിൽ നിലവിൽ വന്നതെങ്കിലും വമ്പിച്ച വികസന സാദ്ധ്യതകൾക്കൊന്നപോലെ തന്നെ പരാധീനതകൾക്കും പഴുതുള്ളതായിരുന്നു പദ്ധതി ആസൂത്രണത്തിന്റെ നിർവഹണശൈലി. അഞ്ചുപതിറ്റാണ്ടുകൾക്കുള്ളിൽ ഗവൺമെന്റുകൾ പലതു മാറിമാറിവന്നെങ്കിലും ആസൂത്രണ വിഷയത്തിലെ യാഥാസ്ഥിതികത്വം ഒഴിയാബാധപോലെ തുടർന്നു.

ഈ ഭൂമികയിൽ നിന്നുകൊണ്ടാണ് പദ്ധതി ആസൂത്രണത്തിന്റെ ജനകീയവത്കരണമെന്ന ആശയവുമായി 1996ൽ ഇടതുമുന്നണി ഗവൺമെന്റ് രംഗത്തുവന്നത്. ഡൽഹിയിലെ പ്ലാനിംഗ് കമ്മീഷനിലും തിരുവനന്തപുരത്തെ പ്ലാനിംഗ് ബോർഡിൽ നിന്നും മേലേന്ന് കീഴോട്ട് പദ്ധതികൾ അടിച്ചേൽപ്പിക്കുന്ന പഴയ ശൈലി കൈവിട്ട് ജനങ്ങൾ മുന്നോട്ട് വന്ന് തങ്ങൾക്ക് എന്താവശ്യമെന്നു പറയുകയും തദനുസൃതം പദ്ധതി രൂപവത്കരണം നിർവ്വഹിക്കുകയുമാണ് ജനകീയ ആസൂത്രണമെന്ന് നഗരങ്ങളിലും ഗ്രാമങ്ങളിലും വസിക്കുന്ന സമസ്തജനങ്ങൾക്കും ബോധ്യമായിക്കഴിഞ്ഞിരിക്കുന്നു. മാമൂൽധാരണകളെ അട്ടിമറിച്ചുകൊണ്ട് ആസൂത്രണചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതിച്ചേർക്കുകയാണ് ഇന്ന് കേരളീയർ.

പിന്നിട്ട എട്ട് പദ്ധതികളിലൂടെ ഒട്ടേറെ നേട്ടങ്ങൾ നാം കൈവരിച്ചിട്ടുണ്ട് എന്നാൽ ഈ നേട്ടങ്ങളുടെ ഉപോല്പ്പന്നങ്ങളായിത്തന്നെ ഉരുത്തിരിഞ്ഞു വന്ന നിരവധി വെല്ലുവിളികളും ഇന്നു നമ്മുടെ മുന്നിലുണ്ട്. പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, തുടങ്ങി വികസനത്തിന്റെ വിവിധ മുഖങ്ങളിൽ നാം ആർജ്ജിച്ച നേട്ടങ്ങൾ ലോക രാഷ്ട്രങ്ങൾക്കു തന്നെ മാതൃകയാണ് എന്ന വസ്തുത എടുത്തുപറയേണ്ടതുണ്ട്. രാജ്യം കൈവരിച്ച വികസനം സന്തുലിതമല്ല എന്നതുതന്നെയാണ് തുറുകണ്ണുകളുമായി നമ്മുടെ കൺമുന്നിലുള്ള വെല്ലുവിളികളിൽ ഒന്നാം സ്ഥാനത്തുനില്ക്കുന്നത്. ഉള്ള വിഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ ബോധപൂർവ്വം സൃഷ്ടിച്ച അസന്തുലിതത്വമാണ് ഈ അവസ്ഥയുടെ ശില്പി എന്നു പറഞ്ഞാൽ തൊറ്റാവുകയില്ല. പ്രകൃതിയുടെ കാണാമറയങ്ങളിൽ ഇന്നും ഒളിഞ്ഞിരിക്കുന്ന വിഭവസഞ്ചയങ്ങൾ ഇനിയും കണ്ടെത്താനാകാതെ ശേഷിക്കുന്നു എന്നതത്രെ മറ്റൊരു വെല്ലുവിളി. മനുഷ്യാർജ്ജവമെന്ന വിഭവസാഗരത്താൽ സമ്പന്നമായിട്ടും ആ വിഭവസാധ്യതയുടെ ചൂഷണം പരമാവധി നിർവഹിക്കുന്നതായിരുന്നില്ല ഇന്ത്യൻ പദ്ധതികളൊന്നും. അക്കാരണത്താൽ തന്നെ ആ സമുദ്രമൊരു പ്രളയാർദ്രിയായി ഭാരതത്തെ ഗ്രസിക്കാനെത്തുന്ന ഒരവസ്ഥ സംജ്ഞാതമാക്കുവാനേ നമുക്കു കഴിഞ്ഞുള്ളൂ.

ഈ പ്രശ്നങ്ങൾക്കൊരു പരിഹാരവിധിയായാണ് പദ്ധതി ആസൂത്രണത്തിന്റെ ജനകീയ വത്കരണമെന്ന ആശയം ഉരുവം കൊണ്ടത്. ലോകചരിത്രത്തിലാദ്യമായിത്തന്നെ ജനകീയാടിത്തറയിലൂന്നിനിന്നുകൊണ്ട് പദ്ധതി ആസൂത്രണത്തിനൊരുമ്പെടുന്ന ഭരണയന്ത്രം എന്ന ഖ്യാതി ഇന്ന് അധികാരത്തിലിരിക്കുന്ന കേരള സർക്കാരിനവകാശപ്പെട്ടതാണ്. കാസർഗോഡുമുതൽ കളിയിക്കാവിള വരെ കേരളത്തിലെവിടെയുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗ്രാമനഗരജനതകളുമെന്നപോ

ലെ മംഗലപുരം പഞ്ചായത്തും ഈ ഒരു സംഘടിതയജ്ഞത്തിൽ നിറമനസ്സോടെ അണിചേരുകയായിരുന്നു. ഈ അണിചേരലിന് അതിന്റേതായ ഫലസദ്ധികൈവന്നു എന്നതും നമുക്ക് അഭിമാനപൂർവ്വം രേഖപ്പെടുത്താം.

1996 സെപ്തംബർ 21ാംതീയതി തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകത്തിൽ സംഘടിപ്പിച്ച പ്രഥമഘട്ട ശില്പശാലയോടെയാണ് ഗ്രാമപ്പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രക്രിയകൾക്കു തുടക്കും കുറിച്ചത്. തുടർന്നു നടന്ന പതിമൂന്ന് ഗ്രാമസഭകളും ഗ്രാമജനതയുടെ സജീവസാന്നിദ്ധ്യം കൊണ്ട് സമ്പന്നമായിരുന്നു. മുന്നൂറിൽ കുറച്ചാളുകൾ പങ്കെടുത്ത ഒരു ഗ്രാമസഭയുമില്ല, സ്ത്രീകൾ, പുരുഷൻമാർ, തൊഴിലാളികൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ സമൂഹത്തിന്റെ നാനാമേഖലകളിലുളളവരായി ആബാലവൃദ്ധം ജനങ്ങളും ഗ്രാമസഭകളിൽ സന്നിഹിതരായിരുന്നു. ഗ്രാമജീവിതത്തിന്റെ ഒരു സാക്ഷാൽ പിരച്ഛേദമായിരുന്നു ഗ്രാമസഭകൾ എന്നു പറയാം, ഗ്രാമസഭാസംഘാടനത്തിന്റെ ഈ ദൃശ്യവിജയത്തിന് ഗ്രാമവാസികളിൽ നിന്നുതെരഞ്ഞെടുക്കുപ്പെട്ട സന്നദ്ധസംഘങ്ങളുടെ വിളംബര ജാഥകളും വൃന്ദവാദ്യഘോഷയാത്രകളും ഗ്രാമജ്യോതികളും വഹിച്ചപങ്ക് ഒട്ടൊന്നുമായിരുന്നില്ല. ഉദ്യോഗസ്ഥ വിഭാഗത്തിന്റെ സാന്നിദ്ധ്യം കൂടുതൽ പ്രകടമാക്കിക്കൊണ്ട് നവംബർ 11ന് സംഘടിപ്പിക്കപ്പെട്ട രണ്ടാംഘട്ട ശീല്പശാലയും വമ്പിച്ച വിജയമായിരുന്നു.



പൊതുവിവരണം

കേരളതലസ്ഥാനമായ തിരുവനന്തപുരം നഗരത്തിൽ നിന്നും നാഷനൽഹൈവേയിലൂടെ വടക്കോട്ട് 22 കീലോമിറ്ററും വ്യവസായ നഗരമായ കൊല്ലം പട്ടണത്തിൽ നിന്നും ഹൈവേയിലൂടെ തെക്കോട്ട് 48 കീലോമീറ്ററും സഞ്ചരിച്ചാൽ മംഗലപുരം ഗ്രാമപഞ്ചായത്തിലെത്താം. പാട്ടം, പുന്നയ്ക്കുന്നം കരകൾ ചേർന്ന മേൽതേന്നയ്ക്കൽ വില്ലേജും, വെയിലൂർ വില്ലേജും ഉൾപ്പെട്ട ഈ പഞ്ചായത്ത് കഠിനംകുളം കായലിനു കിഴക്കും , കണ്ടുകൃഷിത്തോടിനുപടിഞ്ഞിറും, കോരാണി ചിറയിൻകീഴ് റോഡിനു തെക്കും, പളളിപ്പുറം സി.ആർ.പി. ക്യാമ്പിനും വടക്കുമായാണ് സ്ഥിതിചെയ്യുന്നത്. 21.66 സ്കയർ കീലോമീറ്ററാണ് പഞ്ചായത്തിന്റെ വിസ്തീർണ്ണം . 1991ലെ സെൻസ്സ് റിപ്പോർട്ടനുസരിച്ചുള്ള ജനസംഖ്യ വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

ജനസംഖ്യ

	വിസ്തീർണ്ണം sq. km	ജനസംഖ്യ	ജനസാന്ദ്രത
മംഗലപുരം	21.66	32919	1520
തിരുവനന്തപുരം	21.92	2947000	1344
കേരളം	388.63	29099000	749

ജനസംഖ്യയുടെ വിവരണം

ആകെ ജനസംഖ്യ	-	32919
പുരുഷൻ	-	15842
സ്ത്രീ	-	17077
SC	-	4433
SC പുരുഷൻ	-	2988
സ്ത്രീ	-	3168
ST	-	3
ST പുരുഷൻ	-	1
ST സ്ത്രീ	-	2

സാക്ഷരത

ആകെ ജനസംഖ്യ	-	32919	75.52 %
പുരഷന്മാർ	-	12581	50.60 %
സ്ത്രീകൾ	-	12281	49.40 %

കുഞ്ഞുങ്ങളുടെ എണ്ണം

06 വയസ്സുള്ള കുട്ടികൾ	-	4433	13.46 %
ആൺകുട്ടികൾ	-	2253	50.80 %
പെൺകുട്ടികൾ	-	2180	49.20 %

പതിമൂന്ന് വാർഡുകളിലായി 32,919 പേർ ഇവിടെ വസിക്കുന്നു ഇവരിൽ 15842 പേർ പുരഷൻമാരും 17077 പേർ സ്ത്രീകളുമാണ്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന പൊതുപ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

സംസ്ഥാനസർക്കാർ ഉടമയിലുള്ളവ

1 മംഗലപുരം പഞ്ചായത്ത് ഓഫീസ്
2 ആശാൻ സ്മാരകം തോന്നയ്ക്കൽ
3 മംഗലപുരം പോലീസ്സ്റ്റേഷൻ
4 മംഗലപുരം പ്രൈമറി ഹെൽത്ത് സെന്റർ
5 ആയുർവേദ ഡിസ്പെൻസറി മുരുക്കുംപുഴ
6 ഹോമിയോ ഡിസ്പെൻസറി മുരുക്കുംപുഴ
7 മൃഗാശുപത്രി മുരുക്കുംപുഴ
8 മൃഗാശുപത്രി, വേങ്ങോട്
9 ഐ.സി.ഡിഎസ് ബ ്സെന്റർ മുരുക്കുംപുഴ
10 സബ് രജിസ്ട്രാർ ഓഫീസ് മുരുക്കുംപുഴ
11 വില്ലേജ് ഓഫീസ് വെയിലൂർ
12 വില്ലേജ് ഓഫീസ് മേൽതോന്നയ്ക്കൽ
13 വി.ഇ..ഒ. ഓഫീസ് മംഗലപുരം
14 വി.ഇ.ഒ. ഓഫീസ് ചെമ്പകമംഗലം
15 ഗവ: ഹൈസ്ക്കൂൾ തോന്നയ്ക്കൽ
16 ഗവ: യു.പി. സ്കൂൾ തോന്നയ്ക്കൽ
17 യു.പി. സ്കൂൾ ഇടവിളാകം
18 എൽ.പി. സ്കൂൾ പാട്ടം
19 എൽ.പി. സ്കൂൾ കോരാണി
20 എൽ.പി. സ്കൂൾ കൈലാത്തുകോണം
21 എൽ.പി. സ്കൂൾ മംഗലപുരം
22 എൽ.പി. സ്കൂൾ മുരുക്കുംപുഴ
23 കാൻസർ ഗവേഷണ പഠനകേന്ദ്രം മംഗലപുരം

കേന്ദ്രസർക്കാർ ഉടമയിലുള്ളവ

1. റയിൽവേ സ്റ്റേഷൻ മുരുക്കുംപുഴ
2. പോസ്റ്റ് ഓഫീസ് മുരുക്കുംപുഴ
3. പോസ്റ്റ് ഓഫീസ് തോന്നയ്ക്കൽ
4. പോസ്റ്റ് ഓഫീസ് കുടവൂർ

വാണിജ്യ ബാങ്കുകൾ

1 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മംഗലപുരം
2 കാത്തലിക് സിറിയൻ ബാങ്ക്, മുരുക്കുംപുഴ

സഹകരണ സ്ഥാപനങ്ങൾ

1 സർവീസ് സഹകരണ ബാങ്ക്, മുരുക്കുംപുഴ
2 സർവീസ് സഹകരണ ബാങ്ക്, തോന്നയ്ക്കൽ
3 അഗ്രികൾച്ചറൽ ക്രെഡ്റ്റ് സൊസൈറ്റി, കുടവൂർ
4 അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി, H.W. 21 തോന്നയ്ക്കൽ
5 കയർ സൊസൈറ്റി, കോട്ടറക്കരി
6 ഈറ വ്യവസായ സഹകരണ സംഘം ശാസ്താവട്ടം
7 ഈറ വ്യവസായ സഹകരണ സംഘം, മംഗലപുരം
8 വനിതാക്ഷേമ സഹകരണസംഘം, ചെമ്പകമംഗലം
9 ക്ഷീര സഹകരണ സംഘം, ചെമ്പകമംഗലം
10 കൈത്തറി സഹകരണസംഘം, കൈലാത്തുകോണം

11 ക്ഷീരവികസന സഹകരണസംഘം,
പാട്ടത്തിൻകര

സ്വകാര്യമേഖലയിലുളവ

1. സെയ്ന്റ് അഗസ്റ്റിസ് ഹൈസ്കൂൾ, മുരുക്കുംപുഴ
2. ബ്ലൂമൗണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂൾ തോന്നയ്ക്കൽ
3. അവർ ലേഡി ഒഫ് മെഴ്സി സ്കൂൾ, മുരുക്കുംപുഴ
4. ഹോളിക്രോസ് ഹോസ്പിറ്റൽ, മുരുക്കുംപുഴ
5. ഗായത്രി ക്ലീനിക്, മുരുക്കുംപുഴ
6. സുബി നഴ്സിംഗ് ഹോം, മുരുംക്കുംപുഴ
7. കവിത ഹോസ്പിറ്റൽ, മംഗലപുരം
8. എസ്. എം ഹോസ്പിറ്റൽ, മംഗലപുരം
9. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, വേങ്ങോട്
10. ശ്രീനാരായണ ഹോസ്പിറ്റൽ, ചെമ്പകമംഗലം



മുരുക്കുംപുഴ പള്ളി

ഇടയാവണം ശ്രീ ഭഗവതി ക്ഷേത്രം

മുരുക്കുംപുഴ പള്ളി

ചരിത്ര പശ്ചാത്തലം

സംസ്കാരങ്ങളുടെ സംഗമസ്ഥാനമാണ് കേരളം. ഫിനീഷ്യരും ചീനരും, അറബികളും, റോമാക്കാരും ആദിമ ദ്ധ്യകാലങ്ങളിൽ ഈ രാജ്യത്തേക്ക് ആകർഷിക്കപ്പെട്ടവരാ ണ്. കടലും മലയും താണ്ടി സാർത്ഥവാഹസംഘങ്ങളായി പില്ക്കാലത്ത് കേരളത്തിൽ വന്നുംചേർന്നവരാണ് പറങ്കികളും ലന്തക്കാരും ഇംഗ്ലിഷ്കാരും ക്രിസ്തുവിന്റെ ദാസന്മാരും മുഹമ്മദിന്റെ അനുയായികളും ഇവിടെ താവളങ്ങൾ തീർത്തു തദ്ദേശവാസികളുമായി അവർ വ്യാപരാവാണിജ്യ ബന്ധങ്ങളിലേർപ്പെട്ടും ഒരു പടി കൂടി കടന്ന് മലനാടുമങ്കമാരെ പരിണയിച്ചും പരദേശികൾ ഈ മണ്ണിൽ വേരുകൾ ആഴ്ത്താൻ ശ്രമിച്ചു. ആദാന പ്രദാനങ്ങളിലൂടെ അവർ സാംസ്കാരികവും മതപരവുമായ പരിവർത്തനങ്ങൾക്കു പാതയൊരുക്കി. അദ്വൈതചിന്തയും അഷ്ടമാർഗ്ഗങ്ങളും മനസ്സിൽ കൂട്ടിവച്ച തദ്ദേശീയർ പരദേശികളുടെ മതപരമായ തത്വചിന്തകളെ സഹിഷ്ണുതയോടെ സ്വാഗതം ചെയ്തു. കാലമേറെ ക്കഴിഞ്ഞിട്ടും പുരോഗമന വീക്ഷണങ്ങളോടുള്ള ആഭിമുഖ്യവും പ്രബുദ്ധസംസ്കാരങ്ങളെ ആവഹിക്കാനുള്ള അഭിനിവേശവും കേരളീയരുടെ മനസ്സിൽ മങ്ങിപ്പോയില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കാറൽ മാർക്സിന്റെ കമ്മ്യൂണിസ്റ്റ് തത്വസംഹിതയെ വാരിപ്പുണർന്ന കേരളം പില്ക്കാലങ്ങളിൽ ഐക്യമുന്നണി പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായിത്തീർന്നുവെങ്കിലും എന്നും തനതായ വ്യക്തിത്വം പുലർത്തിപ്പോന്നു.

മലയാളനാടിന്റെ, മുകളിൽ രേഖപ്പെടുത്തിയ വിവരണമത്രയും തന്നെ മംഗലപുരം ഗ്രാമത്തെക്കുറിച്ചും പറയാം. ഹിന്ദുമുസ്ലിം ക്രിസ്തീയകുടുംബങ്ങൾ തിങ്ങിപ്പാർത്തിരുന്നു വെങ്കിലും തികച്ചും സൗഹൃദപൂർണമായ ഒരന്തരീക്ഷമായിരുന്നു അന്ന് നാടെങ്ങും. കാർഷികവും വ്യാവസായികവും തൊഴിൽ പരവുമായ ബന്ധങ്ങളിൽ പുലർന്നിരുന്ന സമാധാനം ആ കാലഘട്ടത്തിന്റേതായ സവിശേഷതയായിരുന്നു. അന്നു വെയിലൂർ തോന്നയ്ക്കൽ ഗ്രമങ്ങളിലധിവസിച്ചു പോന്ന ജനങ്ങളുടെ സ്നേഹവിശ്വാസങ്ങളുടെ പ്രതീകമായിരുന്നു ഇന്നും നാശോന്മുഖമാകാതെ നിലനിൽക്കുന്ന മുല്ല ശ്ശേരി ശ്രീകൃഷ്ണക്ഷേത്രം, കോഴിമട ശ്രീധർമ്മശാസ്ത ക്ഷേത്രം ഇടയാവണം ശ്രീഭഗവതിക്ഷേത്രം, ഇരട്ടകുളങ്ങര ശ്രീഭഗവതി ക്ഷേത്രം, മുരുക്കുംപുഴ ക്രിസ്ത്യൻപള്ളി, കുറക്കോട് മുസ്ലീം പള്ളി തുടങ്ങിയ ദേവാലയങ്ങൾ.

നാട്ടറിവിന്റെ ചുവടു പിടിച്ച് മംഗലപുരത്തിന്റെ പുരാണം തേടിയെത്തുന്ന അന്വേഷകന്മുല്ലമംഗലം എന്ന തറവാട്ടുപേരുവരെയാണ് ചെന്നെത്തുവനാകുന്നത്. കാർഷികോൽപന്നങ്ങളുടെ ആയവ്യയങ്ങൾക്ക് പ്രാമാണികനായ ഇന്മി മുൻകൈയെടുത്തു സ്ഥാപിച്ച കമ്പോളമായിരുന്നു നാടിന് നാഗരികതയുടെ ചായ ആദ്യമായി പകർന്നു കൊടുത്തത്.

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിലെ അഗ്നിസ്ഫുലിംഗങ്ങളായ കുമാരനാശാനും, അയ്യങ്കാളിയും, സി.വി. രാമൻപിള്ളയും തങ്ങളുടെ കർമ്മവേദികളായി കണ്ടെത്തിയത് ഈ ഒരു നാട് തന്നെയായിരുന്നു എന്നത് അത്ഭുതകരമായ ഒരു യാദൃച്ഛികമായിരുന്നുവെങ്കിലും അഭിമാനാർഹമായ ഒരു യാഥാർത്ഥ്യമാണ്. അധികാരത്തിന്റെ അധിത്യകക

ളിൽ നിന്ന് പീഡാനുഭവങ്ങൾ ഏറ്റുവാങ്ങിയവരും കാലസന്ധികളിൽ ചരിത്രത്തിന്റെ നിയോഗമുൾക്കൊണ്ട് ഉണർന്നെണീറ്റവരുമായ അധ:സ്ഥിത ജനങ്ങൾക്ക് മാർഗ്ഗദീപങ്ങളായിരുന്നല്ലോ മൂവരും. ശ്രീനാരായണധർമ്മപരിപാലനയോഗത്തിന്റെയും പുലയർമഹാസഭയുടെയും സ്ഥാപനത്തിലൂടെ സാമൂഹ്യമായ അനാചാരങ്ങൾക്കും സ്ഥിതിസമത്വ നിഷേധങ്ങൾക്കുമെതിരെ സ്വന്തം ജനവിഭാഗങ്ങളെ സമരസജ്ജരാക്കി വെളിയന്തി പാറിച്ച ആശാനും അയ്യങ്കാളിയുമെങ്കിൽ ഇന്നത്തെ എൻ.എസ്സ്.എസ്സി ന്റെ ആദിരൂപമായ മലയാളി സഭയിലൂടെ ബ്രാഹ്മണ്യത്തിന്റെ ചൂഷണത്തിൽ നിന്ന് നായർ ജനതയെ മോചനത്തിന്റെ പടവുകളിലേയ്ക്ക് കൈപിടിച്ചുയർത്തുകയായിരുന്നു. സി.വി. പിച്ചിക്കുന്നിന്റെ താഴ്വാരങ്ങളിൽ മാരണം കുന്നിനും ഝില്ലിടിത്തോപ്പിനും നടുവിൽ ഇന്നും "ഝില്ലിഝീംകാരനാദമംണ്ധിതമായിത്തന്നെ നിലകൊള്ളുന്ന വെങ്കുളം തോപ്പിലെ സി.വി. ഭവനം കാലത്തിന്റെ കടന്നാക്രമണത്തിൽ തകർന്നുവീണുപോയിയെങ്കിലും തോന്നയ്ക്കലിലെ ആശാൻ ഭവനം അതേപടി സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

മംഗലപുരത്തിന്റെ ചരിത്രത്തിൽ നവോത്ഥാനകാലഘട്ടത്തിലെ അവിസ്മരണീയ മുഹൂർത്തമാണ് മൂരുക്കും പുഴ ശ്രീ കാള കണ്ഠേശ്വര ക്ഷേത്രത്തിൽ ശ്രീ നാരായണ ഗുരു സ്വാമികൾ നടത്തിയ പ്രഭാ പ്രതിഷ്ഠ കുമാര കവിയുടെ സാന്നിദ്ധ്യം പ്രാദേശിക തലത്തിൽ അധിക ചൈതന്യം പകർന്നിരുന്നു നവോത്ഥാനപ്രസ്ഥാനത്തിന് എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ഈ കാലഘട്ടത്തിൽ തന്നെ രൂപം കൊണ്ടതായിരുന്നു മൂരുക്കുംപുഴയിൽ സ്ഥാപിതമായ എസ്സെൻ വി ഗ്രന്ഥാലയം. കുമാരനാശാൻ മുൻകൈയെടുത്തു സ്ഥാപിച്ച ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയവും മുൻപിനാലെ തന്നെ ഉണ്ടായിരുന്ന മണിയൻ വിളാകം പ്രാഥമിക വിദ്യാലയവും നാടിന്റെ വികാസ പരിണാമങ്ങളിൽ വഹിച്ച പങ്ക് വളരെ വലുതാണ്.

സ്വാതന്ത്ര്യ സമരത്തിന്റെ അലയൊലികൾ വൈകിമാത്രമെത്തിച്ചേർന്ന ഒരു നാട്ടുരാജ്യമായിരുന്നു, അന്ന് ഇന്നത്തെ കേരളത്തിൽ ഉൾപ്പെട്ട തിരുവുതാംകൂർ. ദേശീയ പ്രസ്ഥാനമായ ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ ശബ്ദം ഗ്രാമത്തിലെത്തിച്ചത് ത്യാഗഭരിതജീവിതത്തിനുടമകളായിരുന്ന ആന്നൂർ ദാസും എം എ ഖാനും ആയിരുന്നു. ഇതിനു നിദാനമായത് ഇരുവരുടെയും വൈദേശിക പരിചയവും ആയിരുന്നു.

സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ ഇടിമുഴക്കങ്ങളുമായി ഗ്രാമത്തിൽ ആദ്യമെത്തിയത് കാട്ടായിക്കോണം ശ്രീധരനായിരുന്നു. തൊട്ടു പിന്നിലെ എത്തി കാട്ടായിക്കോണം സദാനന്ദനും. ഇന്നും വയോധികരായ തൊഴിലാളികളുടെ ചോരപ്പാടു വീണ ഓർമ്മകൾക്ക് ശബ്ദം വയ്ക്കുമ്പോൾ വികാരവൈവശ്യത്തിന്റെ വേപഥു കാണാൻ നമുക്കാകുന്നു.

1957 ലെ ഭൂപരിഷ്കരണനിയമം കൃഷിഭൂമി കർഷകന് എന്ന ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നില്ലെങ്കിലുംകുടികിടപ്പുകാരന് ചെറ്റകുടിലും അഞ്ചു സെന്റും സ്വന്തമാക്കാൻ ഈ നിയമം സഹായകമായി. ദേഹണ്ണ ഭൂമിയിൽ നിന്ന് ഏതു നിമിഷവും കുടി ഒഴുപ്പിക്കപ്പെടുമെന്ന അനിശ്ചിതത്വത്തിൽ നിന്ന് അല്പമാത്രമായെങ്കിലും ഒരു മോചനം എന്നു തന്നെ ഈ അവകാശസംരക്ഷണ നിയമത്തെ വിശേഷിപ്പിക്കാം. നമ്മുടെ കാർഷിക നിഘണ്ടുവിൽ നിന്ന് പാട്ടവും പാതിവാരവുമെല്ലാം അപ്രത്യക്ഷമാകുന്നതും ഈ കാലയളവിലാണ്. ഇറയിലിപ്പാടങ്ങളധികവും കർഷകർക്കു സ്വന്തമായി. എസ്റ്റേറ്റ് പരിധിക്കുള്ളിൽ തന്ത്രപൂർവ്വം തങ്ങളുടെ അധിക ഭൂമികളെ ഭദ്രമാക്കാൻ കഴിയാതെ പോയ ജന്മിമാരുടെ മിച്ചഭൂമികൾ സാധുജനങ്ങൾക്ക് കിടപ്പാടമായി.

കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും പാരമ്പര്യ വ്യവസായമായ കള്ളുവ്യാപാരങ്ങൾക്കും പുറമെ മംഗലപുരം പഞ്ചായത്തിൽ കശുവണ്ടി സംസ്കരണത്തിന് ഒരു ഫാക്ടറിയും അര നൂറ്റാണ്ടു മുമ്പ് ഉണ്ടായിരുന്നു.

1961 ൽ ആണ് മംഗലപുരം പഞ്ചായത്ത് നിലവിൽ വന്നത്. ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ അധികാരമേറ്റ ഭരണസമിതിയുടെ പ്രസിഡെന്റായി ചാർജ്ജെടുത്തത് ഒരു ഹരിജനായ ബാലകൃഷ്ണനായിരുന്നു നിയമപരിരക്ഷയിലൂടെ അല്ലാതെയാണ് ഈ തെരെഞ്ഞടുപ്പ് എന്നതിൽ നിന്ന് ആ കാലത്ത് പുലർന്നിരുന്ന ദേശീയവീക്ഷണവും സ്ഥിതിസമത്വ ധാരണകളും ഇന്നത്തേതിലും എത്രയേറെ ഉയർന്നതായിരുന്നു എന്ന് നമുക്ക് കാണാം. തുടർന്നുള്ള കാലയളവുകളിൽ പഞ്ചായത്തുഭരണസമിതിയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്നവർ തലമുക്കിൽ കേശവപിള്ള. പത്മനാഭപിള്ള, റ്റി.കെ. ചന്ദ്രശേഖരൻ നായർ, എൻ. രഘുനാഥൻ, കെ. എസ്. ഉമ്മർ, വാൾട്ടർ ഡി, പോൾ, വൈ. നഹാസ് എന്നിവരാണ്.

മഹാകവി കുമാരനാശാൻ താമസിച്ചിരുന്ന
മണ്ണക്കുടിൽ

ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ ഗ്രാമങ്ങളെ നാലായി തരം തിരിക്കാം.

ഒന്ന്		ഉയർന്ന സമതലം
രണ്ട്	:	ചരിവ് പ്രദേശങ്ങൾ
മൂന്ന്	:	താഴ്വരകൾ
നാല്	:	തീരസമതലം

ഉയർന്ന സമതലം

മൊത്തം വിസ്തൃതിയിൽ എകദേശം പത്ത് ശതമാനം വരുന്നതാണ് ഇത്. ആലപ്പുറം കുന്ന്, വട്ടത്തറക്കുന്ന്, മാരണം കുന്ന്, പോളച്ചിറ കിഴക്കേക്കുന്ന്, മുല്ലശ്ശേരിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളാണ് പഞ്ചയത്തിലെ ഉയർന്നസമതലങ്ങൾ. താരതമ്യേന കൃഷിക്ക് പറ്റിയ പ്രദേശമല്ല ഇത്.ഇലലഭ്യത ഈ പ്രദേശങ്ങളിൽ കുറഞ്ഞു കാണുന്നു. മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങളോടൊപ്പം മരച്ചീനിക്കൃഷിയും ഇവിടെ കണ്ടുവരുന്നു.

ചരിവ് പ്രദേശങ്ങൾ

എകദേശം 2i ശതമാനം ചരിവ് പ്രദേശങ്ങളാണ് ഇവിടെയുളളത്. മുല്ലമംഗലം, ചെമ്പകമംഗലം, കോരാണി, വേങ്ങോട്, മുരിങ്ങമൺ, തോന്നയ്ക്കൽ തുടങ്ങിയവയാണ് ചരിവ് പ്രദേശങ്ങൾ. തോട്ടവിളകളും ഫലവൃക്ഷങ്ങളും ഇവിടങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്.

താഴ്വരകൾ

ഊളങ്കാവുവട്ടം, കൈലാത്തുകോണം, ശാസ്തവട്ടം, വെയിലൂർ, മുണ്ടയ്ക്കൽ തുടങ്ങിയ പ്രദേശങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു. മഴവെളളം ശേഖരിക്കപ്പെന്ന ഭൂവിഭാഗമായതിനാൽ ഫലഭൂയിഷ്ടമായ മണ്ണുകൊണ്ട് അനുഗൃഹീതമാണ് താഴ്വരകൾ.നെൽകൃഷിക്ക് പറ്റിയ മണ്ണാണ് ഇവിടെയുളളത്.മഴവെളളത്തിലൂടെ ഒഴുകിവരുന്ന എക്കലാണ് ഇവിടത്തെ മണ്ണിനെ ഫലഭൂയിഷ്ഠമാക്കുന്നത്.മഴവെളളം ശേഖരിക്കപ്പെടുന്ന ഭൂവിഭാഗമാണിത്.

തീരസമതലം

ഗ്രാമ വിസ്തൃതിയിൽ തീരെ കുറവല്ല ഈ ഭൂവിഭാഗം. സ്ഥിരമായി നീർക്കെട്ടുള്ള ഭാഗമാണിത്; ഭൂമിശാസ്ത്രപരമായി വളരെ പ്രാധാന്യമുള്ള ഭൂവിഭാഗവുമാണ്. കേരകൃഷിക്കും നെൽ കൃഷിക്കും ഏറ്റവും അനുയോജ്യം.

മൺതരങ്ങൾ

പ്രധാനമായും നാലതരം മണ്ണുകളാണവടെയുള്ളത്. ചരൽ കലർന്ന മണ്ണ്, ചെമ്മണ്ണ്, പശിമരശി മണ്ണ്, മണൽ ഇവയാണ് നാലിനങ്ങൾ. എല്ലാ മൺതരങ്ങളും നീർവാർച്ചയുള്ളതും ഫലപുഷ്ടിയുള്ളതുമാണ്.

ജലം

തുലാവർഷം, ഇടവപ്പാതി ജലം കാലവർഷങ്ങൾ തന്നെയാണ് ഇവിടെ ലഭിക്കുന്ന ജലവിഭങ്ങൾക്ക് മുഖ്യാവലംബം മുൻകാലങ്ങളിലേതുമായി തട്ടിച്ചുനോക്കുമ്പോൾ കാലവർഷത്തിന്റെ അളവ് ഇന്ന് തുലോം തുച്ഛമാണ്. കാടുകൾ തെളിച്ചും മരങ്ങൾ മുറിച്ചു നീക്കം ചെയ്തും പ്രകൃതിയുടെ ആദിതാളങ്ങൾ നാം തന്നെ തകർത്തുകളഞ്ഞതാവാം ഒരു പക്ഷേ ഈ പ്രകൃതികോപത്തിനു കാരണം.

ജലത്തിനു നാം ആശ്രയിക്കുന്ന ഇതര സ്രോതസ്സുകൾ തോടുകൾ, ഉറവകൾ, കുളങ്ങൾ കിണറുകൾ ഇവയാണ് എന്നാൽ ഈ സ്രോതസ്സുകളെ സമൂഹത്തിന്റെ സുഖപരിപാലനർത്ഥം സംരക്ഷിച്ചു നിലനിർത്തുക. കൃഷിയുടെ പേരു പറഞ്ഞുനികത്തി ആർക്കും ഒന്നിനും ഗുണകരമല്ലാത്ത ചതുപ്പുകളാക്കിക്കളയുകയാണ് ആർത്തിപെരുത്ത മനുഷ്യൻ ഇവിടെയും ചെയ്തിരിക്കുന്നത്ന്ന സർക്കാർ തലങ്ങളുടെ ഒത്താശയോടെ കേരളത്തിൽ കുടിയേറിയ അക്കേഷ്യാ മരങ്ങൾക്കരികിലുള്ള ഉറകളും തോടുകളും കിണറുകൾപോലും ജല ദരിദ്രമായിപ്പോയ സംഭവങ്ങൾ ഒട്ടൊന്നുമല്ല മംഗലപുരം ഗ്രാമങ്ങളിൽ റിപ്പോർട്ട ചെയ്യപ്പെട്ടിട്ടുള്ളത്

ഭൂവിനിയോഗം

കാർഷികാവശ്യത്തിന് ഉപയോഗയോഗ്യമല്ലാത്ത ഒരു തുണ്ടു ഭൂമി പോലുമില്ല ഇവിടെ എന്നതാണ് ഈ ഗ്രാമത്തിന്റെ സവിശേഷത. എന്നാൽ ഇപ്പോൾ ജനസാന്ദ്രതയുടെ തോതുയർന്നതിനൊപ്പം ഗൃഹസാന്ദ്രതയേറിയതിനാൽ കാർഷികമായ ആവശ്യങ്ങൾ പൂർവികർ ഉപയോഗിച്ചിരുന്നത്രയും ഭൂമി ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമല്ല (ഭൂവിനിയോഗപ്പട്ടിക അന്യത്ര)

ജൈവസമ്പത്ത്

നമ്മുടെ പഞ്ചായത്തിന് ഇന്ന് കാടുകൾ തീരെയില്ല. അതുകൊണ്ടുതന്നെ പ്രകൃതി കനിഞ്ഞറുളിയ ജൈവസമ്പത്തുക്കളുടെ അളവിൽ കാര്യമായ ചോർച്ച വന്നിട്ടുണ്ട് പോയിട്ടുണ്ട്. കാടുതെളിച്ചിട്ടെങ്കിലും മനുഷ്യർ നട്ടു വളർത്തിയ വൃക്ഷങ്ങളും വിളകളുമാണിപ്പോൾ ഇവിടെ ഉള്ളത്. പറമ്പുകളിൽ നിന്ന് വൻമരങ്ങൾ കടപുഴകിയതോടെ കിളികളേയും അപ്രത്യക്ഷമായി. പൊൻമാനും കുളക്കോഴിയും ഓലഞ്ഞാലിക്കിളികളുമെല്ലാം എന്നേ നമ്മുടെ കൺവെട്ടത്തു നിന്നു പറന്നകന്നുപോയിരിക്കുന്നു ! കീടനാശിനികളും രാസവളങ്ങളും കൊണ്ട് പാടശേഖരങ്ങളിലെ മണ്ണിനെ പോഷിപ്പിച്ചിരുന്ന വിരകളെപ്പോലും കൊന്നൊടുക്കിയതോടെ ദേശാടനപ്പക്ഷികളായ കൊറ്റികളും നത്തയെടുപ്പനുമൊന്നു ഇവിടേയ്ക്കുപറന്നണയാറായി.

ആദികാലങ്ങളിൽ കാടു തെളിച്ച് നാടാക്കിയ നമ്മുടെ പൂർവികർ തുളസിയും തുമ്പയും മൂക്കുറ്റിയുമൊക്കെ ഗൃഹപരിസരങ്ങളിൽ പരിളാലിച്ചുവളർത്താൻ മറന്നുപോയില്ല. ദശപുഷ്പങ്ങൾ എന്നു പേരു വിളിച്ചും മൃതസഞ്ജീവിനികളായ ഈ ദിവ്യൗഷധികളെ തലമുറകളിലേയ്ക്ക് കൈമാറുവാൻ അവർ ശ്രദ്ധിച്ചു. എന്നാൽ വിജ്ഞാനം പടിഞ്ഞാട്ടു ന്നു മാത്രം വരുന്നുയെന്നു ധരിച്ചുവശായ നമ്മൾ ഈ പിതൃസ്വങ്ങളുടെ മൂല്യം മറന്ന് അവയെ വിസ്മരിച്ച് വിഷസസ്യങ്ങളായ അലങ്കാരച്ചെടികളെ ഗൃഷാംങ്കണങ്ങളിലേയ്ക്ക് ആനയിച്ചു. ഈ സ്ഥിതിവിശേഷം നമ്മുടെ ആരോഗ്യശാസ്ത്ര രംഗത്തു സൃഷ്ടിച്ചിട്ടുള്ള അപകടങ്ങൾ കൂടി കണ്ടുകൊണ്ട് നാം ഔഷധികളെ സംരക്ഷിക്കാൻ പുതുയ നയങ്ങൾക്ക് രൂപം നല്കേണ്ടതുണ്ട്.

മനുഷ്യവിഭവം

മനുഷ്യവിഭവശേഷിയാൽ സമ്പന്നമാണ് നമ്മുടെ നാട്. തൊഴിൽപരമായ സാങ്കേതിക വിജ്ഞാനമാർജ്ജിച്ചവ

രേക്കാൾ അല്ലാത്തവരാണ് അധികവും. തൊഴിൽ വൈഭവമുള്ളവരുടെ സേവനം തന്നെയും വിനിയോഗിക്കുവാനുള്ള ആസൂത്രണം നമുക്കിന്നോളമുണ്ടായിട്ടില്ല. അതിനാൽ ജീവിനം തേടി തങ്ങളുടെ ശേഷി വില്ക്കാൻ മറുനാടൻ മാർക്കറ്റുകളെ ആശ്രയിക്കേണ്ടിവന്നു ഇന്നാട്ടിലെ ജനങ്ങളിലൊരു നല്ല പങ്കിന് എന്നത് നാം അടിവരയിട്ട് എഴുതിച്ചേർക്കേണ്ട വസ്തുതയാണ്.

പരിസ്ഥിതി അവലോകനം

അര നൂറ്റാണ്ട് മുൻപ് മംഗലപുരം പഞ്ചായത്തിലെ അതിർത്തിക്കുള്ളിലെ ഭൂമിയുടെ മൂന്നിലൊന്നിലധികവും വനങ്ങളായിരുന്നു. ഈ വനനശീകരണം മുഖ്യമായും ഭൂമിയുടെ ഉർവ്വരതയ്ക്ക് നിദാനമായി. മണ്ണൊലിപ്പിനും ഇത് വഴിവച്ചു. രാസവസ്തുക്കളുടെയും കീടനാശിനികളുടെയും നിയന്ത്രണമില്ലാത്ത വിനിയോഗം വയലേലകളെ സമ്പുഷ്ടമാക്കിയിരുന്നു നത്തയ്ക്ക, തവളകൾ, മാനത്തുകണ്ണികൾ, പരൽമീനുകൾ തുടങ്ങി എത്രയോ ജീവികളുടെ വംശനാശത്തിന് കാരണമായിത്തീരുകയും ചെയ്തു. ജനസാന്ദ്രതാവർദ്ധന മലിനീകരണത്തിന് വഴിവെയ്ക്കുകയും ഈ മലിനീകരണം ഭീഷണമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. നിരത്തുവക്കുകളിൽ സർക്കാർ വച്ചുപിടിപ്പിച്ച അക്കേഷ്യാക്കാടുകൾ കാട്ടുതീയുടെ വേഗത്തിലാണ് ഉൾനാടൻ പറമ്പുകളിലേയ്ക്കും ഗൃഹപരിസരങ്ങളിലേയ്ക്കും പടർന്നുകയറിക്കൊണ്ടിരിക്കുന്നത്. വായുവിൽ പറന്നെത്തുന്ന ഈ മരത്തിന്റെ പരാഗരേണുക്കൾ മാരകരോഗങ്ങൾക്ക് കാരണമാകുന്നതിനെച്ചൊല്ലിയുള്ള വിവാദങ്ങളിലെ യാഥാർത്ഥ്യം എന്തുതന്നെയായാലും ഈ മരങ്ങൾ മണ്ണിനെ ഊഷരമാക്കുന്നു എന്നതിനു തെളിവുകളായി അക്കേഷ്യാ കാടുകൾക്കരികിലുള്ള ഉറവുകൾ വറ്റിപ്പോയ സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നു.

പ്രളയക്കെടുതികൾ പഴയകാല ഓർമ്മകളായി എന്നുപറയുമ്പോൾ നിത്യശ്രീഷ്മത്തിന്റെ ഭീതി നമ്മുടെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യുംവിധം വളർന്നുകൊണ്ടിരിക്കുന്നു. ഇടവപ്പാതിയും തുലാവർഷവും പോലും അപൂർവ്വസംഭവങ്ങളായി. വല്ലപ്പോഴും പെയ്യുന്ന ഒരു മഴയ്ക്കുവേണ്ടി കാത്തിരിക്കുന്ന വേഴാമ്പൽ കണക്കെ ഗ്രാമീണ കർഷകർ നിരാലംബരായിത്തീർന്നിരിക്കുന്നു.

പാണ്ടിക്കാട് വില്ലേജ് ഓഫീസ് പരിധിയിൽ വരുന്ന സ്ഥലങ്ങൾ [ഉൾപ്പെടുന്ന കുന്ന് - കല്ലുവെട്ടി] 9.11.96 ശനിയാഴ്ച

സ്ഥലപ്പേര്	കുന്ന്	പാണ്ടിക്കാട്	കാവുങ്ങൽ	LPS മൊക്കത്തുമ്മൽ മുക്കം	കുന്നുമ്മൽ	ചെമ്പ്രശ്ശേരി	മേലാറ്റൂർ	മൊറയൂർ	കൊണ്ടോട്ടി	കരിപ്പൂർ	കൊണ്ടോട്ടി	മുതുവല്ലൂർ

പഠന പര്യടന റിപ്പോർട്ട് (മോഹനപുരം ഭൂദാന കോളനി മുരുക്കുംപുഴ ഫെറി) 9.11.96 ശനിയാഴ്ച



ഭൂമിയുടെ ഘടന	തിരശ്ചേരം	തിരശ്ചേരം	സമതലം	ചെറിയ ചരിവ്	ചെറിയ ചരിവ്	സമതലം	ചെറിയ ചരിവ്	കുത്തനെ ചരിവ്	ചെറിയ ചരിവ്	കുത്തനെ ചരിവ്	ചെറിയ ചരിവ്	സമതലം	ചെറിയ ചരിവ്
മണ്ണ്	മണൽ കലർന്ന മണ്ണ്	മണൽ കലർന്ന മണ്ണ്	മണൽ കലർന്ന മണ്ണ്	ചെമ്മണ്ണ്	മണൽ കലർന്ന മണ്ണ്	ചെളിമണ്ണ്	കളിമണ്ണ്	ചരൽ കലർന്ന മണ്ണ്	ചേടിയും ചരലും കലർന്ന മണ്ണ്	ചെളിമണ്ണ്	കളിമണ്ണ്	ചരൽ കലർന്ന മണ്ണ്	ചരൽ കലർന്ന മണ്ണ്
സസ്യാവരണം	തെങ്ങ്	തെങ്ങ് ഇടകൃഷി	തെങ്ങ് ഇടകൃഷി	തെങ്ങ് ഇടകൃഷി	തെങ്ങ് വാഴ ഇടകൃഷി	നെൽകൃഷി തെങ്ങ് മരച്ചീനി ഇടകൃഷി	തെങ്ങ് മണ്ണർ മരച്ചീനി	തെങ്ങ് റബ്ബർ ഇടകൃഷി	തെങ്ങ് ഇടകൃഷി പ്ലാവ്, മാവ്	നെൽകൃഷി തെങ്ങ് മരച്ചീനി	തെങ്ങ് പ്ലാവ്, മാവ് ഇടകൃഷി	തെങ്ങ്, മാവ് പ്ലാവ്, വാഴ മഞ്ഞൾ കുരുമുളക് ചേമ്പ്	തെങ്ങ് റബ്ബർ ഇടകൃഷി
ജല സ്രോതസ്	ടൂറിസം വികസന ത്തിന് സാദ്ധ്യത ഏറിയ കായൽ പ്രദേശം	കഠിനംകുളം കായൽ	ഉപയോഗ ശൂന്യമായ കുളം	കിണർ കുളം	ഒരു പൊട്ടക്കുളം ഉണ്ട് വൃത്തിയാക്കി എടുത്താൽ കുഴിക്ക് ഉപയോഗിക്കാം	മുണ്ടുക്കോണംചിറ മുല്ലശ്ശേരി കുളം തെക്കേക്കോണം കുളം വെണ്ടലക്കൽ കോണംകുളം	വാലികോണം ചിറ കണിയാട്ട പൊയ്കക്കുളം ചിറവിളക്കുളം ഊറ്റുകുഴി	പൊതുകിണർ വേനൽക്കാലത്ത് കുടിവെള്ള പ്രശ്നം ഉണ്ട്	ജല സംഭരണി ഉണ്ട് വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ട്	ഇരുകുറ വലിയ കുളം ഇരുട്ടറ കുളത്തിൽ ഇന്നും രണ്ടു തോടുകൾ പാടത്തിൻകര എലായ്മോടാൻ വഴി പോകുന്നു	പൊതുകിണർ ഉപയോഗ ശൂന്യം കുഴൽകിണർ	കുടിവെള്ള ക്ഷാമം ഉണ്ട്	വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ട്
പരിസ്ഥിതി പ്രശ്നങ്ങൾ	കൊതുകു ശല്യം കാറ്റ് വീശ്ച ചോദി മുടുമ്പോൾ കൃഷിനാശം	തെങ്ങിന്റെ ചുവട്ടിൽ മണ്ണിന്റെ കുറവ് മണ്ണൊലിപ്പ് ഉണ്ട് പൊഴിമുടു മ്പോൾ കൃഷി നാശം കൊതുകു ശല്യം	മണ്ണൊലിപ്പ് ഉണ്ട്		പൊഴിമുടു മ്പോൾ കൃഷി നാശം പാടങ്ങൾ നികത്തി തെങ്ങ്, മരച്ചീനി എന്നിവ നടുന്നു	പൊഴിമുടു മ്പോൾ കൃഷിനാശം മുട്ടപ്പായൽ	മണ്ണൊലിപ്പ്	കൃഷിക്ക് അനുയോജ്യ മായ ആറ് ഏക്കർ തരിശുഭൂമി തുണ്ട് കുടിവെള്ള ക്ഷാമം ഉണ്ട്	കൃഷി ചെയ്യുന്നതു മൂലം കുടി വെള്ള പ്രശ്നം ഉണ്ട് പരിസ്ഥിതി ലിനികരണം ഉണ്ട് തരിശുഭൂമി ഉണ്ട്. അഗാധ ഗർത്തങ്ങൾ ഉണ്ട്	നെൽപ്പാടങ്ങൾ നികത്തി തെങ്ങു നാണ്യവിള കൾ ചെയ്യുന്നു.	ക്ലോറൈനേഷ് മൂലം പരി സ്ഥിതി പ്രശ്നം ഉണ്ട്	ക്ലോറൈനേഷ് മൂലം അഗാധ ഗർത്തം ഉണ്ട് കുടിവെള്ള ക്ഷാമം ഉണ്ട്	മണ്ണൊലിപ്പ്
ജനസാന്ദ്രത ഏറിയ പ്രദേശങ്ങൾ	ജനസാന്ദ്രത ഇല്ലാത്ത പ്രദേശം	ജനസാന്ദ്രത കുറവ്	ജനസാന്ദ്രത ഉണ്ട്	ജനസാന്ദ്രത ഉണ്ട്	ജനസാന്ദ്രത ഏറിയ പ്രദേശം		ജനസാന്ദ്രത ഏറിയതാണ്	ജനസാന്ദ്രത ഏറിയതാണ്	ജനസാന്ദ്രത ഏറിയതാണ്		ജനസാന്ദ്രത ഏറിയ പ്രദേശം	ജനസാന്ദ്രത കുറവ്	ജനസാന്ദ്രത കുറവ്
പ്രധാനപ്പെട്ട കേന്ദ്രങ്ങൾ	തൊണ്ട് തല്ല് മിഷ്യൻ ഉണ്ട്	1Ps ഉണ്ട് പഞ്ചായത്ത് സ്റ്റേഡിയം ഉണ്ട്, മത്സ്യ കൃഷിയുണ്ട്		ഹോളിക്രോസ് ഹോസ്പിറ്റൽ നെയ്ത്തു സ്കൂൾ ഗ്രൗണ്ട് പള്ളി	മുണ്ടക്കൽ കാവു കോഴി മടക്ഷേത്രം കോഴിമട പാലം, വാലി കോണം വെയിലൂർ തോടു കൾ കഠിനകു ളം കായലിൽ കോഴിമട വഴി ചേരുന്നു	മുല്ലശ്ശേരി ക്ഷേത്രം ചേരയ്ക്കു മുട്ടിൽ കാവ്	വാലികോണം ക്ഷേത്രം പാറയിൽ 15 സെന്റ് പുര യിടം പുറ മ്പോക്കായി ഉണ്ട്	കുമരനാ ശാൻ സ്മാര കം ഉണ്ട് A.J കോളേജ് ACCS. HW21 Society ഉണ്ട്	ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ			അൽഫ ക്ലേ	ഒരു മുസ്ലിം പള്ളി ഉണ്ട്

പഠനപര്യടനറിപ്പോർട്ട് (പോളച്ചിറക്കുന്ന് - കുടവൂർ ഏല) 9-11-96 ശനിയാഴ്ച



പഠനപര്യടനറിപ്പോർട്ട് (ഐക്കുട്ടിക്കോണം - ഭൂദാനകോളനി) 9-11-96 ശനിയാഴ്ച

1.	ഭൂപ്രകൃതി	സമതലം (നിരന്ന ഭൂപ്രദേശം	നിലം	നിരന്ന പ്രദേശം	ചെറിയ ചരിവ്	നിലം	ഉയർന്ന കുന്ന്
2	മൺതരം	കളിമണ്ണ്	കളിമണ്ണ് (തരി കുറഞ്ഞ മണ്ണ്)	തരികുറഞ്ഞ വെള്ള മണ്ണ്, കളിമണ്ണ്	ചരൽ മണ്ണ്	കളിമണ്ണ്	കളിമണ്ണ്
3	സസ്യാവരണം	തെങ്ങ്, റബ്ബർ മറ്റുള്ള വിളകൾ മരച്ചീനി	നെല്ല്, മരച്ചീനി വാഴ, അടയ്ക്ക	തെങ്ങ്, മരച്ചീനി വാഴ മറ്റു ഇടവിളകളും	തെങ്ങ്, മരച്ചീനി, വാഴ, മറ്റു ഇടവിളകളും	നെല്ല്, വാഴ, മരച്ചീനി തെങ്ങ്, അടയ്ക്ക	തെങ്ങ്, റബ്ബർ മരച്ചീനി മറ്റു ഇടവിളകൾ, അടയ്ക്ക
4	പരിസ്ഥിതി പ്രശ്നങ്ങൾ	ജലലഭ്യത കുറവ്	കുളം ഉപയോഗയോഗ്യമല്ല. വേനലിൽ വറ്റും, ഈ കുളം ജലസേചനത്തിന് പ്രയോജനപ്പെടുത്തുന്നില്ല	വേനലിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്	വേനലിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്	നിലം നികത്തൽ വ്യാപകം വെനലിൽ കൃഷിയ്ക്ക് ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്	മണ്ണൊലിപ്പ് ജല ദൗർലഭ്യം
5	വീടുകളുടെ നിലവാരം	ജനസാന്ദ്രതയുള്ള പ്രദേശം	കരഭാഗങ്ങളിൽ വീടുകൾ ഇടതൂർന്ന് സ്ഥിതിചെയ്യുന്നു	തോന്നയ്ക്കൽ H.S., 2800 കുട്ടികൾ പഠിക്കുന്നു ജനസാന്ദ്രത കൂടിയ പ്രദേശം	ജനസാന്ദ്രത കൂടിയ പ്രദേശം	ഇരുകരകളിലും ധാരാളം വീടുകൾ ഉണ്ട്	ജനസാന്ദ്രത വളരെ കൂടുതൽ കോളനി നിവാസികളും, അല്ലാത്തവരും
6	സ്ഥലത്തിന്റെ പേര്	ഐക്കുട്ടിക്കോണം ശാസ്താംകാവ്	ശാസ്താം കാവ്	H.S. ജംഗ്ഷൻ (ഇലവന്തി)	ഇലവന്തി —> ഊളൻ കാവ് പട്ടം	ഊളൻകാവ്പട്ടം	ഭൂതാനകോളനി പാട്ടം



കൃഷിയും ജലസേചനവും

മംഗലപുരം പഞ്ചായത്തിനെ ഭൂഘടനയനുസരിച്ച് രണ്ടായി തിരിക്കാം കിഴക്ക് മലമ്പ്രദേശവും, പടിഞ്ഞാറ് തീരദേശവും അതിപുരാതനകാലം മുതലേ കൃഷിയോഗ്യമായിരിന്നു ഈ രണ്ടുദേശവും ആദികാലങ്ങളിൽ തീരദേശത്തായിരുന്നു. കർഷകർ അധിവസിച്ചിരുന്നത്. ശേഷിച്ച ഭൂവിഭാഗമധികവും കാടായിരുന്നു ജനസംഖ്യ പെരുകിവന്നതോടെ ഉത്കഷേച്ഛുക്കളായ ഗ്രാമവാസികൾ കാടുതെളിച്ചു നാടാക്കുവാൻ തുടങ്ങി. മംഗലപുരം പഞ്ചായത്തിലെ ഭൂമി മുഴുവൻ കൃഷിക്കുപയുക്തമായിത്തീർന്നിട്ട് സുമാർ അഞ്ചു ദശകങ്ങളേ ആയിട്ടുള്ളൂ. ഇന്നും സമഗ്രമായ ഒരു കാർഷികവിപ്ലവം കാത്തിരിക്കുകയാണ് ഈ ഗ്രാമം.

ഭൂമി സംബന്ധിച്ച വിവരങ്ങൾ – ഹെക്ടറിൽ

ഇനം	വിസ്തീർണം
നിലം	125 Ha
പുരയിടം	1962.6 Ha
പുറമ്പോക്ക്	20 Ha
കൃഷിയോഗ്യ തരിശ്	5 Ha
കൃഷി യോഗ്യമല്ലാത്ത തരിശ്	3 Ha
ആകെ	2115.6 Ha

നാളികേരം, നെല്ല്, മരച്ചീനി, വാഴ, പ്ലാവ്, മാവ്, പുളി, കവുങ്ങ്, പേര, പപ്പായ, നാരകം, മുരിങ്ങ തുടങ്ങിയ ഫലവൃക്ഷങ്ങളും ധാരാളമായി കൃഷി ചെയ്തുവരുന്നു. ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, കൂവ മുതലായ കിഴങ്ങുവർഗങ്ങളും പയർ, ഉഴുന്ന്, കപ്പലണ്ടി തുടങ്ങിയ കാലികവിളകളും കൃഷി ചെയ്യുന്നുണ്ട്. ജല ലഭ്യതയേറിയ തൊടികളിലും പണകളിലും വെറ്റിലക്കൊടികളും മലക്കറിത്തോട്ടങ്ങളും കാണാം. നാണ്യവിളയായ റബ്ബർ മുൻകാലങ്ങളിൽ സാർവ്വത്രികമായിരുന്നില്ലായെങ്കിലും സമീപകാലത്തായി വർദ്ധമാനമായതിൽ കണ്ടുവരുന്നുണ്ട്.

പഞ്ചായത്തിലെ മുരുക്കുംപുഴ, കോഴിമട, മുല്ലശ്ശേരി,മുണ്ടയ്ക്കൽ, ഇടവിളാകം വെയിലൂർ എന്നി തീരദേശവാർഡുകളിലാണ് തെങ്ങുകൃഷി സമൃദ്ധമായുള്ളത്. തുല്യമായ മേനി വിളയുന്നവയത്രേ ഈ പഞ്ചായത്തിലെ പാടശേഖരങ്ങളെല്ലാം. ഇരുപ്പു കൃഷിയാണേറെയും. പുഞ്ചക്കൃഷി ഇല്ലെന്നു തന്നെ പറയാം. ചെമ്പകമംഗലം, പുന്നെക്കുന്നം, മുരിങ്ങമൺ, പാട്ടം, തോന്നയ്ക്കൽ, മംഗലപുരം കൈലാത്തുകോണം എന്നീ വാർഡുകളിലാണ്

വിള വിസ്തീർണവും ഉത്പാദനവും

ക്രമ നമ്പർ	വിള	വിസ്തീർണം	മൊത്തം ഉത്പാദനം	ഉത്പാദന ക്ഷമത
1.	നെല്ല് (ഒന്നാം വിള)	125 Ha	375 MT	3000 Kg/Ha
2.	നെല്ല് (രണ്ടാം വിള)	125 Ha	375 MT	3000 Kg/Ha
3.	പയർ	70 Ha	17.5 MT	250 Kg/Ha
4.	എള്ള്	5 Ha	1.25 MT	250 Kg/Ha
5.	പച്ചക്കറികൾ	4 Ha	20 MT	5 T/Ha
6.	തെങ്ങ്	1276 Ha	51,94,000 Kg	4000 nuts/Ha

7.	വാഴ	35 Ha	1,22,500 Kg	3500 Kg/Ha
8.	മരച്ചീനി	326 Ha	2,608 MT	8000 Kg/Ha
9.	കുരുമുളക്	18 Ha	4,140 MT	230 Kg
10.	പ്ലാവ്	20 Ha	600 MT	30 T/Ha
11.	കശുമാവ് (Nut)	13 Ha	6.5 MT	500 Kg/Ha
12.	മാവ്	20 Ha	300 MT	15 T/Ha
13.	റബ്ബർ	80 Ha	40 MT	500 Kg/Ha
14.	കവുങ്ങ്	25 Ha	25 Lakh nuts (25,00,000)	1.25 lakh nuts/Ha

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
തെങ്ങ് കൃഷി വിസ്തീർണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10
1276 Ha	1,26,906	2,63,496	3,90,401	840	4,000	3,800	258	-	8058

കാർഷികോപകരണങ്ങൾ

ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ					
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റിക്ക് സ്പ്രെയർ	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പുസെറ്റ്
1	2	3	4	5	6	7	8	9
	3		20	14		1	1	

കൈവശമുള്ള വിസ്തീർണം

നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ)	ആകെ
1	2	3	4
5617	410	7	6034

മരച്ചീനി അധികമായി കൃഷിചെയ്യുന്നത്. വാഴ, പേര, നാരകം തുടങ്ങിയവയുടെ കൃഷി മിക്കവാറും ഗൃഹപരിസരങ്ങളിലാണ്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലാണ് റബ്ബർകൃഷി. സുഗന്ധവ്യഞ്ജനങ്ങളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ഗ്രാമ്പൂ, ജാതി, കച്ചോലം, കോലിഞ്ചി, കസ്തൂരിമഞ്ഞൾ തുടങ്ങിയവയും പുറുത്തി, ശീമപ്ലാവ്, പുളിച്ചി, പാഷൻഫ്രൂട്ട്, വിവിധതരം നെല്ലികൾ, വിവിധതരം ജാമ്പകൾ, വിവിധതരം ആത്തികൾ ഇവയും ഗ്രാമത്തിലെ കൃഷിയിനങ്ങൾ തന്നെ. ആഞ്ഞിലി, മഹാഗണി, തേക്ക്, മാഞ്ചിയം ഇവയും നട്ടുവളർത്തുന്നു.

നാളികേരം

ഭൂവിസ്തൃതിയുടെ സിംഹഭാഗവും (1276 ഹെക്ടർ) തെങ്ങുകൃഷിയാണ് 3,90,402 തെങ്ങുകൾ കിഴക്കൻ പ്രദേശങ്ങളെക്കാൾ ഫലദായകത്വകമേറും. പടിഞ്ഞാറൻ മേഖലയിലെ തെങ്ങുകൾക്ക്. വിളയുടെ വാർഷിക ശരാശരി തെങ്ങൊന്നിന് പശ്ചിമദേശത്ത് അറുപതാണെങ്കിൽ പൂർവ്വദേശത്ത് നാല്പതേ വരൂ. പൂർവ്വദേശത്തെ തെങ്ങുകൃഷിയെ ഗ്രസിച്ചുതുടങ്ങിയിരിക്കുന്നു റബ്ബർ തോട്ടങ്ങൾ എന്നൊരു വസ്തുത കൂടി പറയേണ്ടതുണ്ട്. തെങ്ങിൽ നിന്നുള്ള പ്രതിഫലം താരതമ്യേന തുച്ഛമെന്നു കരുതുന്നതിനാലാവാം കർഷകർ റബ്ബറിനെ കൂടുതൽ അഭികാമ്യമായി കണ്ടുതുടങ്ങിയത്. നാളികേരരംഗത്തു നിന്നുള്ള കർഷകന്റെ ഈ പിൻവാങ്ങൽ മംഗലപുരത്തെ ഒരു റബ്ബർ മേഖലയാക്കി പരിണമിപ്പിക്കുമോ എന്ന ആശങ്ക തന്നെയും അസ്ഥാനത്തല്ല.

പ്രശ്നങ്ങൾ

1. ജലസേചനത്തിന്റെ അപര്യാപ്തത.
2. മണ്ണിന്റെ ഫലഭൂയിഷ്ഠതയിൽ വന്ന മൂല്യശോഷണം.
3. ജൈവവളത്തിന്റെ അഭാവം
4. കാറ്റുവീഴ്ച (Root wilt) ഓലചീയൽ (Leaf rot),മണ്ട ചീയൽ (Bud rot) ചെന്നീരൊലിപ്പ് (Stem bleeding) എന്നിരോഗങ്ങൾ.
5. കൊമ്പൻ ചെല്ലി, ചെമ്പൻചെല്ലി, കോറിഡ് ബഗ് എന്നി കീടങ്ങൾ.
6. പെരുച്ചാഴി, എരണ്ട ഇവയുടെ വിളനാശം.
7. വർദ്ധിച്ച കൂലിച്ചിലവ്.
8. മണ്ണൊലിപ്പ്.
9. തൊഴിലാളികളുടെ കുറവ്
10. അമിതാദായം കാംക്ഷിച്ച് കർഷകർ തെങ്ങുകൾ ഇടയകലം കുറച്ച് നടുന്നത്.

നിർദ്ദേശങ്ങൾ

1. നാളികേരത്തിന്റെ ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിക്കണം.
2. മുഴുവൻ കേരകർഷകർക്കും കൃഷിവേൻ മുഖേന പമ്പ് സെറ്റുകൾ നല്കണം

രാസവള - കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
1.	SCB 1754 Thonnakkal	25 MT	20 lit	300 kg	30 T	20 lit	300 kg	35 T	20 lit	250 kg
	" YMA Jn	25 MT	-	-	20 T	-	-	20 T	-	-
2.	ACCHW 21, Thonnakkal	25 MT	15 lit	200 kg	30 MT	12 lit	250 kg	25 T	17 lit	200 kg
3.	SCB T292. Murukkumpuzha	30 MT	15 lit	200 kg	40 MT	10 lit	300 kg	30 T	15 lit	250 kg
4.	FACT Depot, Mangalapuram		-	-	-	-	-	20 MT	5 lit	100 kg

3. കർഷകരും കൃഷിഉദ്യോഗസ്ഥരും കൂടിയാലോചിച്ച് ശാസ്ത്രീയമായ വിധത്തിൽ വളപ്രയോഗവും, കീടരോഗനിയന്ത്രണവും നിർവ്വഹിക്കണം.
4. ഓരോ പുരയിടത്തിലും മണ്ണും ഇലവും ഒഴുകിപ്പോകാതിരിക്കാനുള്ള തടയണകൾ നിർമ്മിക്കണം.
5. യഥാർത്ഥ കേരകർഷകരെ അംഗീകരിക്കുകയും അവർക്ക് കൃഷിയിൽ ഉറച്ചു നിൽക്കുവാൻ പ്രോത്സാഹനം നല്കുകയും വേണം.
6. തെങ്ങുകൃഷിയുടെ ഗുണഫലങ്ങൾ കർഷകരെ ബോധ്യപ്പെടുത്താനുപകരിക്കുന്ന ബോധവത്കര പരിപാടികൾ സംഘടിപ്പിക്കണം.
7. എല്ലാ കർഷകരെയും ഉൾപ്പെടുത്തി കേരവികസനസമിതി ഇനകീയവത്കരിക്കണം.

നെൽക്കൃഷി

155 ഹെക്ടർ സ്ഥലമാണ് നെൽക്കൃഷിക്കുവേണ്ടി വിനിയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് ഇത് 125 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. കേരളത്തിലെവിടെയുമെന്നപോലെ ഇവിടെയും ഗ്രാമവാസികളുടെ മുഖ്യാഹാരം അരിതന്നെ. എന്നാൽ ആവശ്യത്തിന്റെ പത്തിലൊന്നുപോലും നിറവേറ്റാനുള്ള നെല്ലുല്പാദനം ഇവിടെയില്ല എന്ന ദുഃഖസത്യം നമ്മുടെ മുന്നിലുണ്ട്. അഞ്ച്, ആറ് വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന വെയിലൂർ ഏലാ ആറാം വാർഡിലെ വാലികോണം ഏലാ, ഒന്നും രണ്ടും വാർഡുകളിലായുള്ള മുരുക്കുപുഴ ഏലാ, ഏഴാം വാർഡിലെ ചെമ്പകമംഗലം ഏലാ, ഒമ്പതാം വാർഡിലെ ഐക്കുട്ടിക്കോണം ഏലാ, എട്ടാം വാർഡിലെ കൈലാത്തുകോണം ഏലാ, പത്താം വാർഡിലെ മുളയ്ക്കോട്ടുകോണം - മുരിങ്ങമൺ - കണ്ടുകൃഷി ഏലാകൾ, പതിനൊന്നാം വാർഡിലെ ഊളകാവുവട്ടം ഇടയാവണം ഏലാകൾ, പതിമൂന്നാം വാർഡിലെ കുറക്കോട് ഏലാ തുടങ്ങിയവയാണ് നമ്മുടെ മുഖ്യ പാടശേഖരങ്ങൾ. നെല്പാടങ്ങൾ നികത്തി മണിമാളികകൾ പണിയുകയോ തെങ്ങിൻ തോപ്പുകളാക്കുകയോ (ഈ തെങ്ങിൻ തോപ്പുകൾ കാലാന്തരത്തിൽ റബ്ബർ തോട്ടങ്ങളായി മാറിയേക്കാം) ചെയ്യുന്ന പ്രവണത സാർവത്രികമായിത്തീർന്നിരിക്കുന്നതിനാൽ അതിവിദൂരമല്ലാത്ത ഭാവിയിൽ ഗ്രാമത്തിൽ നിന്നുള്ള നെൽക്കൃഷിയുടെ തിരോധാനമെന്ന ഭീഷണിയുടെ നിഴലിലാണ് ഇന്ന് മംഗലപുരം.

നടീൽ വസ്തു വിതരണം

ക്രമ നമ്പർ	ഇനം	എണ്ണം		
		1993-94	1994-95	1995-96
1.	തെങ്ങ്	600	1640	485
2.	കശുമാവ്	-	-	320
3.	ഫലവൃക്ഷതൈകൾ	-	220	311
4.	കുരുമുളക്	1250	4500	5725
5.	കവുങ്ങ്	30	-	-
6.	പച്ചക്കറി പായ്ക്കറ്റ്	1150	1600	340
7.	ചെറുപയർ	40 kg	84 kg	28 kg
8.	ഉഴുന്ന്	180 Kg	24 Kg	40 Kg
9.	ജാതി	100	-	-
10.	ഗ്രാംപൂ	30	145	75
11.	Pineapple Sucker	100 എണ്ണം	60	550 Kg
12.	നെല്ലുവിത്ത്	450 Kg	750 Kg	550 Kg
13.	വാഴക്കന്ന്	-	200	6050
14.	പയർ	-	124 Kg	88 Kg

പ്രശ്നങ്ങൾ

1. നിലം നികഴ്ത്തൽ
2. നിലം തരിശിടൽ
3. ജലദൗർലഭ്യം
4. കീടബാധ
5. വയൽമണ്ണിലെ ജൈവാംശനഷ്ടം
6. കർഷികത്തൊഴിലാളികളുടെ കുറവ്
7. നെൽക്കൃഷിയെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം
8. അദ്ധ്വാന സമയം പരിമിതപ്പെടുത്തിയത്.
9. യന്ത്രോപകരണങ്ങൾ ലഭ്യമല്ലാത്തത്.

നിബന്ധനകൾ

1. നെല്പാടങ്ങളിലെ തലക്കുളങ്ങൾ കണ്ടെത്തി ജലസേചനയോഗ്യമാക്കുക.
2. ജൈവവള സമ്പന്നമായ പച്ചില മരങ്ങൾ വച്ചുപിടിപ്പിക്കുക.
3. ഗ്രൂപ്പ് ഫാമിംഗ് സംമ്പ്രദായം സാർവ്വത്രികമാക്കുക.
4. കൃഷിഭവനിലൂടെ നൽകിവരുന്ന സബ്സിഡി തുക മെച്ചപ്പെടുത്തുക.
5. മാരകമായ കീടനാശിനികൾ ഉപേക്ഷിച്ച് മണ്ണെണ്ണ, പുകയില. തുരിശ്, ചുണ്ണാമ്പ്, സോപ്പ് ഇവയുടെ ആനുപാതിക മിശ്രിതം ഉപോഗിക്കുക.

ഴിഞ്ഞു നില്ക്കാൻ നമുക്കാവില്ല. അനുയോജ്യമായ സഥലങ്ങൾ കണ്ടെത്തി പഞ്ചായത്തിന്റെയും, കൃഷിഭവന്റെയും നേരിട്ടുള്ള നിയന്ത്രണത്തിനുവിധേയമായി ഔഷധക്കൃഷിത്തോട്ടങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പുഷ്പകൃഷി

നമ്മുടെ സാമൂഹ്യജീവിതത്തിലെ മംഗള മുഹൂർത്തങ്ങളുടെ സാക്ഷാത്കാരം വർണ്ണാഭമാക്കുന്ന പൂക്കൾ നമുക്കായി നട്ടുനനച്ചു വളർത്തിയെടുക്കുന്നത് മറുനാടുകളിലാണെന്ന നഗ്നസത്യം ആത്മനിന്ദയോടെ നാമറിയുക. നമ്മുടെ നാടിന്റെ പരിതോവസഥകൾക്കിണങ്ങുന്നവയാണ് പൂച്ചെടികളൊക്കെയും. അക്കാരണത്താൽ തന്നെ നമ്മുടെ ദൈനം ദിനാവശ്യങ്ങൾക്കുള്ള പുഷ്പങ്ങൾ നാം തന്നെ ഉല്പാദിപ്പിക്കുക എന്ന ആശയം നമ്മുടെ അഭിമാനബോധത്തിൽ നിന്നുടലെടുത്തേ മതിയാവു. പിച്ചി, കുറ്റിമുല്ല, റോസ്, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുഷ്പക്കൃഷി വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതായാൽ വൻതോതിൽ തൊഴിൽ സാദ്ധ്യതകളും സാമ്പത്തികാഭിവൃദ്ധിയും കൈവരിക്കുവാൻ നമുക്കു കഴിയും.

വാഴക്കൃഷി

വാഴക്കൃഷിക്ക് ഏറ്റവും അനുയോജ്യമാണ് മംഗലപുരത്തെ മണ്ണ്. എന്നാൽ വിപുലമായ വ്യാപാര സാധ്യതകളുള്ള വാഴക്കൃഷി ഗൃഹപരിസരങ്ങളിൽ മാത്രമായൊതുങ്ങി നിൽക്കുകയാണ്. അപൂർവ്വമായി മാത്രമേ വാഴത്തോട്ടങ്ങൾ ഈ ഗ്രാമത്തിലുള്ളു.

പാളയന്തോടൻ, ഞാലിപ്പൂവൻ, നേന്ത്രൻ, പൂവൻ, കപ്പ, റോബസ്റ്റ തുടങ്ങിയവയാണ് ഇവിടങ്ങളിൽ കണ്ടു വരുന്ന വാഴയിനങ്ങൾ മാണമഴുകൽ, മണ്ടയടപ്പ് തുടങ്ങി രോഗങ്ങൾ വാഴക്കൃഷിയെ നേരിടുന്ന മാരകമായ ഭീക്ഷണിയാണ്. സൗജന്യ വിലയക്കു ലഭ്യമാക്കുന്ന നല്ല യിനം. കന്നുകളും വളവും കീടനാശിനിയും സമയാസമയങ്ങളിലുള്ള മാർഗനിർദ്ദേശങ്ങളും വാഴക്കൃഷിയെ പരിപോഷിപ്പിക്കുവാൻ പര്യപാതമാണ് എന്നതു നിസ്തർക്കം.

പച്ചക്കറിക്കൃഷി

കണ്ടുകൃഷിമുതൽ തലമുക്കുവരെയുള്ള പൂർവ്വ പശ്ചിമ പ്രദേശങ്ങളാകെത്തന്നെ പച്ചക്കറി കൃഷിക്കനുയോജ്യമായ മണ്ണിനാൽ ധന്യമാണ്. പരിശ്രമശാലികളായ പൂർവ്വികരുടെ കാലത്ത് സമൃദ്ധമായ പച്ചക്കറിവിളകൾ കണ്ടു കൺകുളിർത്ത വയോവൃദ്ധരായ ഗ്രാമവാസികൾക്ക് ഇന്ന് അവ ഒരു ഗതകാലസമൃതി മാത്രമായിരിക്കുന്നു. അന്യദേശങ്ങളിൽ മാരകമായ കീടനാശിനികളുടെ പരിലാളനയിൽ വളർന്നപച്ചക്കറികൾ ഭക്ഷിച്ച് സംത്യപതിയടയുകയാണിന്നു നമ്മൾ. മരണത്തിലേക്കുള്ള പ്രയാണത്തിന്റെ ത്വരിതഗതിയിൽ നിന്നും പിന്തിരിയാനും അഭിമാനപൂർവ്വം ആരോഗ്യകരമായ ജീവിതം നയിക്കുവാനും നമുക്കു വേണ്ടത്ര പച്ചക്കറികൾ നാം തന്നെ ഉത്പാദിപ്പിക്കുമെന്ന് നാം ദൃഢനിശ്ചയം ചെയ്യണം. ഗ്രാമത്തിലെ ഒന്നൊഴിയാതെ എല്ലാ വീടുകളിലും പച്ചക്കറിക്കൃഷിക്കാവശ്യമായ വിത്തും, വളവും സൗജന്യമായി നല്കണം. അവയുടെ യഥാവിധിയുള്ള വിനിയോഗം കൃഷിഭവൻ അധികൃതരുടെയും പഞ്ചായത്തിന്റെയും സന്ദർശനാനന്തരമുള്ള മൂല്യനിർണ്ണയത്തിലൂടെയും, മാർഗനിർദ്ദേശങ്ങളിലൂടെയും ചിട്ടപ്പെടുത്തേണ്ടതാണ്. ഗ്രാമസഭകളുടെ നിയന്ത്രണത്തിൽ രൂപപ്പെടുത്തുന്ന ഇനകീയ സമതികൾ പച്ചക്കറികൃഷിക്ക് യോഗ്യമായ ഗ്രാമത്തിലെ മുഴുവൻ ഭൂമിയും കൃഷിക്കുപയുക്തമാക്കിയെടുക്കാനും, വൻതോതിൽ ഉൽപാദനം നടത്തുവാനും പദ്ധതി തയ്യാറാക്കണം.

റബ്ബർ

തീരദേശമൊഴികെയുള്ള ഗ്രാമഭാഗങ്ങളിൽ വ്യാപകമായി ചെയ്തുവരുന്ന കൃഷിയാണ് റബ്ബർ. മൂലധന നിക്ഷേപം കൂടുതലാവശ്യമായിട്ടുള്ള റബ്ബർ കൃഷിയിൽ സമയാസമയങ്ങളിൽ പരിചരണം ലഭിക്കുന്നതിനാൽ താരതമ്യേന കാർഷികപ്രശ്നങ്ങൾ കുറഞ്ഞിരിക്കുന്നുവെന്നാണ് ജനസങ്കല്പം. ഹൈറേഞ്ച് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കാലവർഷവും നീർവാർച്ചയും കുറഞ്ഞ ഇടനാടൻ ഗ്രാമമായ മംഗലപുരത്തെ കാലാവസ്ഥ റബ്ബറിന് ഏറെനന്ന് എന്നു പറയുവാനാവില്ല. സ്ഥിരരോത്സാഹികളായ കർഷകർക്ക് ഇടവിളകൾ കൃഷി ചെയ്തു മണ്ണിന്റെ സാധ്യതകൾ പരമാവധി ചൂഷണം ചെയ്യുവാനുള്ള പഴുതടഞ്ഞുപോകുന്നു എന്നതും റബ്ബർ കൃഷിയുടെ പരിമിതിയാണ്. എങ്കിൽകൂടി നാട്ടുകാരിൽ നല്ലൊരു വിഭാഗത്തിന്റെ ശ്രദ്ധയുടെ ആകർഷണകേന്ദ്രമായിക്കഴിഞ്ഞിരിക്കുന്നു എന്ന കാരണത്താൽ തന്നെ ഈ കൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. റബ്ബർ കൃഷിയിലേർപ്പെട്ടിട്ടുള്ള കർഷകർക്ക് ആവശ്യമായ സഹായപദ്ധതികൾ ആവിഷ്കരിക്കേണ്ടതും റബ്ബർ രംഗത്തെ ഇറക്കുമതി അവസാനിപ്പിച്ച് സ്വദേശി റബ്ബറിനെ കൂടുതൽ ആദായകരമായ കൃഷിയായി മുറ്റുകയും ചെയ്യേണ്ടതാണ്.

പറങ്കിമാവ്

കേരളത്തിലെ ഒരു നല്ല വിഭാഗം തൊഴിലാളികളുടെ പ്രവർത്തനമേഖലയാണ് കശുവണ്ടി ഫാക്ടറികൾ. ഈ ഫാക്ടറികളിലധികവും വർഷത്തിന്റെ സിംഹഭാഗവും അസംസ്കൃത പദാർത്ഥത്തിന്റെ ലഭ്യതാപ്രശ്നത്താൽ പൂട്ടിക്കിടക്കുകയോ വിദേശരാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തു പ്രവർത്തിപ്പിക്കുകയോ ചെയ്യേണ്ട ദുരവസ്ഥയിലാണ് കുറേക്കാലമായെത്തി നില്ക്കുന്നത്. തൊഴിലാളികളെ ഈ ദുസ്ഥിതിയിലേക്ക് തള്ളിവിട്ടതിൽ മംഗലപുരം ഗ്രാമത്തിനും ഗ്രാമവാസികൾക്കു പങ്ക് ചെറുതല്ല. നാട്ടിലെ പറങ്കിമാവുകളൊക്കെയും മുറിച്ചു നീക്കം ചെയ്തതിലൂടെ നമ്മുടെ സഹോദരരോട് നാം ചെയ്ത അപരാധത്തിന് നാം തന്നെ പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ട്. അതിലുപരി അധ്വാനിക്കുന്ന വർഗത്തോടു പ്രധിബദ്ധതയുള്ള ഏതൊരു സമൂഹത്തിന്റെയും ബാദ്ധ്യതയാണ് തൊഴിലാളിക്ക് തൊഴിൽ വിഭവങ്ങൾ ലഭ്യമാക്കിക്കൊടുക്കയെന്നത് എന്ന വസ്തുതയും നാം മനസ്സിലാക്കണം. ആ ബാദ്ധ്യത ഏറ്റെടുത്ത് സാദ്ധ്യമായ ഇടങ്ങളിലൊക്കെയും പറങ്കിമാവ് വച്ചു പിടിപ്പിക്കുകയും തദ്വാരാ പ്രത്യേകമായ പരിരക്ഷകളും കാർഷിക പ്രശ്നങ്ങളുടെ വേവലാതിയുമില്ലാതെ വൻതോതിൽ വിദേശനാണ്യം നേടാനാവുന്ന അവസ്ഥ സംജാതമാക്കുകയും ചെയ്യേണ്ടതാണ്.

കുൺ കൃഷി

പോഷക സമ്പുഷ്ടമായൊരു ആഹാരപദാർത്ഥമാണ് കൂൺ, എന്നാൽ സ്റ്റാർ ഹോട്ടലുകളിലെ തീൻ വിഭവങ്ങളിൽ ഒന്നായി സമ്പന്നവർഗ്ഗത്തിന്റെ മാത്രം ഭക്ഷ്യപദാർത്ഥമെന്നറിയപ്പെടുന്നു ഇന്നു കൂൺ. ഈ സ്ഥിതി മാറുകതന്നെ വേണം. കൂൺ വിഭവങ്ങളുടെ മാധുര്യം നുണയാനുള്ള അവസരം സാമാന്യജനത്തിനു ലഭ്യമാകണമെങ്കിൽ കൂൺ കൃഷി സാർവത്രികമാകണം. അഭ്യാസവും അല്പ ശ്രദ്ധയും ഉണ്ടെങ്കിൽ അധിക മൂലധനമില്ലാതെതന്നെ അധികം ആദായം നേടാവുന്ന ഒരു തൊഴിലാണ് കൂൺ കൃഷി. പഞ്ചായത്തുതലത്തിൽ തെരഞ്ഞെടുത്ത യുവജനങ്ങളെ കൃഷി പരിശീലനത്തിൽ ഏർപ്പെടുത്തി അവർക്ക് സ്വന്തമായി യൂണിറ്റുകളാരംഭിക്കുന്നതിനുള്ള സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

പ്ലാവുകൾ/മാവുകൾ

തനി കേരളീയമെന്നു വിളിക്കാവുന്ന ഫലവൃക്ഷങ്ങളാണിവ രണ്ടും. പ്ലാവും മാവുമില്ലാത്ത പറമ്പുകൾ ഗ്രാമത്തിൽ വിരളമെന്നുതന്നെ പറയാം. പഴയകാലങ്ങ

ളിൽ കൂരകളുടെ ഉത്തരങ്ങളും കഴുക്കോലുകളും മറ്റു മര ഉരുപ്പടികളും നിർമ്മിക്കാനുപയോഗിച്ചിരുന്നത് പ്ലാവാണ്. ഇന്നും മരസാമാനങ്ങളുടെ നിർമ്മിതിക്ക് നാമേറെ ആശ്ര യിക്കുന്നത് പ്ലാവിനെത്തന്നെ. പ്ലാവുകളിൽ വരിക്കയും കൂഴയുമുണ്ട്. ഇവയിലോരോന്നിലുമുണ്ട് ഇനിയുമൊരുപാ ടിനങ്ങൾ. വേരുകളിലെ വ്യത്യാസം പോലെ പ്ലാവിൻ ഫല ങ്ങളായ ചക്കയുടെ രുചിയ്ക്കും സാരമായ വ്യത്യാസമു ണ്ട്. കൂഴച്ചക്ക കറിവെയ്ക്കാനാണധികവും ഉപയോഗിക്കു ക. രുചിയും മാധുര്യവും ഏറിയ വരിക്ക പഴമായി കഴി ക്കാനാണ് നമുക്കിഷ്ടം.

മാവുകളെ മറന്നിട്ട് മലയാളിക്ക് ഒരു ജീവിതമില്ല. [illegible]വര്യവിശ്വാസമനുസരിച്ച് പ്രാണൻ പറന്നുപോയ മനു ഷ്യശരീരത്തെ ചിതയിലേക്കെടുക്കുമ്പോൾ കൊള്ളിവെ യ്ക്കാനും ഇവിടെ മാന്തടി വേണം. പാവപ്പെട്ടവൻ അ വന്റെ മൺകുടിലുകളിൽ ജനൽവാതിലുകൾക്ക് കട്ടളയും കതകും തീർക്കുന്നതും മാവു കൊണ്ടു തന്നെ. ഫലവൃ ക്ഷങ്ങളിൽവച്ച് ഏറ്റവും രുചികരവും പോഷകസമൃദ്ധവു മാണ് മാമ്പഴം. മാമ്പഴങ്ങളിലുമുണ്ട് ഒട്ടേറെ ഇനങ്ങൾ. ചക്കരമാങ്ങയും, വെളളരിമാങ്ങയും, പഞ്ചാരക്കുട്ടനും, മൂ വാണ്ടനും തുടങ്ങി അനവധി അനവധിയാണ് നാടൻ മാ വുകൾ. വാളൻപുളിയെ തോല്പിക്കുന്ന പുളിയുള്ളവയും തേൻ കിനിയുന്ന മധുരമൂറുന്നവയുമുണ്ട് മാവിനങ്ങളിൽ. എങ്കിലും നാട്ടുമാവുകളിലേറിയ പങ്കും വരവിനങ്ങളായ ഒട്ടുമാവുകളുടെ ആഗമനത്തോടെ നാടുനീങ്ങി എന്നു പറയുന്നതാവും ശരി. ഒട്ടുമാവ് ഒരെണ്ണമെങ്കിലും ഇല്ലാത്ത ഗൃഹപരിസരം നന്നെ കുറവുതന്നെ ഈ നാട്ടിൻപുറത്ത്.

കേരളീയ ജീവിതവുമായി ഇഴപിരിയാനാകാത്തവി ധം കെട്ടുപിണഞ്ഞു കിടക്കുന്നവയാണ് ഈ രണ്ടു ഫല വൃക്ഷങ്ങളുമെങ്കിലും ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ അവ പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങൾ തീർത്തും വ്യത്യസ്തവും വി രുദ്ധവുമാണ്. ഉല്പാദനവുമായി തട്ടിച്ചുനോക്കുമ്പോൾ തീ രെ കുറവാണ് പ്ലാവിൻ ഫലമായ ചക്കയുടെ ഉപഭോഗം. ചക്ക മുഖ്യഹാരമായിരുന്ന ഇവിടത്തെ ഇടത്തരക്കാ ർക്കൊക്കെയും എന്ന യാഥാർത്ഥ്യം ഒരു വിദൂരഭൂതകാല സ്മരണയല്ല. നാലോ അഞ്ചോ ദശകങ്ങൾക്കപ്പുറത്തുള്ള അന്നത്തെ ജീവിതവ്യവസ്ഥ അദ്ധ്വാനത്തിലധിഷ്ഠിതമായി രുന്നു എന്നതാണ് വസ്തുത. ചക്കയിൽ നിന്നും പുതിയ ഭക്ഷ്യവിഭവങ്ങൾ രൂപപ്പെടുത്തി വ്യാവസായികാടിസ്ഥാ നത്തിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനമുണ്ടാ ക്കാവുന്നതാണ്.

കേരളത്തിൽ ഉപയോഗിക്കപ്പെടുന്ന മാമ്പഴത്തിന്റെ ഏറിയകൂറും അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർ ണാടകം, ആന്ധ്രപ്രദേശ് എന്നിവടങ്ങളിൽ നിന്നും കൊ ണ്ടുവരികയാണ് ചെയ്യുന്നത്. ഈ വകയിൽ നാട്ടിൽ നി ന്നും പുറത്തുപോകുന്ന പണത്തിന്റെ സംഖ്യ തീരെ ചെ റുതല്ല. നല്ലയിനം മാവുകൾ കൂടുതലായി വച്ചു പിടിപ്പി ക്കുവാനും കൃഷി ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം ശാസ്ത്രീയപരിചരണം നല്കുവാനും പദ്ധതികൾ ഉണ്ടാ യാൽ ഈ പ്രശ്നം പരിഹൃതമാകുന്നതാണ്.

മൺമറഞ്ഞ കൃഷിയിനങ്ങൾ

കാണം വിറ്റും ഓണമുണ്ണണം എന്ന പഴമൊഴിയിൽ അന്തർലീനമാണ് മലയാളിയുടെ കാർഷിക ജീവിതത്തി ലുണ്ടായിരുന്ന മുതിരയുടെ മൂല്യം. മംഗലപുരം ഗ്രാമവാ സികളും ഈ കാർഷികഘടനയ്ക്ക് വെളിയിലായിരുന്നി ല്ല. മൂന്നു നാലു ദശാബ്ദങ്ങൾക്കു മുമ്പുവരെ നാട്ടിലെ പറമ്പുകളിൽ സർവ്വസാധാരണമായ കാലിക വിളകളാ യിരുന്നു മുതിരയും, എള്ളും, കൂവരകും. എല്ലാ വർഷ കാലങ്ങളിലും ഇവ ഇടവിളക്കൃഷിയാക്കിയിരുന്ന മുൻ തല മുറയുടെ പാരമ്പര്യം ഇന്ന് നാം വിസ്മരിച്ചിരിക്കുന്നു. നമ്മു ടെ പൈതൃക വിളകളായ ഇവയെ വിസ്മൃതിയുടെ അഗ ണ്യകോടികളിലേയ്ക്കു തള്ളിക്കളയാതെ സംരക്ഷിച്ചു പ രിപാലിക്കുന്നതിലൂടെ മാത്രമേ നമ്മുടെ ആരോഗ്യകരമായ ജീവിതത്തിനടിത്തറ ഉറപ്പിക്കാനാവുകയുള്ളൂ.

പൈനാപ്പിൾ കൃഷി

ഒരുപാട് അദ്ധ്വാനമില്ലാതെ ഒരുപാട് മുതൽ മുടക്കില്ലാതെ, ഒരുപാട് ആദായം നേടിയെടുക്കാവുന്ന കൃഷിയാണ് പുറുത്തി. പോയ കാലങ്ങളിൽ നാടെങ്ങും പുറുത്തികൃഷി സമൃദ്ധമായി ഉണ്ടായിരുന്നതാണ്. കാർഷിക പരിചരണപ്രവർത്തനങ്ങളിൽ അലംഭാവമുണ്ടായിത്തുടങ്ങുകയും നാടൻ ഭക്ഷ്യകൃഷിയിനങ്ങൾ വൈദേശിക നാണ്യവിളക്കൃഷികൾക്കായി വഴി മാറിത്തുടങ്ങുകയും ചെയ്ത സമീപ ഭൂതകാലം മുതലാണ് കൈതച്ചക്കക്കൃഷി മംഗലപുരം ഗ്രാമത്തിലെ ജനങ്ങൾക്കന്യമായത്. ഈ കൃഷിയിൽ കൂടുതൽ ശ്രദ്ധവയ്ക്കാനുള്ള മനസ്സ് നമുക്കുണ്ടാവുകയും ഉല്പന്നത്തിന്റെ വിപണനത്തിന് ആസൂത്രിത പദ്ധതികൾ ഉണ്ടാവുകയും ചെയ്താൽ നാടിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് ഏറെ സഹായകമാവും കൈതച്ചക്ക ശാസ്ത്രീയമായി സംസ്കരിച്ച് വിപണനം നിർവഹിക്കുന്നതിനുള്ള ഒരു സ്ഥാപനം പഞ്ചായത്തടിസ്ഥാനത്തിലോ, സഹകരണ മേഖലയിലോ, ആരംഭിക്കുകയും വേണം.

സമഗ്രമായൊരു കാർഷിക വിപ്ലവത്തിന്റെ അനിവാര്യതയിലേക്കാണ് ഈ പഠനങ്ങൾ നമ്മെ നയിക്കുന്നത്. നൂതനമായൊരു കാർഷികാവബോധമുൾക്കൊണ്ട് ഗ്രാമജനത ഉണർന്നെഴുന്നേൽക്കേണ്ട സമയം ആസന്നമായിരിക്കുന്നു. കാർഷിക വികസനം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടണമെങ്കിൽ ചുവടെക്കുറിക്കുന്ന പരിപാടികൾ പ്രാവർത്തികമാക്കാനുള്ള ശപഥം കൈക്കൊള്ളണം നമ്മൾ.

ഒന്ന് : കൃഷി കാലികമായ ശാസ്ത്രവിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ യന്ത്രവത്കൃതമാകണം.

രണ്ട് : മുഴുവൻ കർഷകരേയും കാർഷിക സഹകരണ ബാങ്കിൽ സജീവാംഗങ്ങളാക്കണം.

മൂന്ന് : കർഷകവൃത്തിയോടുള്ള സമൂഹത്തിന്റെ വിമുഖത ഉന്മൂലനം ചെയ്യുവാനും ഒരു ഇഞ്ച് ഭൂമി പോലും കൃഷിയിറക്കാതെ ശേഷിക്കുന്നില്ലെന്നുറപ്പു വരുത്തുവാനും യങ് ഫാർമേഴ്സ് ക്ലബുകൾ രൂപീകരിക്കണം.

നാല് : ആഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കണം.

അഞ്ച് : അർപ്പിതവും കഴിവുറ്റതുമായ എട്ടുമണിക്കൂർ പ്രയത്നവും സംതൃപ്തമായ പ്രതിഫലവും ഉറപ്പാക്കണം.



"വെട്ടിയൊരുക്കി ഞാനെങ്ങെങ്ങു വിത്തുക –
ളിട്ടിതങ്ങങ്ങു കാനൽജലത്താൽ
തട്ടിപ്പായ് തൻധനമാം തീക്ഷ്ണരശ്മികൾ
കഷ്ടം ! കതിരോൻ കൃഷി ചെയ്യുന്നു.
എല്ലു നൊന്തുഴിയുഴുതു വിയർപ്പുതൻ
കല്ലോരധാരയിൽ ഞാൻ നനച്ചു,
ഇല്ലം കഴിയേണ്ടേ – വഞ്ചിതനായിവ –
നില്ലറയിലിനി വീത്തു പോലും"

കർഷകന്റെ കരച്ചിൽ

മഹാകവി കുമാരനാശാൻ



മൃഗസംരക്ഷണം

മൃഗസംരക്ഷണവും മത്സ്യബന്ധനവും



കാമധേനുവിന്റെയും നന്ദികേശന്റെയും നാടായിരുന്നു ഭാരതം. സുപ്രഭാതങ്ങളിൽ ഗോമാതാവിനെ വന്ദിക്കാനാവാത്ത ദുർദിനങ്ങൾ പൗരാണിക ഭാരതീയർക്കു സ്വപ്നം കുണാൻ പോലുമാകുമായിരുന്നില്ല. ഗോപാല ബാലകനായ കാർവർണ്ണനേയും കാളപ്പുറത്തേറി നടക്കുന്ന ശ്രീപരമശിവനേയും ഗരുഡവാഹനനായ ശ്രീമഹാവിഷ്ണുവിനേയും ആരാധനാമൂർത്തികളായി സങ്കല്പിച്ചു പോന്നിരുന്ന ജനങ്ങൾ മൃഗങ്ങളോടു പുലർത്തിയിരുന്ന സമസൃഷ്ടി സ്നേഹത്തിന്റേ പ്രതീകങ്ങളായി ഈ സ്മരണകൾ നമ്മുടെ മുന്നിലിന്നും നിലനില്ക്കുന്നു എന്നാൽ ആധുനിക ഭാരതത്തിലെ ജനത ഗോക്കളെയും ഇതര പക്ഷിമൃഗാദികളേയും കേവലം കറവപ്പശുക്കളായും അറവുമാടുകളായും കാണുവാൻ തുടങ്ങിയതോടെ നാം സ്വയംവിനാശത്തിന്റെ വഴി തിരഞ്ഞെടുക്കുകയായിരുന്നു. മൃഗങ്ങളും മനുഷ്യനും തമ്മിലുണ്ടായിരുന്ന ആത്മബന്ധത്തിന്റെ തകർച്ച മംഗലപുരത്തെ ഗ്രാമങ്ങളുടെയും ചരിത്രസ്മരണകളുടെ ഏടുകൾക്കന്യമല്ലാത്തതാണ്.

രണ്ട് മൃഗസംരക്ഷണകേന്ദ്രങ്ങളാണ് മംഗലപുരത്തുള്ളത്. വേങ്ങോട് മൃഗാശുപത്രിയും മുരുക്കുംപുഴ മൃഗാശുപത്രിയും. താരതമ്യേന ഫലപ്രദമായ സേവനമാണ് ഈ സ്ഥാപനങ്ങൾ ഇന്നോളം നിർവ്വഹിച്ചു പോന്നിട്ടുള്ളത്. മൃഗപരിപാലനത്തിലും അനുബന്ധ വ്യവസായങ്ങളിലും മംഗലപുരം ഗ്രാമം ഇനിയും ബഹുദൂരം മുമ്പോട്ട് പോകേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. സ്വന്താവശ്യത്തിനുള്ള പാലും മുട്ടയും സ്വയം ഉല്പാദിപ്പിക്കുവാനുള്ള ഗ്രാമവാസികളുടെ വൈമുഖ്യം
2. കാലിത്തീറ്റയുടെയും കോഴിത്തീറ്റകളുടെയും അഭൂതപൂർവ്വമായ വിലക്കയറ്റം.
3. മേച്ചിൽ പാടങ്ങളായ നിലങ്ങളുടെയും പറമ്പുകളുടെയും വിസ്തൃതിയിൽ വന്ന കുറവ്.
4. പാൽ സംഭരണത്തിനും വിതരണത്തിനും സഹായകമായ സഹകരണസംഘങ്ങളുടെ അഭാവം.
5. വിപണനരംഗത്തെ കാര്യക്ഷമതയില്ലായ്മ.
6. ക്ഷീര വിപണന രംഗത്ത് സംഘടിത പരിശ്രമങ്ങളുടെ അഭാവം.
7. കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗത്തിലുണ്ടായ കുറവ്.
8. അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ പരിചരിക്കുന്നതിൽ കർഷകർക്കുണ്ടായിരിക്കേണ്ട ശാസ്ത്രീയ പരിശീലനത്തിന്റെയും പരിചയത്തിന്റേയും കുറവ്.
9. ഉല്പന്നത്തിന് ന്യായമായ വില ലഭിക്കാതെ വരുന്നത്.

നിർദ്ദേശങ്ങൾ

1. ഓരോ ഗ്രാമത്തിലും ഓരോ മൃഗപരിപാലനസമിതി ഉണ്ടാവണം.
2. ഡോക്ടറും വാർഡ് മെമ്പറും ഈ സമിതിയിലെ അംഗങ്ങളായിരിക്കുകയും സമിതിയോഗങ്ങളിൽ ഇവർ നിർബന്ധമായും പങ്കെടുക്കുകയും വേണം.
3. മൃഗപരിപാലന സമിതി മുഖേന കാലികോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സബ്സിഡി നല്കണം.
4. ഗ്രാമത്തിലെ മുഴുവൻ മൃഗങ്ങളെയും ഇൻഷ്വർ ചെയ്യണം.
5. ആടുവളർത്തലിനും കോഴിവളർത്തലിനും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.
6. ബ്രോയ്ലർ ചിക്കൻ-ഗോട്ട് ഫാമുകളിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് യുവതിയുവാക്കൾക്ക് പരിശീലനവും സഹായധനവും നല്കണം.
7. എണ്ണത്തിൽ കുറഞ്ഞുവരുന്ന എരുമ, പോത്ത് ഇവ വളർത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകേണ്ടതാണ്.
8. മുയൽ വളർത്തൽ, കാട വളർത്തൽ, പന്നി വളർത്തൽ ഇവ പ്രോത്സാഹിപ്പിക്കണം.
9. വില കുറഞ്ഞതും മേന്മയേറിയതുമായ കാലി-കോഴിത്തീറ്റകൾ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുക.
10. സബ്സിഡി ഫാമിൽ നിന്നുമുള്ള പുല്ല് നാട്ടിൻപുറത്തെ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.
11. ഗോബർ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായമെത്തിക്കണം.
12. വാർഡ് തലത്തിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കണം.
13. ഒൻപതാം പദ്ധതിയുടെ അവസാനത്തോടെ മംഗലപുരത്തെ കാലിരോഗ വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കാൻ പദ്ധതി തയ്യാറാക്കണം.
14. മൃഗാശുപത്രികൾ അനുയോജ്യമായ സ്ഥലത്ത് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കണം.

മത്സ്യബന്ധനം

വിപുലമായ ഒരു തീരദേശത്തിനുടമപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്. വിവിധയിനം മത്സ്യങ്ങളുടെ കലവറയായ കായലുകൾപോലെ തന്നെ ഈ വിഷയത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ് പഞ്ചായത്തു പ്രദേശങ്ങളിലേങ്ങോളമിങ്ങോളമുള്ള ചെറുതും വലുതും ആയ കുളങ്ങളും മത്സ്യബന്ധനതൊഴിലിലേർപ്പെട്ടിരിക്കുന്ന ഒട്ടേറെ കുടുംബങ്ങൾ നമ്മുടെ തീരദേശഗ്രാമങ്ങളിലുണ്ട്.

പ്രശ്നങ്ങൾ

1. കായൽ നികത്തുന്നതും കുളങ്ങൾ അപ്രത്യക്ഷമാകുന്നതും.
2. മത്സ്യ സംസ്കരണ വിപണന കേന്ദ്രങ്ങളുടെ അഭാവം.
3. പ്രായമായ മത്സ്യത്തൊഴിലാളികൾക്ക് ജീവിനോപാധിയില്ലാതായിപോകുന്നത്.
4. ജനങ്ങൾക്ക് ശാസ്ത്രീയ മത്സ്യക്കൃഷിക്കുള്ള പരിശീലനം ഇല്ലാത്തത്.

നിർദ്ദേശങ്ങൾ

1. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി തീരദേശവാർഡുകളെ ഉൾപ്പെടുത്തി ഒരു സഹകരണസംഘം രൂപീകരിക്കുക.

2. കായൽ, കുളങ്ങൾ എന്നിവ നികത്തുന്നത് കർശനമായി തടയുക.
3. ശാസ്ത്രീയമായി കരിമീനും സങ്കരവർഗ്ഗത്തിൽപ്പെട്ട മീനുകളും വളർത്താൻ വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
4. പ്രായമായ മത്സ്യത്തൊഴിലാളികൾ പെൻഷനും ക്ഷേമപദ്ധതികളും ഏർപ്പെടുത്തുക.
5. മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്കും പാർപ്പിട സൗകര്യങ്ങൾ ഉറപ്പാക്കുക.
6. പഞ്ചായത്ത് തലത്തിൽ ഒരു മത്സ്യസംസ്കരണവിപണനകേന്ദ്രം സ്ഥാപിക്കുക.

മുതുകുളം പുഞ്ച തീരദൃശ്യം



വ്യവസായം

വമ്പിച്ച വ്യാവസായിക സാധ്യതകളുള്ള ഒരു മേഖലയാണ് നമ്മുടെ പ്രദേശം. വ്യാവസായിക പദ്ധതികൾക്ക് രൂപം നല്കുമ്പോൾ നമ്മുടെ പാരമ്പര്യത്തിലൂന്നി നിന്നുകൊണ്ട് വേണം അവയ്ക്ക് രൂപം നൽകേണ്ടത് എന്നു മാത്രം. മംഗലപുരം പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള പരമ്പരാഗതവും പാരമ്പര്യേതരവുമായ വ്യവസായങ്ങളുടെ സാധ്യതകളും പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളുമടങ്ങുന്ന ചെറുവിവരണങ്ങൾ താഴെക്കുറിക്കുന്നു.

കയർമേഖല



പ്രശ്നങ്ങൾ

1 തൊഴിൽ പരമായ അസ്ഥിരത.

2 വേതനത്തിന്റെ കുറവ്.

3 ആധുനിക പരിശീലനം ലഭിച്ചിട്ടുള്ള തൊഴിലാളികളുടെ അപര്യാപ്തത.

4 ചെറുകിട കയർ ഉല്പാദകർക്ക് വിപണനത്തിന് നേരിടുന്ന ബുദ്ധിമുട്.

5 തൊഴിലാളികളുടെ ആരോഗ്യസ്ഥിതി വളരെ മോശമായതിനാൽ ഉൽപ്പാദനം കുറയുന്നു.

6 പുതിയ തൊഴിലാളികൾ കടന്നുവരുന്നതിന് വിമുഖത കാണിക്കുന്നു.

7 തൊണ്ട് അഴുക്കുന്ന മേഖലകളിലേയ്ക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല.

8 വർഷത്തിൽ മൂന്നു പ്രാവശ്യം മുതലപ്പൊഴി മൂടിപ്പോകുന്നത് കാരണം കയർ വ്യവസായത്തിന് മാന്ദ്യം സംഭവിക്കുന്നു.

സാധ്യതകൾ നിർദ്ദേശങ്ങൾ

1 തൊണ്ട് സംഭരിക്കുന്നതിന്വേണ്ട നടപടികൾ സ്വീകരിക്കണം

2. ആധുനിക രീതിയിലുള്ള തൊഴിൽ പരിശിലനം നൽകി തൊഴിൽസ്ഥിരത ഉറപ്പുവരുത്തുകയും,തൊഴിലാളികൾക്ക് അർഹമായ വേതനം നൽകുകയും വേണം[മിനിമം വേജസിന്റെ നേർപകുതി മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളു.]

3 കയർ സംഭരണംകേന്ദ്രം പൊതുമേഖലയിൽ ഉണ്ടായാൽ ചെറുകിട കയർ ഉല്പാദകർക്ക് അവരുടെ ഉൽപ്പന്നം വളരെ ഏളുപ്പത്തിൽ വിറ്റഴിക്കുവാൻ സാധിക്കും.കയർ സംഭരിച്ച് കയർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടി പഞ്ചായത്ത് കേന്ദ്രമായി ഒരു വ്യവസായികോൽപാദന വിപണന കേന്ദ്രം സ്ഥാപിക്കണം.

4 ആധുനിക കയർ ഉത്പ്പാദകർക്ക് ആവശ്യമായ വൈദ്യുതി നൽകണം.

5 മുതലപ്പൊഴി അഴിയാക്കി മാറ്റണം.

കൈത്തറി മേഖല

നമ്മുടെ നാട്ടിൽ പരമ്പരാഗതമായിത്തന്നെ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഒരു വ്യാവസായമായിരുന്നു കൈത്തറിനെയത്ത്. എന്നാൽ ഈ മേഖലയിൽ കാലത്തിനൊത്തുണ്ടായ ആധുനിക വൽകരണം ഉൾകൊള്ളാൻ ഉല്പാദകർക്കും തൊഴിലാളികൾക്കും കഴിഞ്ഞില്ല. കാലഹരണപ്പെട്ട നെയ്ത്തു രീതിയിൽ നിന്നും കിട്ടുന്ന കൂലി വളരെ തുച്ഛമായതിനാൽ തൊഴിലാളികൾ ആകർഷകമായ കൂലി ലഭിക്കുന്ന മറ്റു മേഖലകൾ തേടി. തന്നിമിത്തംവളരെ നല്ല രീതിയിൽ നടന്നുകൊണ്ടിരുന്ന ഇവിടുത്തെ നെയ്ത്തു വ്യവസായം അധഃപതിച്ചുപോയി. ഈ വ്യവസയാത്തെ പരിരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർദ്ദേശങ്ങൾ

1 നെയ്ത്തു തൊഴിലാളികളെ പരിശീലിപ്പിക്കാൻകണ്ണൂരിൽ പ്രവർത്തിക്കുന്നതുപോലുള്ള ഒരു വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങുക.

2 ആധുനിക രീതിയിലുള്ള നെയ്ത്തിനും നും [പോളിയെസ്റ്റർ, സിൽക്ക് മുതലായവഉൾപ്പെടെ] പാവോട്ടം, കളറിങ്, ടെക്സ്റ്റൈൽ പ്രിന്റിംഗ് മുതലായവയ്ക്കും പരിശിലനം നൽകുക.

3 ഖാദി നെയ്ത്തിനാവശ്യമായ നൂൽ ഉൽപാദിപ്പിക്കുന്നതിനു വേണ്ടി പരുത്തി സംസ്കരിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കുക.

4 കൈലാത്തുകോണം കൈത്തറി നെയ്ത്തു ഉൽപാദന വിപണന കേന്ദ്രം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.

5 കൈലാത്തുകോണം - ചെംമ്പകമംഗലം - ശാസ്തവട്ടം ഭാഗങ്ങളിലായി വരുന്നതും സ്ഥലം എടുത്തിട്ടുള്ളതുമായ സ്പിന്നിംഗ് മിൽ പൂർണ്ണ ജനപങ്കാളിത്തത്തോടെ തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

6 Textile വ്യവസായവുമായിബന്ധപ്പെട്ടുകിടക്കുന്ന ഇവിടെ വ്യവസായവകുപ്പിന് കിഴിൽ വരുന്ന ഒരു Power loom demonstration cum Training

Centre തുടങ്ങുക.

7 കുറഞ്ഞത് 100 തറികളോടു കൂടിയ ഒരു Power Loom/Estate ആരംഭിക്കുക.

8 ചെറുകിട യൂണിറ്റുകൾക്ക് ആവശ്യമായ പാവ് ഉല്പാദിപ്പിച്ച് നല്കുന്നതിനുളള സൗകര്യം ഉണ്ടായിരിക്കണം.

ഈറ വ്യവസായം

അഞ്ഞൂറിലധികം തൊഴിലാളികൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. സ്വന്തമായി വ്യക്തികൾ വിപണികണ്ടെത്തുകയാണ് ഇപ്പോൾ. ഈറയുടെ കാര്യത്തിൽ ദൗർലഭ്യം നേരിടുന്ന വർദ്ധിച്ച ഉൽപാദനച്ചെലവും ആധുനിക ഉൽപ്പന്നങ്ങളിൽ നിന്നും വരുന്ന മൽസരം വിപണനരംഗത്ത് മാന്ദ്യം ഉണ്ടാക്കുന്നു.

നിർജ്ജീവമായി കിടക്കുന്ന തോന്നയ്ക്കൽ ഈറ വ്യവസായ ഉൽപാദന വിപണനസഹകരണ സംഘം പുനസംഘടിപ്പിക്കണം. ഈറ സംഘം വഴി വിതരണം നടത്തുകയും ഉല്പന്നങ്ങൾ ശേഖരിക്കുകയും വിപണികണ്ടെത്തുകയും വേണം. ഈ തൊഴിൽ ചെയ്ത് ജീവിക്കുന്ന വരെ സംഘടിപ്പിച്ചു ഉല്പന്നങ്ങൾ ആധുനിക രീതിയിൽ ഡിസൈൻ ചെയ്ത് ആകർഷകമാക്കാനുളളപരിശീലനം നൽകണം.

നാളികേരമേഖല

കാർഷിക മേഖലയിലെ പ്രധാന ഉൽപന്നമായ തെങ്ങ് അടിസ്ഥാനഘടകമാക്കി പല ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതിന് വളരെയേറെ സാധ്യത ഉണ്ട്. തെങ്ങും, തെങ്ങുല്പന്നങ്ങളും ധാരാളം ലഭിക്കും. തൊഴിലാകിളും ഉണ്ട്. തെങ്ങിൻതടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുവാൻ കഴിയും. അഴുകിയ തൊണ്ടിനു പകരം പച്ചത്തൊണ്ടിൽ നിന്നും ചകിരി എടുക്കുന്നതിനുളള സംവിധാനങ്ങൾ ഇന്നുനിലവിലുണ്ട്. തൊണ്ടിൻ ചേറും രാസവസ്തുക്കളും കലർത്തി ജൈവവളം നിർമ്മിക്കുന്നതിന് കഴിയും. ഇളനീർ കച്ചവടം ആർക്കും പന്തൽകെട്ടി സ്വയം തൊഴിൽ ചെയ്യാവുന്നതാണ്. തേങ്ങവെള്ളത്തിൽ നിന്നും ശീതളപാനീയം, വിനാഗിരി ഇവ നിർമ്മിക്കുന്നതിന് കഴിയും. ചിരട്ടയിൽ നിന്നും ചിരട്ടക്കരി ഉത്പ്പാദിപ്പിച്ച് ചായങ്ങൾ നിർമ്മിക്കുന്നതിനും ചിരട്ട, കൊതുമ്പ് തുടങ്ങിയവ ഉപയോഗിച്ച് കൗതുക വസ്തുകൾ ഉണ്ടാക്കുന്നതിനും കഴയും . ചെറുകിട കൊപ്ര വ്യവസായികൾക്ക് വേണ്ട പ്രോൽസാഹനം നൽകണം. പഞ്ചായത്തിൽ ഒരു കൊപ്രസംഭരണകേന്ദ്രവും, ഓയിൽമില്ല്, കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ഇവ സ്ഥാപിക്കുകയുംഈ രംഗത്ത് തൊഴില്ലാത്തയുവതി യുവാക്കൾക്ക് വേണ്ട പരിശീലനം കൊടുക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും വേണം.

തെങ്ങിൽ നിന്നുള്ള ഉല്പന്നങ്ങളുപയോഗിച്ച് കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനപദ്ധതികൾ ആവിഷ്കരിക്കുകയും ഇതൊരു കുടിൽ വ്യവസായമായി വളർത്തുകയും ചെയ്യേണ്ടതാണ്. നിർദ്ദിഷ്ടടൂറിസ്റ്റ് വില്ലേജ് പദ്ധതിയുടെ വളർച്ചയ്ക്കും ഇതുസഹായകരമാവും.

തെങ്ങിൽ നിന്ന് ലഭിക്കുന്നതാണ് കളള്. എന്നാൽ ഇന്ന് ലഭിക്കുന്ന കളള് കൃത്രിമനിർമ്മിതിയാണ്. ഇതു തടയുന്നതിനുള്ള മാർഗ്ഗങ്ങളാരായണം.

ലക്ഷദ്വീപുകളിൽ സാധാരണയായുള്ള 'മീര'എന്ന പാനീയം വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഭക്ഷ്യസംസ്കരണം

സീസൺ സമയത്ത് വെറുതെ പാഴായിപ്പോകുന്ന ചക്ക, പപ്പായ, നാട്ടുമാങ്ങ, കശുമാങ്ങ മുതാലയ പഴങ്ങൾ സംസ്കരിച്ച് മികച്ച ഭക്ഷ്യവിഭവങ്ങൾ ഉണ്ടാക്കുവാൻ കഴിയും. അച്ചാറും, വറ്റലും, ശീതളപാനിയവും ഒക്കെ ഉണ്ടാക്കി വാണിജ്യാടിസ്ഥാനത്തിൽ വിതരണം നടത്തുന്നത് നാടിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഗണ്യമായ സംഭാവനല്കും. ഇതിന് യുവതിയുവാക്കളെ പരിശീലിപ്പിക്കുകയും പഞ്ചായത്ത് തലത്തിൽ നിർമ്മാണ ശാലകൾ ആരംഭിക്കുകയും വേണം.

വസ്ത്രനിർമ്മാണം

ഈ മേഖലയിൽ തൊഴിൽ പരീശിലനം ലഭിച്ച ആയിരത്തോളം പേരുണ്ട്. എന്നാൽ തൊഴിൽ ചെയ്യാനുള്ള വേദി ഇവരിലധികം പേർക്കുമില്ല. റെഡിമെയ്ഡ് ഉല്പനങ്ങൾക്ക് വൻ ഡിമാന്റ് ഉളള ഇക്കാലത്ത് പഞ്ചായത്ത് തലത്തിൽ വസ്ത്ര നിർമ്മാണ വിപണനയൂണിറ്റുകൾ സ്ഥാപിക്കുന്നതിനെയും തൊഴിലാളികൾക്ക് ശാസ്ത്രീയപരിശീലനം നല്കുന്നതിനെയും കുറിച്ച് ആലോചിക്കാവുന്നതാണ്.

റബ്ബറും റബ്ബർ ഉല്പന്നങ്ങളും

റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും വൻ സാധ്യതയുള്ള മേഖലയാണിത്. അസംസ്കൃതവസ്തുക്കൾ ലഭിക്കുവാൻ ഒരു പ്രയാസവുമില്ല എന്നതാണ് ഇതിന് ഒരു കാരണം. റബ്ബർ ബാൻഡ്, ചെരുപ്പ്, ഗ്ലൗസ്, റബ്ബർകട്ട, ബുഷുകൾ എന്നിവ ഉല്പാദിപ്പിക്കുന്ന ഫാക്ടറികൾ സ്വകാര്യമേഖലയിലോ, പൊതുമേഖലയിലോ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഇലക്ട്രോണിക്സ്

ചെറുകിട ഇലക്ട്രോണിക് വ്യവസായങ്ങൾക്ക് അനുകൂല സാഹചര്യങ്ങളുള്ള ഈ മേഖലയിൽ അത്തരത്തിലുള്ള യൂണിറ്റുകൾ സ്ഥാപിച്ചാൽ പരിശീലനം നേടിയിട്ടുള്ളവരും അല്ലാത്തവരുമായ ധാരാളം യുവതി യുവാക്കൾക്ക് തൊഴിൽ ലഭിക്കും. ടെക്നോപാർക്കുമായി ബന്ധിച്ചുകൊണ്ടുള്ള യൂണിറ്റുകളും പരിശീലന കേന്ദ്രവും സ്ഥാപിക്കുന്നതിനെക്കുറിച്ചും ആലോചിക്കണം.



ചെറുകിട വ്യവസായങ്ങളുടെ പുരോഗതിക്കായി ഇവിടെ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, [illegible]തി എന്നിവ ലഭ്യമാകുകയും വേണം.

കൂടുതൽ ചെറുകിട വ്യവസായങ്ങൾ

വളറെയേറെ പ്രതിസന്ധികൾ നേരിടുന്ന പർപ്പ[illegible]ക വ്യവസായത്തെ സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. യന്ത്രസഹായത്തോടെയുള്ള ഒരു പർപ്പടക നിർമാണ യൂണിറ്റ് ആരംഭിച്ചാൽ ധാരാളം പേർക്ക് അതുവഴി തൊഴിൽ ലഭിക്കും.

കരകൗശലം, മെഴുകുതിരി, നോട്ട്ബുക്ക് നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, കുട നിർമ്മാണം, പട്ടുനൂൽപ്പുഴു വളർത്തൽ, കൂൺ കൃഷി, കോഴി വളർത്തൽ മത്സ്യം, മുയൽ, പന്നി, തേനീച്ച വളർത്തൽ എന്നിങ്ങനെയുള്ള കുടിൽ/ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് പ്രോത്സാഹനവും സാങ്കേതിക ഉപദേശങ്ങളും സൗകര്യങ്ങളും നല്കണം.

തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ചൈനാ ക്ളേ നിക്ഷേപമുള്ള സ്ഥലമാണ് മംഗലപുരം, തോന്നയ്ക്കൽ, ശാസ്തവട്ടം വെയിലൂർ പ്രദേശങ്ങൾ. ഏകദേശം 800 ഏക്കർ സ്ഥലത്ത് ക്ളേ ഡെപ്പോസിറ്റ് ഉള്ളതായി മൈനിംഗ് & ജിയോളജിക്കൽ സർവ്വേ വകുപ്പിന്റെ റിപ്പോർട്ടിൽ കാണുന്നുണ്ട്. ക്ളേ ഖനനം ചെയ്യുന്ന പല സ്വകാര്യ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മൈനിംഗ് നടത്തുന്നവർ ക്ളേ ദൂരസ്ഥലങ്ങളിലുള്ള ഫാക്ടറികളിൽ വില്ക്കുകയാണ് ചെയ്യുന്നത്. നമ്മുടെ നാട്ടിൽ നിന്ന് പോകുന്ന ഈ മണ്ണ് പൊന്നിന്റെ വിലയുള്ള ഉല്പന്നങ്ങളായാണ് മടങ്ങിവരുന്നത്.

ഈ സാഹചര്യത്തിൽ ക്ളേ അടിസ്ഥാനഘടകമായി ഉപയോഗിക്കുന്ന വ്യവസായങ്ങളുടെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധസമിതിയെ നിയമിക്കേണ്ടതും അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാൻ ശ്രമിക്കേണ്ടതുമാണ്.

വിദ്യാഭ്യാസം

"മാനിഷാദ പ്രതിഷ്ഠാം ത്വ

മഗമ: ശാശ്വതീ സമാ:

യൽ ക്രൗഞ്ചമിഥുനാദേക

മവധീ: കാമമോഹിതം"

എന്ന് മനുഷ്യസ്നേഹത്തിന്റെ ശാശ്വതമന്ത്രമുരുവിട്ട വാല്മീകി നിഷാദത്വത്തിൽ നിന്ന് ആദികാവ്യ പ്രണേതാവായിത്തീർന്ന പുരാണപ്രസിദ്ധമായ കഥയിലുമുണ്ട് ഇതിഹാസ തുല്യമായ ഒരു വിദ്യാഭ്യാസത്തിന്റെ കഥ. എന്നും എവിടെയുമുള്ള വിദ്യാഭ്യാസ ചിന്തകരുടെ മുന്നിൽ ഒരു മഹാവിസ്മയമായി നില്ക്കുന്ന വിശ്വവിദ്യാലയമായ ശാന്തിനികേതനത്തിന്റെ സംസ്ഥാപനം നിർവ്വഹിച്ച വിദ്യാവിചക്ഷണനായ രബീന്ദ്രനാഥ ടാഗൂർ തന്നെയാണ് ഗീതാഞ്ജലീ രചനയിലൂടെ ഭാരതത്തിന് നോബൽ സമ്മാനം നേടിത്തന്നത്. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ മഹിമ വിളംബരം ചെയ്യുന്ന ഇതിവൃത്തത്തിന്റെ കാവ്യാവിഷ്കാരത്തിനു കുമാരകവിക്ക് വേദിയായത് മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കൽ ഗ്രാമമായിരുന്ന എന്ന വസ്തുതയും ഇത്തരുണത്തിൽ സ്മരണീയമാണ്.

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ സർവ്വതോന്മുഖമായ വ്യക്തിത്വവികാസമാണ്. എന്നാൽ നിലവിലുള്ള വിദ്യാഭ്യാസ സംവിധാനം മാനവികത, ഭൂതയ, അനുകമ്പ എന്നിവ വളർത്തുന്നതിനു പര്യാപ്തമല്ല. അദ്ധ്യാനത്തിന്റെ മഹത്വം ബാലമനസ്സുകളിൽ വളർത്തുന്നതിനും ചരിത്രത്തിന്റെ ചോരച്ചാലുകളിൽ വീണടിഞ്ഞവരുടെ ത്യാഗസുരഭിലമായ ജീവിതഗാഥകൾ ഇന്നിന്റെ ആവേശമാകുന്നതിനും ഉതകണം വിദ്യാഭ്യാസം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളിൽ സ്ഥാപിതമായ മുരുക്കുംപുഴ മണിയൻവിളാകം പ്രാഥമിക വിദ്യാലയമാണ് മംഗലപുരം പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സ്കൂൾ. മഹാകവി കുമാരനാശാൻ സ്ഥാപിച്ച ഇന്നത്തെ മുരുക്കുംപുഴ സെയിന്റ് അഗസ്റ്റിൻ സ്കൂളാണ് പഞ്ചായത്തിൽ രൂപീകൃതമായ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനം. പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ ആയ തോന്നയ്ക്കൽ ഗവ: എച്ച്. എസ്. രജതജൂബിലി വർഷം പിന്നിട്ടിരിക്കുന്നു. ഇടവിളാകം ഗവ: യു.പി.സ്കൂൾ, തോന്നയ്ക്കൽ എൽ.പി.സ്കൂൾ, പാട്ടത്തിൽ ഗവണ്മെന്റ് എൽ.പി.സ്കൂൾ, കോരാണി ഗവ: എൽ.പി.സ്കൂൾ, കൈലാത്തുകോണം പഞ്ചായത്ത് എൽ.പി.സ്കൂൾ, മംഗലപുരം എൽ.പി.സ്കൂൾ എന്നിവയാണ് പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന മറ്റു വിദ്യാലയങ്ങൾ. എ.ജെ. കോളേജ് ഒഫ് സയൻസ് ആന്റ് ടെക്നോളജി. എ.ജെ.കോളേജ് ഒഫ് ഫാർമസി എന്നിങ്ങനെ സ്വകാര്യ ഉടമയിൽ പ്രവർത്തിക്കുന്ന രണ്ട് സ്വാശ്രയ കോളേജുകളും ഇവിടെയുണ്ട്. ഇവയ്ക്ക് പുറമെ മുന്ന് അൺറെക്കഗ്നൈസ്ഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ട്യൂട്ടോറിയൽ കോളേജുകളും പഞ്ചായത്തിനുള്ളിലെ വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നു. പരിമിതമായ തോതിൽ നൂറോളം സ്കൂളുകളും ബാലവാടികളും ശിശുവിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്നുണ്ട്.

പ്രാരബ്ധങ്ങളുടെ നീർച്ചുഴികളിലാണ് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുമെന്ന് പറഞ്ഞാൽ തെറ്റില്ല. കുട്ടികൾക്ക് ഇരിക്കാനിടമില്ല. ഉള്ള ഇടങ്ങൾ അറ്റകുറ്റപ്പണികൾ നടത്താതെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. അധികൃതപക്ഷത്തു നിന്നു വേണ്ടത്ര പരിശോധനയോ പരിഗണനയോ ഇല്ല. എല്ലാ അവഗണനകളും ഒരുനാൾ അവസാനിക്കും എന്ന പ്രതീക്ഷയിൽ വേഴാമ്പൽ പോലെ കാത്തിരിക്കുകയാണ് ഇന്നും നാട്ടുകാർ.

ഈ അവസ്ഥ ഇങ്ങനെ തുടർന്നുപോകുവാൻ നാം അനുവദിച്ചുകൂടാ. അടിയന്തരപ്രധാന്യമുള്ള ആസൂത്രണം ചെയ്തു സ്കൂളുകളുടെ ഭംഗിയായ നടത്തിപ്പിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുകയാണ് നമ്മുടെ മുമ്പിലുള്ള ആദ്യത്തെ ലക്ഷ്യം. ഇതിലേക്ക് ഒത്തുചേർന്നു പ്രവർത്തിക്കുവാനുള്ള സന്നദ്ധതയും സഹകരണവും പൊതുജനപക്ഷത്തു നിന്നും ഉണ്ടാവണം.

പദ്ധതികൾ

1. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത.
2. സ്കൂളുകളിലെ അപര്യാപ്തമായ ഭൗതികസാഹചര്യങ്ങൾ.
3. വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച.
4. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അതിർവിട്ട ആഭിമു

ഖ്യം.

5. എസ്.എസ്.എൽ.സി. വിജയശതമാനം കുറവ്.

6. വേണ്ടത്ര പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യമില്ലായ്മ.

7. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലായ്മ.

8. അദ്ധ്യാപന വൃത്തിയിൽ പലരും പുലർത്തുന്ന യാന്ത്രികതയും, ചിലരുടെ പ്രതിബദ്ധതാരാഹിത്യവും.

9. കലാകായിക മേഖലകളിൽ സ്കൂളിൽ നിന്ന് വിദ്യാർത്ഥികൾക്ക് പ്രോൽസാഹനമോ സൗകര്യങ്ങളോ ലഭിക്കുന്നില്ല.

10. വിദ്യാലയങ്ങളിലെ അച്ചടക്കരാഹിത്യവും കൃത്യതയില്ലായ്മയും.

11. ബാലവാടികളിൽ വേണ്ടത്ര പഠനോപകരണങ്ങളില്ലാത്ത അവസ്ഥ.

12. അദ്ധ്യാപകരിൽ പലരുടെയും ശ്രദ്ധ പ്രൈവറ്റ് ട്യൂഷനിൽ കേന്ദ്രീകരിക്കുന്നതിനാൽ സ്കൂൾ അദ്ധ്യാപനം ശുഷ്കമായിപ്പോകുന്നു.

13. പഴഞ്ചൻ പരീക്ഷാസമ്പ്രദായവും മൂല്യനിർണയരീതിയും.

14. കാലഹരണപ്പെട്ടതും യഥാർത്ഥ ബോധമില്ലാത്തതുമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും.

15. പൊതുമേഖലയിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളില്ലാത്തത്.

16. അദ്ധ്യാപകരക്ഷകർത്തൃസമിതിയുടെ പ്രാധാന്യം ബന്ധപ്പെട്ടവർ മനസ്സിലാക്കുന്നില്ല.

17. സമീപവാസികളായ പല അദ്ധ്യാപകരുടെയും സ്വകാര്യ ജീവിത പ്രശ്നങ്ങൾ അദ്ധ്യാപനവൃത്തിയുമായി കെട്ടുപിണഞ്ഞു പോകുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.

18. ഒരു പരിഷ്കൃത സമൂഹത്തിനു നിരക്കാത്ത വിധത്തിൽ വിദ്യാർത്ഥികൾക്കിടയിൽ ഉച്ചനീചത്വങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള രണ്ടുതരം വിദ്യാഭ്യാസസംമ്പ്രദായം.

19. പല അൺ എയ്ഡഡ് സ്കൂളുകളിലും എസ്.എസ്.എൽ.സി. പരീക്ഷയിൽ നടത്തുന്ന ക്രമക്കേടുകൾ.

20. ചില ഹെഡ്മാസ്റ്റർമാരുടെ കാര്യശേഷിക്കുറവ്.

21. സ്കൂൾ സമയത്തിലെ അസൗകര്യങ്ങളും അശാസ്ത്രീയതയും.

2. ഉയർന്ന അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം.

3. വിദ്യാലയങ്ങളിൽ വേണ്ടത്ര ദൃശ്യശ്രാവ്യ മാധ്യമങ്ങളില്ലായ്മ.

4. തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിദ്യാലയങ്ങളുടെ അപര്യാപ്തത.

5. സമയാസമയങ്ങളിൽ സ്കൂൾ ഇൻസ്പെക്ഷൻ നടത്താത്തത്.

നിർദ്ദേശങ്ങൾ

1. ഡി.പി.ഇ.പി, വിദ്യാജ്യോതി തുടങ്ങിയ സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കിയാൽ സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ദൂരീകരിക്കാൻ കഴിയും.

2. സ്കൂളുകളിൽ ആവശ്യത്തിനുള്ള ക്ലാസ് മുറികൾ, ടോയ്ലറ്റ് സൗകര്യം, സ്റ്റാഫ് റൂം, പാചകസൗകര്യം, കുടിവെള്ളം, വൈദ്യുതി, പഠനോപകരണങ്ങൾ, ചുറ്റുമതിൽ എന്നിവ നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

3. അപ്പർ പ്രൈമറി-ഹൈസ്കൂൾ തലങ്ങളിൽ അദ്ധ്യയന സമയം 8 മണിമുതൽ 1 മണിവരെയാക്കുക

4. അദ്ധ്യാപക വിദ്യാർത്ഥി ബന്ധം കൂടുതൽ ഹൃദ്യവും മാതൃകാപരവുമാക്കുക.

5. പ്രൈമറി വിദ്യാഭ്യാസം പൂർണമായും മലയാളത്തിലാക്കുക.

6. എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്താൻ വേണ്ടി വെക്കേഷൻ കാലത്ത് റെഗുലർ ക്ലാസ്സുകൾ നടത്തുക.

7. വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക.

8. സാക്ഷരതാ വിദ്യാഭ്യാസപ്രവർത്തനം പുനസ്ഥാപിക്കുക, പ്രത്യേക പ്രാധാന്യം നല്കി തുടർ വിദ്യാഭ്യാസം നടപ്പിൽ വരുത്തുകയും ചെയ്യുക.

9. അദ്ധ്യാപനം സഫലമായി നടത്തുന്നതിന് അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന കോഴ്സുകൾ നടത്തുക.

10. സ്കൂളുകളിൽ കലാകായിക അദ്ധ്യാപകരെ നിയമിക്കുകയും കലാകായിക പ്രവർത്തനങ്ങൾ സജീവമായി നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

11. ബാലവാടികൾക്ക് പഠനോപകരണങ്ങൾ നല്കുക.

12. പ്രൈവറ്റ് ട്യൂഷനിൽ ഏർപ്പെടുന്ന അദ്ധ്യാപകർക്കെതിരെ

കർശനമായ നടപടി കൈക്കൊള്ളുക

13 കാലാകാലങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുകയും ആവശ്യമെങ്കിൽ ശിക്ഷണ നടപടികളെടുക്കുകയും ചെയ്യുക.

14 ഒരു നിശ്ചിത കാലത്തെ സേവനത്തിനുശേഷം അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകേണ്ടതാണ്.

15 വാർഷിക അവധിക്കാലം മേയ്-ജൂൺ മാസങ്ങളിലാക്കുക.

16 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുക.

17 അദ്ധ്യാപക രക്ഷാകർതൃ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുകയും, സ്കൂളിലെ സമാധാനാന്തരീക്ഷം തകർന്നുപോകാതെ സൂക്ഷിക്കുകയും ചെയ്യുക.

18 അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രസക്തിയെ സംബന്ധിച്ച ബോധവത്കരണം ശക്തിപ്പെടുത്തുക.

19 രണ്ടു മാസത്തിലൊരിക്കലെങ്കിലും മാതൃസംഗമ പരിപാടി നടത്തുക.

20 രക്ഷാകർത്താക്കൾ മാസത്തിലൊരിക്കലെങ്കിലും സ്കൂളുകളിലെത്തി അദ്ധ്യാപകരുമായി വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര കാര്യങ്ങളന്വേഷിക്കുക.

21 പരീക്ഷാസമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുകയും മൂല്യനിർണയം അക്കാദമിക് കൗൺസിലിനെ ഏല്പിക്കുകയും ചെയ്യുക.

22 കർത്തവ്യ നിർവ്വഹണത്തെ സംബന്ധിച്ച് അദ്ധ്യാപകരെ അദ്ധ്യാപക സംഘടനകൾ ബോധവത്കരിക്കേണ്ടതാണ്.

23 പാഠ്യപദ്ധതി പരിഷ്കരിക്കുക.

24 വിദ്യാർത്ഥികളിൽ അദ്ധ്വാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്ന പാഠങ്ങൾ സിലബസിൽ ഉൾപ്പെടുത്തുക.

25 ദേശീയമുന്നേറ്റങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ ആവേശം വളർത്തുവാൻ പര്യാപ്തമായ ചരിത്രപാഠങ്ങൾ സിലബസിൽ ഉൾപ്പെടുത്തുക.

26 തോന്നയ്ക്കൽ ഗവണ്മെന്റ് ഹൈസ്കൂളിൽ വൊക്കേഷനൽ ഹയർസെക്കന്ററി/ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കുക.

27 എല്ലാ സ്കൂളികളിലും യൂണിഫാം സമ്പ്രദായം ഏർപ്പെടുത്തുക.

28 കോളേജ് പ്രവേശനത്തിനുള്ള അപേക്ഷകൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിച്ച് സെലക്ഷൻ നടത്തുക.

29 പഞ്ചായത്തിൽ പൊതുമേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

30 അൺ എയ്ഡഡ് സ്കൂളുകളിൽ എസ്സ്.എസ്സ്.എൽ.സി. പരീക്ഷാ സെന്ററുകൾ അനുവദിക്കാതിരിക്കുക.

31 പുന്നയ്ക്കുന്നം മുനമ്പുച്ചിറ സിമ്മിംഗ്പൂൾ ആക്കി വിദ്യാർത്ഥികൾക്ക് നീന്തൽ അഭ്യസനത്തിനുള്ള സൗകര്യം സൃഷ്ടിക്കുക.

32 ഉച്ചഭക്ഷണ പരിപാടി നീതിപൂർവ്വകവും കാര്യക്ഷമവുമാണെന്ന് ഉറപ്പു വരുത്തുക

33 ട്യൂട്ടോറിയലുകളും ട്യൂഷൻ സെന്ററുകളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

34 വിദ്യാസമ്പന്നരായ തൊഴിൽ രഹിതരുടെയും തൊഴിലന്വേഷകരുടെയും പേരുവിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാകണം.

35 ഗ്രാമങ്ങളിലെ പ്രധാനകേന്ദ്രങ്ങളിലെല്ലാം അങ്കണവാടികൾ സ്ഥാപിക്കുക.

36 അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1 : 30 ആക്കി കുറയ്ക്കുക.

37 ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ലഭ്യമാക്കി അദ്ധ്യാപനം കൂടുതൽ ശാസ്ത്രീയമാക്കുക.

38 കൈലാത്തുകോണം എൽ.പി.സ്കൂൾ, ഇടവിളാകം യു.പി.സ്കൂൾ മംഗലപുരം എൽ.പി.സ്കൂൾ ഇവയെ ഹൈസ്കൂളുകൾ ആയും, പാട്ടത്തിൽ എൽ.പി.സ്കൂൾ, കോരാണി എൽ.പി.സ്കൂൾ, മുരുക്കുംപുഴ എൽ.പി.സ്കൂൾ ഇവയെ യു.പി.സ്കൂളുകളായും അപ്ഗ്രേഡ് ചെയ്യണം.

39 L.B.S ന്റെ കീഴിൽ കമ്പ്യൂട്ടർ പരിശീലനകേന്ദ്രം അനുവദിക്കുക.

സ്കൂളിന്റെ പേര്	ശരാശരി ദൂരം	പരമാവധി ദൂരം
St. An Hs മുരുക്കുംപുഴ	0.3	3 km
LPS കൈലാത്തുകോണം	1 km	2 km
LPS പാട്ടത്തിൽ	0.9 km	2.1 km
LPS മംഗലപുരം	0.7 km	1 3/4 km
LPS കോരാണി	0.8 km	1 1/2 km
H.S തോന്നയ്ക്കൽ	1 1/2 km	4 1/2 km
LPS മുരുക്കുംപുഴ	0.8 km	1 1/2 km
UPS ഇടവിളാകം	1 km	2 km
LPS തോന്നയ്ക്കൽ	3/4 km	1 1/2 km

S.S.L.C. വിജയശതമാനം

G.H.S. തോന്നയ്ക്കൽ		St. An. H.S. മുരുക്കും	
91-92	35.8	91-92	25%
92-93	35.9	92-93	25%
93-94	45.4	93-94	30%
94-95	46.4	94-95	26%
95-96	41.1	95-96	26%

സ്കൂളിൽ പുതിയതായി നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പട്ടിക

സ്കൂളിന്റെ പേര്	അടുക്കുപടനികൾ	പുതിയ കെട്ടിടം	ചുറ്റുമതിൽ	മുറ്റംപുര	കക്കൂസ്	പാചകപുര	സ്റ്റാഫ്മുറി	ഫർണിച്ചറുകൾ	ലാബ്	ലൈബ്രറി	കിണർ	താഴ്ന്ന് കിടപ്പില്ലെന്ന്	വൈദ്യുതി	പഠനോപകരണങ്ങൾ	ഭൂഗർഭശാസ്ത്രപ്രശ്നങ്ങൾ	
ഗവ: H.S. തോന്നയ്ക്കൽ	✓	✓	✓	✓	✓	✓	✓	✓	X	X	X	✓	X	✓	✓	✓ ചെയ്തിരിക്കുന്നത് ആവശ്യമുള്ളത്
st: അഗസ്റ്റിൻസ് H.S., മുരുക്കുംപുഴ	✓	X	X	X	X	X	X	✓	X	X	X	✓	X	✓	✓	X ആവശ്യമില്ലാത്തതിനെ സൂചിപ്പിക്കുന്നു
ഗവ: u.p.s ഇടവിളാകം	✓	X	✓	✓	✓	✓	✓	✓	✓	✓	X	✓		✓	✓	
ഗവ: L.P.S കോരാണി	✓	✓	✓	✓	✓	✓	✓	✓	X	✓	X	✓		✓	✓	
ഗവ: L.P.S തോന്നയ്ക്കൽ	✓	✓	✓	✓	✓	✓	✓	✓	X	✓	X	✓		✓	✓	
പഞ്ചാ: L.P.S കൈലാത്തുകോണം	✓	✓	✓	✓	✓	✓	✓	✓	X	✓	X	✓		✓	✓	
ഗവ: L.P.S മംഗലപുരം	✓	✓	✓	✓	X	✓	✓	✓	X	✓	X	✓		✓	✓	
ഗവ: L.P.S പാട്ടത്തിൽ	✓	✓	✓	✓	✓	✓	✓	✓	X	✓	X	✓		✓	✓	
ഗവ: L.P.S മുരുക്കുംപുഴ (മണിയംവിളാകം)	✓	✓		✓	X	✓	✓	✓	X	✓	X	✓		✓	✓	

സ്കൂളുകളിലെ ഭൗതിക സാഹചര്യം

ക്രമനമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീ :	സ്റ്റാഫ്റൂം :	ലാബ് :	ലൈബ്രറി	മുത്രപുര	കക്കൂസ് :	പാചകം :	വൈദ്യുതി	കളിസ്ഥലം	കിണർ :
1.	St. Augustin H.S.	4 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	കൈലാത്തുകോണംL.P.S.	96 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
3.	പാട്ടത്തിൽ L.P.S.	50 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	മംഗലപുരം L.P.S.	50 സെന്റ്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
5.	കോരാണി L.P.S.	50 സെന്റ്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	താല്ക്കാലികം	ഇല്ല	ഇല്ല	ഉണ്ട്
6.	തോന്നയ്ക്കൽ H.S.	21/2 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	താൽക്കാലികം	ഉണ്ട്	ഉണ്ട്	ഉണ്ട്
7.	മുരുക്കുംപുഴ L.P.S.	1 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
8.	ഇടവിളാകം U.P.S.	65 സെന്റ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	താല്ക്കാലികം	ഉണ്ട്	ഇല്ല	ഉണ്ട്
9.	തോന്നയ്ക്കൽ L.P.S.	80 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ഗ്രാമങ്ങളിലെ കുടിനീർ സ്രോതസ് കിണറുകളാണ്. 61.5 ശതമാനം കുടുബങ്ങൾക്ക് സ്വന്തമായി കിണറുകൾ ഉണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾ പൊതുകിണറുകളേയും പബ്ലിക് ടാപ്പുകളേയും സ്വകാര്യ കിണറുകളേയും ആശ്രയിക്കുന്നു.

രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. ചെമ്പകമംഗലം വാർഡ്:
   ആലപ്പുറം കുന്ന്, മാരണം കുന്ന്, വട്ടത്തറകുന്ന്, ലാൽഭാഗ് മിച്ചഭൂമി.
2. പാട്ടം വാർഡ്:
   പതിനാറാം കല്ല്, ചെമ്പകമംഗലം, ഊരുക്കോണം, പൊയ്കയിൽ, ഇടയാവണം, കല്ലുവെട്ടി.
3. വെയിലൂർ വാർഡ്:
   ഊന്നുകല്ലുമൂട്, ക്ലേമൈനിംഗ് ഏരിയ, ശാസ്ത്രവട്ടം, ശാസ്ത്രവട്ടം ബ്ലോക്ക് കോളനി നമ്പർ 48 49
4. കൈലാത്തുകോണം വാർഡ്:
   വിളവാരം, വലിയവിള, എൽ.പി.സ്കൂൾ പരിസരം, ചെപ്പള്ളിവിള.
5. തോന്നയ്ക്കൽ വാർഡ്:
   ഭൂദാനകോളനി, പാട്ടത്തിൻകര, ക്ലേമൈനിംഗ് ഏരിയ.
6. ഇടവിളാകം വാർഡ്:
   യു.പി.സ്കൂൾ പരിസരം. മാർത്താണ്ഡൻകരി, സാമിനഗർ.
7. മുരുക്കുംപുഴ വാർഡ്:
   കായലോര പ്രദേശങ്ങൾ, കാളകണ്ഠേശ്വരം ക്ഷേത്രത്തിന്റെ കിഴക്കൻ ഭാഗങ്ങൾ.
8. മുരിങ്ങമൺ വാർഡ്:
   മുട്ടുക്കോണം, കണ്ടുകൃഷിക്കോളനി, സൊസൈറ്റി നട, ശാസ്ത്രാംകാവ്.
9. മംഗലപുരം വാർഡ്:
   മംഗലപുരം ജംഗ്ഷൻ, മോഹനപുരം, ക്ലേമൈനിംഗ് ഏരിയ.
10. മുല്ലശ്ശേരി വാർഡ്:
    കോളനി പ്രദേശങ്ങൾ അന്തോണി മല, പണിക്കൻവിള, കരിഞ്ചലയ്ക്കൽ, പി.എച്ച്.സെന്റർ പരിസരം, മുല്ലമംഗലഭാഗം, നെടുകമ്പ്, മുണ്ടുകോണം, മടത്തുവിളാകം.
11. മുണ്ടയ്ക്കൽ വാർഡ്:
    ഖാൻകോളനി, ലക്ഷംവീട് കോളനി; ഹരിജൻ കോളനി
12. കോഴിമടവാർഡ്:
    ഹോളിക്രോസ് ആശുപത്രി പരിസരം, തീരദേശ ഭാഗങ്ങൾ
13. പുന്നെക്കുന്നം വാർഡ്:
    ഐക്കുട്ടിക്കോണം, അസംബ്ലിമുക്ക്.

പ്രശ്നങ്ങൾ

1. ക്ലേ മൈനിംഗ് ഭൂഗർഭ ജലഗതികളിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ സമീപസ്ഥമായ കിണറുകളുടെ ഉറവകൾ വറ്റിക്കുന്നു.
2. മഴവെള്ളം സംഭരിച്ചുനിറുത്താതെ ഒഴുകിപോകുന്നതിനാൽ ഭൂഗർഭജല സ്രോതസ്സ് സംപുഷ്ടമാകുന്നില്ല.
3. അക്കേഷ്യാ മരങ്ങൾ വളർന്നുനില്ക്കുന്ന പ്രദേശങ്ങളിലെ കിണറുകൾ വറ്റുന്നു.

നിർദ്ദേശങ്ങൾ

1. കുളങ്ങളും ചിറകളും വൃത്തിയാക്കി ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കുക.
2. വിദഗ്ദ്ധ പരിശോധനയിൽ അനുയോജ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുക.
3. പ്രവർത്തനരഹിതമായ കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കുക.

4 എൻ.എച്ച്-47 റോഡിന്റെ സൈഡിൽ കോരാണി ചെമ്പകമംഗലം ഭാഗത്തുള്ള കാരിക്കുഴി എന്ന സ്ഥലത്ത് ഒരിക്കലും വറ്റാത്ത ജലസ്രോതസ്സ് ഭൂഗർജ്ജല വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കി ശുദ്ധ ജലവിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക.

5 ഗ്രാമാതിർത്തിയിലുള്ള ആനതാഴ്ചിറയിൽ മംഗലപുരം, അണ്ടൂർകോണം, പോത്തൻകോട് എന്നീ പഞ്ചായത്ത് പ്രദേശങ്ങൾക്കാവശ്യമായ ശുദ്ധജല സ്രോതസ് ഉണ്ട്. അനുയോജ്യമായ ബൃഹത്പദ്ധതിതയ്യാറാക്കി നടപ്പിലാക്കണം.

6 നിലവിലുള്ള പദ്ധതികളുടെ ഗുണം കൂടുതൽ പ്രദേശങ്ങളിലേക്കു വ്യാപിപ്പിക്കുക.

7 കോളനികളിലും ജനസാന്ദ്രത അധികമായ മറ്റിടങ്ങളിലും പൊതുകിണറുകൾ കുഴിക്കുക

8 ക്ലേ ഖനനം ചെയ്യുന്നിടത്ത് ഉണ്ടാകുന്ന വെള്ളം ശുദ്ധീകരിച്ച് സമീപസ്ഥലങ്ങളിൽ വിതരണം ചെയ്യുക.

9 നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ (കുളങ്ങൾ, കിണറുകൾ) രണ്ടു മാസത്തിൽ ഒരിക്കൽ ക്ലോറിനെസേഷനുവിധേയമാക്കുക.

10 എല്ലാസ്ഥലങ്ങളിലെയും കുടിനീർ സമയാസമയങ്ങളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങളേർപ്പെടുത്തുക.

11 സാനിട്ടറിസൗകര്യങ്ങൾ ഗ്രാമങ്ങളിൽ പൂർണ്ണമാക്കുകയും മുഴുവനും സെപ്റ്റിക് ടാങ്കുകൾ ആണെന്ന് ഉറപ്പാക്കുകയും വേണം.

12 അക്കേഷ്യാ മരങ്ങൾ നടുന്നത് നിരുത്സാഹപ്പെടുത്തുകയും പൊതുസ്ഥലങ്ങളിലെ അക്കേഷ്യ മുറിച്ചുനീക്കുകയും ചെയ്യുക.

പൊതുജനാരോഗ്യം

സുശ്രുതനും ധന്വന്തരിയും പകർന്നുതന്ന സഞ്ജീവന മന്ത്രങ്ങളാണ് ആരോഗ്യരംഗത്ത് ഭാരത ജനതയുടെ പൈതൃകം. പാരമ്പര്യത്തിന്റെ പൊരുളറിയാത്ത നമുക്കിന്ന് അത് കൈമോശം വന്നിരിക്കുന്നു. ആധുനികവത്കരണത്തിന്റെ കുതിരപ്പാച്ചിലിൽ ബോധപൂർവ്വമായോ അബോധപൂർവ്വമായോ ആ നിധി സഞ്ചയങ്ങൾ നാം എറിഞ്ഞുകളയുന്നു. കൈവിട്ടു കളഞ്ഞ മാണിക്യകല്ലിനൊപ്പം അകന്നു പോയപ്രകാശവലയങ്ങൾ തേടി തമസ്സിലുഴറുന്ന ഉരഗങ്ങളുടെ ശോകാവസ്ഥയിൽ നിന്ന് കരകയറാനുള്ള രക്ഷാമന്ത്രങ്ങൾ കൈയെത്തിപ്പിടിക്കാൻ ദൃഢശപഥമെടുക്കണം നമ്മൾ.

പ്രശ്നങ്ങൾ

1 മുഴുവൻ ജനങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുന്ന ആരോഗ്യ പരിപാലനകേന്ദ്രങ്ങളുടെ അഭാവം.

2 ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, കുടുംബക്ഷേമ വകുപ്പ്, കേന്ദ്രസർക്കാരിന്റെ വിവിധ ആരോഗ്യ പരിപാലന ഏജൻസികൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള ശിശുക്കൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്കൂൾ വിദ്യാർത്ഥികൾക്കും വേണ്ടിനടപ്പാക്കുന്ന വിവിധ ആരോഗ്യ പദ്ധതികൾ കാലാകാലങ്ങളിൽ വിമർശനപരമായി വിലയിരുത്താതിരിക്കൽ.

3 പി.എച്ച്.സെന്ററിൽ സ്ഥലസൗകര്യം, സ്റ്റാഫ്, ശുദ്ധജലവിതരണ സൗകര്യം, ആധുനികോപകരണങ്ങൾ എന്നിവ ആവശ്യത്തിനില്ലാത്തത്.

4 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആയുർവേദ ഹോമിയോ ഡിസ്പെൻസറികളുടെ കാര്യക്ഷമതയില്ലായ്മ.

5 പി.എച്ച്.സി.യുടെ കീഴിലുള്ള സബ്സെന്ററുകളുടെ പ്രവർത്തനം നിലച്ചത്.

6 മുഴുവൻ വീടുകൾക്കും കക്കൂസുകൾ ഇല്ലാത്തത്.

7 പൊതുസ്ഥലങ്ങളുടെയും കശാപ്പുശാലകൾ, ചന്തകൾ ഇവയുടേയും മുന്നിലെ കുപ്പക്കൂനകൾ.

8 ജനത്തിരക്കുള്ള കേന്ദ്രങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകളുടെ അഭാവം.

9 വേനല്ക്കാലത്താരംഭിച്ച് എട്ട് മാസക്കാലം തുടർച്ചയായി നില്ക്കുന്ന അതിരൂക്ഷമായ കൊതുകുശല്യം.

10 ഫാസ്റ്റ്ഫുഡ്, പ്രിസർവ് ചെയ്ത ടിൻ ഫുഡുകൾ, ബേക്കറി ഭക്ഷണങ്ങൾ തുടങ്ങിയവയോടുള്ള അതിരുകവിഞ്ഞ അടിനിവേശം.

11 ആരോഗ്യകരമായ ഒരു ഭക്ഷണ അവബോധത്തിന്റെ അഭാവം.

നിർദ്ദേശങ്ങൾ

1 പൊതുമേഖലയിലും സഹകാര്യമേഖലയിലുമുള്ള എല്ലാ ആരോഗ്യപരിപാലന കേന്ദ്രങ്ങളേയും ഏകോപിപ്പിക്കുന്ന ഒരു പഞ്ചായത്തല ജനകീയ കമ്മിറ്റി ഉണ്ടാകണം.

കമ്മിറ്റിയുടെ ഘടന:

അദ്ധ്യക്ഷ - പഞ്ചായത്ത് പ്രസിഡന്റ്

ഉപാദ്ധ്യക്ഷൻ - പഞ്ചായത്ത് വൈസ് പ്രസിഡന്റ്

അംഗങ്ങൾ: ഡോക്ടർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, സാമൂഹ്യപ്രവർത്തകർ

2 വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിയും, ആയുർവേദാശുപത്രിയും കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകത്തക്കരീതിയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കി കാര്യക്ഷമമാക്കുക.

3 അലോപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പണി പൂർത്തിയാകാതെ കിടക്കുന്ന 12 കിടക്കകളുള്ള ഐ.പി.വിഭാഗം എത്രയും വേഗം പ്രവർത്തനസജ്ജമാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന എല്ലാ ആധുനിക സജ്ജീകരണങ്ങളുമുള്ള ആശുപത്രിയാക്കുക.

4 കക്കൂസ് നിലവിലില്ലാത്ത എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കാനുള്ള വിപുലമായ ഒരു പദ്ധതി സത്വരമായി നടപ്പാക്കണം.

5 മംഗലപുരം ജംഗ്ഷൻ, മുരുക്കുംപുഴ ജംഗ്ഷൻ, 16-ാം കല്ല് ജംഗ്ഷൻ തുടങ്ങിയ ജനത്തിരക്കുള്ള സ്ഥലങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ച് ശുചിത്വപൂർണ്ണമായി സംരക്ഷിക്കുക.

6 ആടുമാട് കശാപ്പ് കുറ്റമറ്റതും ആരോഗ്യപ്രശ്നങ്ങൾക്ക് വഴിതെളിക്കാത്തതുമാക്കാൻ ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും പഞ്ചായത്ത് അധികൃതരുടേയും ആഭിമുഖ്യത്തിൽ ജാഗ്രതാപൂർണമായ നടപടിയുണ്ടാകണം.

7 രൂക്ഷമായ കൊതുകുശല്യം ഒഴിവാക്കുവാൻ മുതലപ്പൊഴി അഴിയാക്കുന്നത് തുടങ്ങിയുള്ള കാര്യമായ പദ്ധതികൾ, ആരോഗ്യവിദഗ്ദ്ധരുമായും, ഗവണ്മെന്റ് അധികൃതരുമായും ആലോചിച്ച് നടപ്പാക്കുക.

8 ഒരു പൊതു ശ്മശാനം നിർമ്മിക്കുക

9 മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിക്കണം.

10 അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം ഉറപ്പാക്കുന്നതിന് പ്രത്യേകക്ഷേമ പദ്ധതികൾ നടപ്പാക്കണം.

11 പേപ്പട്ടി ശല്യം പൂർണ്ണമായും നിർമ്മാർജനം ചെയ്യണം. ഇതിനായി മുഴുവൻ നായ്ക്കൾക്കും വാക്സിനേഷൻ നൽകണം. ഒപ്പം വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം.

12 പ്രകൃതി ചികിത്സയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാകുന്ന സ്ഥലം തെരഞ്ഞെടുത്ത് നല്ല നിലയിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം പ്രവർത്തിപ്പിക്കുക.

13 പൊതു സ്ഥലങ്ങളിൽ നിന്ന് ചപ്പുചവറുകൾ അന്നന്ന് തന്നെ നീക്കം ചെയ്യുക.

രോഗങ്ങളുടെ വിവരം -- 1995 - '96

	OP എണ്ണം	രോഗികളുടെ എണ്ണം			മറ്റുള്ള രോഗങ്ങൾ	ആകെ
		തക്ക്രോഗം	വാതരോഗം	പകർച്ചവ്യാധികൾ		
PHC മംഗലപുരം	44238	3	--	150	44085	44238
ഹോമിയോ ഡിസ്പെൻസറി	14387	5115	4214	3415	1643	14387
ആയുർവേദ ഡിസ്പെൻസറി	14791	3026	6000	105	5660	14791
ആകെ	73416	8144	10214	3670	51388	73416

രോഗികളുടെ വർദ്ധന -- 1992 മുതൽ 1996 വരെ.

വർഷം	OP			ആകെ
	PHC	ഹോമിയോ	ആയുർവേദം	
1992 - 93	39575	--	28370	67945
1993 - 94	39836	--	24691	64527
1994 - 95	37528	--	15476	53004
1995 - 96	44238	14387	14791	73416
ആകെ	161177	14387	83328	258892

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

യാത്രാ ദുരിതങ്ങളുടെ അങ്ങോടിയാണ് മംഗലപുരം പഞ്ചായത്ത്. റോഡുകൾ വേണ്ടത്രയില്ല. ഉള്ള റോഡുകൾക്ക് വേണ്ടത്ര വീതിയില്ല. ഓടകളില്ല. മിക്ക റോഡുകൾക്കും അലങ്കാരം കുണ്ടുകളും കുഴികളും മാത്രം. അവർക്ക് സഞ്ചാരസൗകര്യത്തിനാവശ്യമായത്ര വാഹനങ്ങളില്ല. ഉള്ള വാഹനങ്ങൾ സ്റ്റോപ്പുകളിൽ നിറുത്തുന്നതും അപൂർവ്വം. ഇത്രയുമായാൽ ഇനിപറയേണ്ടതില്ലല്ലോ. മംഗലപുരം നിവാസികളുടെ യാത്രാ ദുഃഖങ്ങളെത്ര കഠിനകരമെന്ന്.

കരഗതാഗതത്തിനുള്ള സൗകര്യങ്ങൾ ഇവിടെ മൂന്നു വിഭാഗങ്ങളായി ഗണിക്കാം.

ഒന്ന് : തീരപ്രദേശങ്ങളിലുള്ളവ

രണ്ട് : കോരാണിമുതൽ കുറക്കോടു വരെ നീളുന്ന നാഷണൽ ഹൈവേയും കോട്ടറക്കരിമുതൽ കരിച്ചാറവരെ എത്തുന്ന സമാന്തര തീരദേശറോഡും മുരുക്കുംപുഴ കടവുമുതൽ മോഹനപുര് വരെയുള്ള പി.ഡബ്ല്യുഡി റോഡും.

മൂന്ന് : ചെമ്പകമംഗലം - ഊരുപുപ്പൊയ്ക, പതിനാറാംകല്ല് - വേങ്ങോട്, ആശാൻ സ്മാരകം - മഞ്ഞമല, സ്മാരകം - ശാസ്തവട്ടം തുടങ്ങിയ ഇടറോഡുകൾ നാഷനൽ ഹൈവേയിൽ മംഗലപുരം ജംഗ്ഷൻ, തോന്നയ്ക്കൽ പതിനാറാം കല്ല, ചെമ്പക മംഗലം, കോരാണി എന്നിവയും തീരദേശറോഡിൽ കരിച്ചാറ, വരിക്കുമുക്ക്, മുരുക്കുംപുഴ, കോഴിമട, കോട്ടറക്കരി ഇവയും മറ്റ് ഇടറോഡുകളിൽ മഞ്ഞമല, വേങ്ങോട്, മുട്ടുക്കോണം, മുറിഞ്ഞ പാലം, ഉടയാവണം, പാട്ടത്തിൻകര, അസംബ്ലി മുക്ക്, വൈ.എം.എ, കൈലാത്തുകോണം കുറക്കട മുതലായവയും ആണ് പഞ്ചായത്ത് അതിർത്തിക്കുള്ളിലെ പ്രധാന ബസ്സ്റ്റോപ്പുകൾ. മംഗലപുരം ജംഗ്ഷനിൽ മാത്രമേ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ് ഫാസ്റ്റ് പാസഞ്ചറുകൾ നിർത്തുന്നുള്ളു. ദീർഘദൂര ലിമിറ്റഡ് സ്റ്റോപ്ഫാസ്റ്റ് പാസഞ്ചറുകൾ, എക്സ്പ്രസ്, ഡീലക്സ്എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് തുടങ്ങിയുള്ള ബസ്സുകൾ ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ എവിടെയും നിർത്തുന്നില്ല.



മംഗലപുരം ജംഗ്ഷൻ

മംഗലപുരം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലുള്ള ദൂര യാത്രയ്ക്ക് ബസ്തേടിയെത്തുന്നത് മംഗലപുരം ജംഗ്ഷനിലാണ്. പോത്തൻകോട്, അഴൂർ, മുദാക്കൽ, കീഴുവിലം എന്നി പഞ്ചായത്തുകളിലെ ജനങ്ങളും ഹൈവേയാത്രയ്ക്ക് ആശ്രയിക്കുന്നത് മംഗലപുരം ബസ് സ്റ്റോപ്പിനെത്തന്നെയാണ്. ഇവിടെ ഹൈവേയാത്രയ്ക്കായി വന്നു പോകുന്നവരുടെ പ്രതിദിനശരാശരി 5100 ആണ്.

ദേശസാൽകൃത റൂട്ടുകളിലും മറ്റു റോഡുകളിലും ഒരുപോലെ തന്നെ ആവശ്യാനുസരണം ബസ് സർവ്വീസ് ഇല്ലാത്തതിനാൽ പാരലൽ സർവീസ് നടത്തുന്ന ട്രക്കർ-ടെമ്പോവാഹനങ്ങളെയാണ് യാത്രക്കാർ അധികവും ആശ്രയിക്കുന്നത്. ഈ വാഹനങ്ങൾ സർവ്വീസ് നടത്തുന്ന രീതി പലപ്പോഴും ക്രമരഹിതവും ക്രൂരവുമാണ്. ഇതു മൂലം യാത്രക്കാരുടെ ജീവനുതന്നെ ഗുരുതരമായ ഭീഷണി നിലനില്ക്കുന്നുണ്ട്.

വാഹനങ്ങളുടെ സ്ഥിതിവിവരക്കണക്ക്

വാഹനങ്ങളുടെ ഇനം	എണ്ണം
ടാക്സി കാറുകൾ	63
ഓട്ടോ റിക്ഷ	96
ലോറികൾ, മിനിലോറികൾ	23
പ്രൈവറ്റ് കാറുകൾ	96
ബസ്സുകൾ	9

ആദ്യകാല റോഡ്ഗതാഗതോപാധികളിലൊന്നായ കാളവണ്ടികൾ മംഗലപുരം ഗ്രാമങ്ങളിൽ നിന്നു പൂർണമായും തിരോധാനം ചെയ്തിട്ടില്ല. വേഗത മുഖമുദ്രയാക്കിയ പുതിയ തലമുറ നിരത്തുകളിലെ ദൃശ്യകുനമായിക്കരുതുന്ന ഈ വാഹനങ്ങളും ചിലപ്പോഴെങ്കിലും റോഡപകടങ്ങൾക്ക് കാരണമായിത്തീരാറുണ്ട്. ഇരുചക്രവാഹനമായ സ്കൂട്ടർ, മോട്ടോർ ബൈക്ക് തുടങ്ങിയവയുൾപ്പെടെ മോട്ടോർ വാഹനങ്ങളുടെ അതിവേഗം തന്നെയാണ് പലപ്പോഴും അപകടങ്ങളുടെ മുഖ്യകാരണം. സംസ്ഥാനതലത്തിൽ തന്നെ ഏറ്റവും കൂടുതൽ അപകടം നടക്കുന്ന ചില പ്രത്യേക സ്ഥലങ്ങൾ മംഗലപുരം പഞ്ചായത്തിനുള്ളിൽ എൻ.എച്ച്. 47-ൽ ഐഡന്റിഫൈ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന വസ്തുതയും ശ്രദ്ധേയമാണ്. റോഡു നിർമ്മാണത്തിലെ വൈകല്യവും അപകടകാരണമായിത്തീരുന്നു എന്ന സംഗതിയാണ് ഇതിൽ നിന്ന് വെളിവാകുന്നത്. മംഗലപുരത്തു കൂടി കടന്നുപോകുന്ന ഹൈവേഭാഗങ്ങൾ അപകട സാദ്ധ്യത കുടിയ മേഖലയായി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ പ്രസ്തുത പ്രഖ്യാപനമല്ല റോഡുനിർമ്മാണത്തിൽ പറ്റിപ്പോയ പാളിച്ചകൾ പരിഹരിക്കുകയാണ് അപകടസാദ്ധ്യതകൾ ഇല്ലാതാക്കാൻ നാം ചെയ്യേണ്ടതാണ്.

പ്രശ്നങ്ങൾ

1. വേണ്ടത്ര ഇടറോഡുകളും ഇടവഴികളും ഇല്ലാത്തതിനാൽ ജനങ്ങൾക്കനുഭവപ്പെടുന്ന രൂക്ഷമായ യാത്രാക്ലേശം.
2. നിലവിലുള്ള ഇടറോഡുകളുടെ ശോചനീയാവസ്ഥ.
3. റോഡിന്റെയും ഇടവഴികളുടെയും വീതിക്കുറവ്.
4. കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിച്ച് അധിക ദിവസം കഴിയും മുമ്പ് അവസാനിപ്പിക്കുന്ന അവസ്ഥ.
5. ഓടകളുടെയും കൾവെർട്ടുകളുടെയും അഭാവം.
6. റോഡ് അരികുകളിൽ വൃക്ഷങ്ങളില്ലാതായതുമൂലം മണ്ണൊലിച്ച് റോഡിൽ അപകടസാധ്യതയുണ്ടാക്കുന്നതും ഓടകൾ നികന്നു പോകുന്നതും.
7. സമാന്തര സർവീസുകളിലെ ഓവർലോഡ്.
8. സമാന്തരസർവീസുകളുടെ പരസ്പര മത്സരം.
9. ആവശ്യമായത്ര ബസ് സർവീസ് ഇല്ലാത്തത്.
10. ബസ്സുകൾ സ്റ്റോപ്പുകളിൽ നിർത്താതിരിക്കുന്നതുമൂലം യാത്രക്കാർ ബസ്സുകളുടെ പിന്നാലെ പരക്കം പായേണ്ടിവരുന്നു.
11. ഹൈവേയിൽ റോഡ് അരികിൽ നെടുകെ ലൈൻ ഇടതിരിക്കുന്നതുമൂലം രാത്രികാലങ്ങളിൽ അപകടസാദ്ധ്യതയുണ്ട്.
12. വാഹനങ്ങളിലെ നമ്പരുകൾ പലരൂപത്തിൽ, ജനങ്ങൾക്ക് വേഗം വായിച്ചറിയാൻ കഴിയാത്തവിധം ആകുന്നതിനാൽ അപകട മുഹൂർത്തങ്ങളിൽ നമ്പർ നോട്ട് ചെയ്യാനാകുന്നില്ല.
13. വാഹനനമ്പരുകളിൽ ചില വാഹന ഉടമകൾ നടത്തുന്ന തിമിരി

ഗതാഗത-പട്ടിക

ക്രമ നമ്പർ	റോഡുകളുടെ പേര്	നിർദ്ദേശങ്ങൾ
1	കല്ലിപ്പാറ തിരുവനന്തപുരം റോഡ്	മെറ്റൽ ചെയ്യുക
2	മണ്ണാത്തൊടി ബാവ കോളനി റോഡ്	സഞ്ചാരയോഗ്യമാക്കുക
3	കല്ലുവിളാകം പിറയിൽ -തലമൂക്കുറോഡ്	ബന്ധിപ്പിക്കുക
4	കരിക്കുളം - വെള്ളാംകുളം	ഗതാഗതയോഗ്യമാക്കുക
5	ബേക്കറിജംഗ്ഷൻ - മണ്ണാതൊടി	വീതികൂട്ടുക
6	കുന്നിൻപള്ളി - ഏലായിലേയ്ക്കുള്ള വഴി	വീതികൂട്ടുക
7	ഇടക്കുളക്കര ക്ഷേത്രം - കടവ്റോഡ്	മെറ്റൽ ചെയ്യുക
8	കടവ് ജംഗ്ഷൻ - ക്രിസ്റ്റ്യൻപള്ളി. സ്റ്റേഡിയം റോഡ്	ടാർ ചെയ്യുക
9	അമ്പൻകോവിൽ - തോപ്പ് ജംഗ്ഷൻ റോഡ്	ടാർ ചെയ്യുക



10	തോപ്പിൽ, അക്കരെവിള, തുരുക്കുംമുഴ ചേരുന്ന റോഡ്	ടാർ ചെയ്യുക
11	തോപ്പിൽ - മംഗലപുരം - തുരുക്കുംമുഴ റോഡ്	സ്ട്രെൻതനിംഗ് ചെയ്യുക
12	ഇടവിളാകം ലക്ഷംവീട് റോഡ്	സഞ്ചാരയോഗ്യമാക്കുക
13	കുറക്കോട് ലക്ഷംവീട് റോഡ്	സഞ്ചാരയോഗ്യമാക്കുക
14	ഇടവിളാകം കുന്നുകുഴി കോണത്തും കൂടി വരുന്ന റോഡ്	സഞ്ചാരയോഗ്യമാക്കുക
15	കുന്നുംപുറത്തുള്ള റോഡ്	സഞ്ചാരയോഗ്യമാക്കുക
16	NH-ൽ നിന്നും ഇടവിളാകം ups-ൽ വന്നു ചേരുന്ന റോഡ്	സഞ്ചാരയോഗ്യമാക്കുക
17	കോണത്തുംനിന്ന് ചെമ്പകക്കുന്ന് ക്ഷേത്രത്തിലേക്കുള്ള റോഡ്	സഞ്ചാരയോഗ്യമാക്കുക
18	ലക്ഷംവീട് - മാർത്താണ്ഡംകര, വരിക്കതുക്കിൽ എത്തുന്നത്	സഞ്ചാരയോഗ്യമാക്കുക
19	മംഗലപുരം, പോൾകോളനി വഴി ഹരിജൻ കോളനിയിൽ	സഞ്ചാരയോഗ്യമാക്കുക
20	തുരുത്തിൽ നിന്ന് മിഡ്പൈപിൽകൂടി പോൾ കോളനി റോഡ്	സഞ്ചാരയോഗ്യമാക്കുക
21	തുണ്ടയ്ക്കൽ ഹരിജൻ കോളനിയിൽ നിന്ന് HS ഗ്രൗണ്ടിലേക്കുള്ള റോഡ്	വീതി കൂട്ടി ടാർ ചെയ്യുക
22	അമ്പൻ കോവിൽ - ആനൂർപുരയിടം വഴി	വീതികൂട്ടുക
23	തൊന്നയ്ക്കൽ ഷെഡുനാഥ് റോഡിന്റെ ബാക്കി ഭാഗം	ടാർ ചെയ്യുക
24	വാലിക്കോണം - വെയിലൂർ എലാറോഡ്	ടാർ ചെയ്യുക
25	AKG മുക്ക് - വയലിലേക്കുള്ള വഴി	ഗതാഗതയോഗ്യമാക്കുക
26	കോഴിപ്പുറമുക്ക് - തെക്കേക്കോണം റോഡ് വാലിക്കോണം റോഡ്	സന്ധിപ്പിക്കുക
27	മംഗലപുർ തുരുക്കുംമുഴ റോഡിൽനിന്നും റോഡ്	സഞ്ചാരയോഗ്യമാക്കുക
28	PH- സെന്ററിലേക്കുപോകുന്ന റോഡ്	മെറ്റൽ ചെയ്യുക
29	ഇടവിളാകം മുക്കിൽ നിന്ന് ഊറ്റുക്കു-ഉത്തിലേക്കുള്ള വഴി	സഞ്ചാരയോഗ്യമാക്കുക
30	പണിക്കംവിളാകം റോഡ്	വീതികൂട്ടി അറ്റകുറ്റപണി ചെയ്യുക
31	ഷെഡുനാഥ റോഡിൽ കുഴിവിളാഗത്തു നോഡ്	ഭിത്തി കെട്ടി മെറ്റലിപ്പ് ചെയ്യുക
32	കോട്ടറക്കരി, വെയിലൂർ, ശാസ്തവട്ടം ചെമ്പകമംഗലം റോഡ്.	ടാർ ചെയ്യുക
33	ഷെഡുനാഥ് ബസ് - പ്രായിൽ ഭാഗത്തുള്ള റോഡ	സഞ്ചാരയോഗ്യമാക്കുക
34	പാറയിൽ നിന്ന് കോഴിമട റോഡ്	സഞ്ചാരയോഗ്യമാക്കുക
35	കുന്നിൽ റോഡ്, വലിയക്ഷേത്രമുക്ക് കായലോരംവരെയുള്ള വഴി	ഗതാഗതയോഗ്യമാക്കുക
36	വെയിലൂർ ഹെയ്ത്ത്-ആശുപത്രി മുതൽ പേരക്കായ് തുടുക്കാവ്	ഗതാഗതയോഗ്യമാക്കുക
37	മാത്തിൽ ഇടവഴി	ഗതാഗതയോഗ്യമാക്കുക
38	ഊന്നു കല്ലുമൂട്, കയ്വടറോഡ്, പിലാവ് ഏലായ്, ചൊരുമുണ്ടം പിലാവ് നാലുമുക്ക് H.S. വെയിലൂർ വഴി	സഞ്ചാരയോഗ്യമാക്കുക
39	കാട്ടിൽ ഇടവഴിറോഡ് വാലിക്കോണം ക്ഷേത്രം റോഡ്	സഞ്ചാരയോഗ്യമാക്കുക
40	ശാസ്തവട്ടം ബ്ലോക്ക് -46, 47, 48, തുടങ്ങിയവ ഉൾക്കൊള്ളുന്ന	ഗതാഗതയോഗ്യമാക്കുക
41	ശാസ്തവട്ടം മാർട്ടിൻകട 49-ാം ബ്ലോക്ക് അഴുർപഞ്ചായത്ത് റോഡിൽ എത്തുന്നവ	ഗതാഗതയോഗ്യമാക്കുക
42	ആലുവിള - കോണി പബ്ലിക് മാർക്കറ്റിന് സമീപം NH-ൽ എത്തുന്ന റോഡ്	ബാക്കി റോഡുവെട്ടി ടാർ ചെയ്യുക
43	മാണംകുന്ന് കോളനി റോഡ്	സഞ്ചാരയോഗ്യമാക്കുക
44	ലാൽഗേറ്റ് മിച്ചഭൂമി റോഡ്	ഗതാഗതയോഗ്യമാക്കുക
45	YMA പിഷ്പനിഹാനിവഴിയുള്ള വഴി	സഞ്ചാരയോഗ്യമാക്കുക
46	കുടമൺകോട് റോഡ്	ഗതാഗതയോഗ്യമാക്കുക
47	NH-ൽ നിന്നും പിച്ചിക്ക വഴി അസംബ്ലിഗേറ്റ്	ഗതാഗതയോഗ്യമാക്കുക
48	ചെമ്പകമംഗലം - ശാസ്തവട്ടം - റോഡ്	ടാർചെയ്യുക

49	ശാസ്താവട്ടം - കിഴക്കുംകരവഴി ചെമ്പകമംഗലം ഏലായ്	വികസിപ്പിക്കുക
50	കൈലാത്തുകോണം കലിംഗഭാഗം - ഐറ്റി കോണം ട്രാൻസ്ഫോർമർവരെയുള്ളറോഡ്	നിർമ്മിക്കുക
51	ശാസ്താവട്ടം തെറ്റിച്ചിററോഡ്	ഗതാഗതയോഗ്യമാക്കുക
52	ചെമ്പകമംഗലം കൈലാത്തുകോണം റോഡ്	സഞ്ചാരയോഗ്യമാക്കുക
53	വലിയവിള ജംഗ്ഷനിൽനിന്ന് മാടൻനട ക്ഷേത്രത്തിലേക്കുള്ള റോഡ്	സഞ്ചാരയോഗ്യമാക്കുക
54	കൈലാത്തുകോണം LPS റോഡ്	ഗതാഗതയോഗ്യമാക്കുക
55	വലിയവിളനിന്നും വടക്കുംഭാഗത്തേക്ക് പോകുന്ന റോഡ്	ഗതാഗതയോഗ്യമാക്കുക
56	കൈലാത്തുകോണം പുത്തൻവിട് റോഡ് ബാക്കിഭാഗം	ഗതാഗതയോഗ്യമാക്കുക
57	കൈലാത്തുകോണം ജംഗ്ഷനിൽ നിന്ന് വഹലക്കൈയിലോട്ടുള്ള വഴി	റോഡാക്കുക
58	കൈലാത്തുകോണം കുത്താണ്ടൻ തെറ്റിച്ചിറയിലേക്കുള്ള വഴി	ഗതാഗതയോഗ്യമാക്കുക
59	പാവുകുന്നത്തുള്ള വഴി	വീതികൂട്ടുക
60	വള്ളവിട് ഇടവഴി	വീതികൂട്ടുക
61	ഇലഞ്ഞിമൂട് ഇടവഴി	ഗതാഗതയോഗ്യമാക്കുക
62	ആലമുറ്റത്തിടവഴി	ഗതാഗതയോഗ്യമാക്കുക
63	ശാസ്താംകാവ് - ചിറയിൽ പോകുന്നവഴി	സഞ്ചാരയോഗ്യമാക്കുക
64	കടവൂർക്ഷേത്രത്തിൽ പോകുന്നവഴി	വീതികൂട്ടുക
65	ഇടവേലിയ്ക്കൽ റോഡ്	വീതികൂട്ടുക
66	മുട്ടുകോണം ഇടവേലിക്കൽറോഡ്	തമ്മിൽ ബന്ധിപ്പിക്കുക
67	മുറിഞ്ഞപാലം കണ്ണങ്കരകോണം വഴി	പുതിയറോഡാക്കുക
68	ആലിയാമുകോണം മുറിഞ്ഞപാലം വഴിയെ	പുതിയറോഡാക്കുക
69	മേൽത്തോന്നയ്ക്കൽ വില്ലേജാഫീസിന്റെ പുറകുവശത്തുകൂടിയുള്ള കണ്ണങ്കരകോണം റോഡ് പഴയറോഡിൽ	ബന്ധിപ്പിക്കുക
70	ബുദാനകോളനിക്കുള്ള വഴി - ഏലായിൽ	ബന്ധിപ്പിക്കുക
71	ഇടയാവണത്തുനിന്ന് കൈതവഴി, ആശാൻസ്മാരകം റോഡ്	പുതുക്കി പണിയുക
72	ചുടുകാട് മുക്ക് - കൊല്ലമുല വഴി	വീതികൂട്ടുക
73	ഊളൻകാവ് വട്ടം -കല്ലുവെട്ടിക്കുന്നത്ത്റോഡ്	പുതുക്കിപണിയുക
74	കല്ലുവെട്ടിക്ഷേത്രത്തിന്റെ മുമ്പിലുള്ള വഴി ഊളൻകാവ് വട്ടത്ത് എത്തുന്ന വഴി	പുതുക്കിപണിയുക
75	ഇടയാവണംക്ഷേത്രത്തിന്റെ കിഴക്കുഭാഗത്ത് മുറിഞ്ഞപാലംവരെ	പുതുക്കിപണിയുക
76	പതിനാറാം കല്ല് പഴയഷാപ്പിന്റെ ഭാഗത്തു നിന്നും കൈതവിളപോകുന്ന നടപ്പാത	പുതുക്കിപണിയുക
77	ഊളൻകാവ് വട്ടത്തുനിന്നാഡ്-കൈതറോഡ്	കോസ്വേ നിർമ്മിക്കണം
78	തെക്കേവിടിനും കല്ലുർഭാഗത്തിനും മധ്യേ റോഡ്	കോസ്വേ നിർമ്മിക്കുക
79	പൊയ്കപള്ള മുന്ന് താഴ്വശത്തുനിന്നും വെട്ടുവിള ജംഗഷനിൽ എത്തുന്ന	വീതികൂട്ടി ടാർചെയ്യുക
80	ചുടുകാട് ജംഗ്ഷൻ, പ്ലാവിളവഴി, കൊല്ലം മുലവരെ എത്തുന്ന വഴി	പുതുക്കിപണിയണം
81	പൊയ്കപള്ളി-ചെമ്പകമംഗലം മാർക്കറ്റ്റോഡ്	പുതുക്കി ടാർചെയ്യുക
82	പൊയ്കപള്ളി കിഴക്കുഭാഗം കണ്ണങ്കര കോണം ഏല	വികസിപ്പിക്കണം
83	H.S. ജംഗ്ഷനിൽ നിന്നും, ഊളൻകാവ് വട്ടത്തേക്കുള്ള റോഡ്	ടാർചെയ്യണം
84	മുട്ടുകോണം - ആറ്റുമുല റോഡ്	വീതികൂട്ടുക
85	സൊസൈറ്റി ജംഗ്ഷൻ ഐക്കുട്ടികോണം റോഡ് അസംബ്ലിമുക്ക് റോഡു	ടാർചെയ്യുക ബന്ധിപ്പിക്കുക
86	മഹത്മ ജംഗ്ഷൻ - കുടവൂർക്ഷേത്രംറോഡ്	വീതികൂട്ടി മുൾമുടണം
87	H.S- ൽ നിന്ന്, LPS ഭാഗം, ശാസ്താംകാവ് റോഡ്	വീതികൂട്ടി മുൾമുടണം
88	നെടാലിജംഗ്ഷനിൽ നിന്ന് - കടവൂർ ഏലായ് റോഡ്	വീതികൂട്ടി മുൾമുടണം
89	TKജംഗ്ഷൻ ശാസ്താകാവ്കുളം റോഡ്	ടാർചെയ്യണം
90	ഇരുട്ടറ തുടിയാവൂർ, ബുദാനകോളനി ഇളകുളം	ടാർചെയ്യുക
91	മിച്ചഭൂമിക്കരയുടെയുള്ള റോഡ്	ഗതാഗതയോഗ്യമാക്കുക
92	മംഗലപുരം കൊപ്പംറോഡ് കല്ലുകുഴിപാലം റോഡുമായി	ബന്ധിപ്പിക്കുക
93	കൈപ്പള്ളികോണം, ഇരുട്ടറ ഇടയാവൂർ ബുദാനകോളനി	ബന്ധിപ്പിക്കുക
94	അസ്സൻഖാദർറോഡ് വെഞ്ഞാറമ്മൂട്	

	റോഡുമായി റോഡ്	ബന്ധിപ്പിക്കുക
95	കണ്ണങ്കര റോഡ്	ഗതാഗതയോഗ്യമാക്കുക
96	കാരമുട്സ്കുശ് - കബാടി റോഡ്	ഗതാഗതയോഗ്യമാക്കുക
97	മംഗലപുരം കൊപ്പം - മുള്ളൻകോളനി റോഡ് വയൽ നികത്തി	ബന്ധിപ്പിക്കുക
98	മംഗലപുരം പെട്രോൾ പമ്പിനുസമീപം - ബിലൽ ബിലാൽ റോഡ് - പെഞ്ഞാറവിള റോഡ് വയൽ	ബന്ധിപ്പിക്കുക

ടാർ ഇടാനുള്ള റോഡുകൾ

1	അപ്പുവൈദ്യൻ റോഡ്	ടാർചെയ്യുക
2	ചെറുകായൽകര റോഡു- കുന്നുംപുറംറോഡ്	ടാർചെയ്യുക
3	മുരുക്കുപുഴ LPS- ഹോളിക്രോസ് ആശുപത്രിവരെ	ടാർചെയ്യുക
4	ആശുപത്രി ഡ്രിഡ്വെഹ് സെന്റർ- മുണ്ടയ്ക്കൽ	ടാർചെയ്യുക
5	ഹോളിക്രോസ് ആശുപത്രി - കുന്നിൽവീട്ടിൽ വരുന്ന റോഡ്	ടാർചെയ്യുക
6	ബേക്കറിജംഗ്ഷനിൽ നിന്നും ഇരണ്ടക്കുളങ്ങര ക്ഷേത്രം	ടാർചെയ്യുക
7	വാലിക്കോണം നിന്നും - മുണ്ടുകോണം ഏല	ടാർചെയ്യുക
8	കോട്ടറക്കരി ശാസ്ത്രവട്ടം റോഡ്	ടാർചെയ്യുക
9	ശാസ്ത്രവട്ടം കോളനി റോഡ്	ടാർചെയ്യുക
10	ചെമ്പകമംഗലം - കൈലാത്തുകോണം റോഡ്	ടാർചെയ്യുക
11	കുറക്കോട - ആലപ്പുറം റോഡ്	ടാർചെയ്യുക
12	പെരുക്കുട്ടികോണം റോഡ്	ടാർചെയ്യുക
13	പ്ലാവിളഹരിജൻകോളനി റോഡ്	ടാർചെയ്യുക
14	ഇടവേലിക്കൽ റോഡ്	ടാർചെയ്യുക
15	മുളക്കോട്ട് ചിറയിൽ -കുടവൂർ പോകുന്നറോഡ്	ടാർചെയ്യുക
16	ശാസ്താംകാവ് -പുളിയോടുവിളിയിൽ	ടാർചെയ്യുക
17	കുടമൻകാട് റോഡ്	ടാർചെയ്യുക
18	മാരണം കുന്ന് ഹരിജൻകോളനി റോഡ്	ടാർചെയ്യുക
19	കുളങ്ങരറോഡ് - വെൺകുളം തോപ്പ്	ടാർചെയ്യുക
20	അബ്ദുൽഖാദർ റോഡ് ശേഷിക്കുന്ന ഭാഗം	ടാർചെയ്യുക
21	കൊപ്പം റോഡ്	ടാർചെയ്യുക
22	വെഞ്ഞാറവിള ശേഷിക്കുന്ന ഭാഗം	ടാർചെയ്യുക
23	പമ്പ്ഹൗസ് റോഡ്	ടാർചെയ്യുക
24	മുള്ളൻകോളനി - കബാടി റോഡ്	ടാർചെയ്യുക
25	പൊയ്ക പള്ളിയിലം - നിന്ന് ചെമ്പകമംഗലം	ടാർചെയ്യുക
26	വാലിക്കോണം ക്ഷേത്രം ബന്ധിപ്പിച്ച് ഗവണ്മെന്റ് ആശുപത്രി റോഡ്	ടാർ ചെയ്യുക

റോഡുമായി ബന്ധപ്പെട്ട മരാമത്തുപണികൾ

1 ബാബാകോളനിയിലേക്ക് മണ്ണാത്തൊടിവഴിപോകുന്ന റോഡ്

സൈഡിൽ ടിത്തി കെട്ടുക.

2 തോപ്പിൽ നിന്നും അക്കരവിളാകം വഴിറോഡിൽ ചെറിയ കലുങ്ക് കെട്ടണം

3 കുന്നുംപുറം റോഡിൽ താഴെവയലിൽ കലുങ്ക് കെട്ടണം

4 തഴുനാഥ് റോഡിൽ പാറയിൽ കലുങ്കുപാലം ഗതാഗത യോഗ്യമാക്കണം.

5 കോരാണി മംഗലത്തു നടയിലെ പൊട്ടിയിരിക്കുന്ന കലുങ്ക് ഗതാഗതയോഗ്യമാക്കണം

6 തെറ്റിച്ചിറകൈലാത്തുകോണം ജംഗ്ഷൻവരെയുള്ള റോഡിൽ എതിരേക്കോണത്തു കെട്ടിയിട്ടുള്ള കലുങ്ക് മാറ്റി പാലം പണിത് ഗതാഗതയോഗ്യമാക്കുക.

7 പ്ലാവറ റോഡിൽ വയലിന്റെ ഭാഗത്ത് രണ്ടു വശത്തും ബണ്ടുകെട്ടുക.

8 ഐക്കുട്ടിക്കോണം ചിറവഴിയിൽ സ്ലാബും ചപ്പാത്തും കെട്ടുക

9 മുറിഞ്ഞപാലം വിതികുട്ടി പുതുക്കി പണിയുക

10 തെക്കേവീടിനും കല്ലൂർഭാഗത്തിനും മദ്ധ്യേ മൂന്നു ക്രോസ്ബാറുകൾ നിർമ്മിക്കുക.

നിർദ്ദേശങ്ങൾ

1 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ അടിയന്തരമായി വീതികൂട്ടി മെറ്റൽ ചെയ്ത് ടാർ ഇടേണ്ടതാണ്

2 ജനസഞ്ചാരം അധികമുള്ള വഴികൾ വികസിപ്പിച്ച് വാഹനസഞ്ചാരയോഗ്യമായ റോഡുകളാക്കുക

3 റോഡുകളിൽ ആവശ്യമായ ബസ് സർവ്വീസ് ഏർപ്പെടുത്തുക

4 കണിയാപുരം വരെ വരുന്ന സർവീസുകൾ മംഗലപുരം മുതുക്കുംപുഴ വരെ ദീർഘിപ്പിക്കുക

5 മംഗലപുരം കേന്ദ്രമാക്കി വിവിധ സ്ഥലങ്ങളിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കുക

6 ഇട റോഡുകളിൽ പ്രൈവറ്റ് സർവീസിന് പെർമിറ്റ് നല്കുക

പാരലൽ സർവീസുകളുടെ ഓവർലോഡ് സമ്പ്രദായം കർശനമായി നിയന്ത്രിക്കുക.

പാതയോരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

ബസ്സുകൾ സ്റ്റോപ്പുകളിൽ നിർത്തുവാൻ കർശന നിർദ്ദേശം നല്കുക.

10 ഹൈവേയിൽ റോഡിന്റെ അതിരറിയാൻ നെടുകെ ലൈനിടുക.

11 വാഹനങ്ങളുടെ നമ്പർ സിസ്റ്റം ഏകീകൃതവും എളുപ്പം വായിക്കാവുന്നതും ആക്കിതീർക്കണം.

12 രജിസ്ട്രേഷൻ നല്കുമ്പോൾ തന്നെ പബ്ലിംഗ് രീതിയിലുള്ള നമ്പർ പ്ലേറ്റ്സിസ്റ്റം ഏർപ്പെടുത്തണം.

13 ആക്സിഡന്റുകൾ ഒഴിവാക്കുന്നതിന് വേഗതാ നിയന്ത്രണ സംവിധാനം കർക്കശമാക്കേണ്ടതാണ്

ബസ് സർവീസിനു സാദ്ധ്യതയുള്ള റൂട്ടുകൾ

1 കോട്ടറക്കരി ചെമ്പകമംഗലം എസ്കെ റോഡിലൂടെ ആറ്റിങ്ങൽ കോട്ടറക്കരി മുതുക്കുംപുഴ

2 കോട്ടറക്കരി - വാലിക്കോണം - തോന്നയ്ക്കൽ റോഡിലൂടെ ആറ്റിങ്ങൽ - തിരുവനന്തപുരം

3 മുട്ടക്കോണം - കണ്ടുകൃഷി - മങ്കാട്ടുമൂല - ചെമ്പക മംഗലം വഴി ആറ്റിങ്ങൽ

4 ശാസ്തവട്ടം വഴി പട്ടം - പോത്തൻകോട് - നെടുമങ്ങാട്

5 ഐക്കുട്ടിക്കോണം - വേങ്ങോട് - പോത്തൻകോട്

6 ഐക്കുട്ടിക്കോണം - 16-ാം കല്ല് - തിരുവനന്തപുരം

7 കൈലാത്തുകോണം - ചെമ്പകമംഗലം - തിരുവനന്തപുരം

റയിൽവേ

സമീപത്തെ റയിൽവേയുടെ കീഴിലുള്ള മുതുക്കുംപുഴ റയിൽവേ സ്റ്റേഷൻ മംഗലപുരം ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. 2 കിലോമീറ്റർ ദൂരം പഞ്ചായത്തിലൂടെ റെയിൽവേ ലൈൻ കടന്നുപോകുന്നുണ്ട്. പാസഞ്ചർ ട്രെയിനുകളും എക്സ്പ്രസ് ട്രെയിനുകളും മാത്രമേ ഇവിടെ നിർത്തുന്നുള്ളു. കഠിനംകുളം, മംഗലപുരം, പോത്തൻകോട് പഞ്ചായത്തിലെ യാത്രക്കാരുടെ ഏകാവലംബമാണ് മുതുക്കുംപുഴ റയിൽവേസ്റ്റേഷൻ. ആയതിനാൽ എക്സ്പ്രസ്സ് ട്രെയിനുകൾക്ക് മുതുക്കുംപുഴയിൽ ഹാൾട്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജലഗതാഗതം

കഠിനംകുളം കായൽ അതിരിടുന്ന ഗ്രാമപ്പഞ്ചായത്തിലെ ജനങ്ങൾ പരിമിതമായ തോതിലെങ്കിലും ജലഗതാഗതത്തെ ആശ്രയിക്കുന്നുണ്ട്. പുതുക്കുറിച്ചി കടപ്പുറത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ ഉല്പന്നത്തിന്റെ വിപണനത്തിനായി മുതുക്കുംപുഴയിലെത്തുന്നത് കഠിനംകുളം കടത്ത് കടന്നിട്ടാണ്. കഠിനംകുളം - മംഗലപുരം പ്രദേശങ്ങളിലെ ജനങ്ങൾ സാമൂഹ്യസാംസ്കാരിക ജീവിതത്തിന്റെ സമസ്ത മേഖലകളിലും പരസ്പര ബന്ധം പണ്ടു

കാലം മുതലേ പുലർത്തിപ്പോരുന്നതിനാൽ കഠിനംകുളം കടവിലൂടെയുള്ള ജലയാത്ര ഇരുകൂട്ടർക്കും അനിവാര്യമായ ഒരു ഘടകമാണ്. ജലഗതാഗതവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന കടത്തുവള്ളങ്ങളുടെ എണ്ണത്തിലും ഗുണനിലവാരത്തിലുമുള്ള പരാധീനത നാട്ടുകാർ ദീർഘകാലമായി അനുഭവിച്ചുവരികയാണ്. യാത്രക്കാർ മുഖ്യമായും കുലിവള്ളങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണിവിടെയുള്ളത്. യാത്രക്കാരുടെ ആവശ്യത്തിനായി ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള പഴഞ്ചൻ കടത്തുവള്ളങ്ങൾക്കു പകരം യന്ത്രവത്കൃത ബോട്ടുകൾ ഏർപ്പെടുത്തുന്നതിനായാൽ ജനങ്ങൾക്കു സമയലാഭമുണ്ടാകുകയും അപകടഭീതികളിൽ നിന്നു ജനം വിമുക്തമാകയും ചെയ്യും. ഇന്ധന പ്രശ്നങ്ങളുടേതായ ഈ കാലഘട്ടത്തിൽ അത്യന്തം ലാഭകരമായ ജലഗതാഗത സാധ്യതകൾ പരമാവധി ചൂഷണം ചെയ്യുന്നതിലേക്ക് ആലപ്പുഴ - തിരുവനന്തപുരം ജലയാത്രാ സൗകര്യങ്ങൾ പുനഃസ്ഥാപിക്കണം. കായലിനു സമീപമുള്ള വസ്തു ഉടമകൾ കായൽ നികത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ഈ സാദ്ധ്യതകൾക്കുനേരെയുള്ള വെല്ലുവിളിയാണെന്നതിനാൽ ഇതവസാനിപ്പിക്കാൻ നടപടികളെടുക്കുകയും വേണം.

ഊർജ്ജം

സംസ്ഥാനം ഇന്നു നേരിടുന്ന മുഖ്യപ്രശ്നം ഊർജ്ജപ്രതിസന്ധിതന്നെയാണ്. ഈ പ്രശ്നം അതിന്റെ എല്ലാ രൂക്ഷതകളോടും കൂടി മംഗലപുരത്തും അനുഭവപ്പെടുന്നു. ഈ ഗ്രാമപഞ്ചായത്തിൽ ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയാണ് വൈദ്യുതി പ്രധാനമായും ഉപയോഗിക്കുന്നത്. പരിമിതമായ തോതിൽ കാർഷികാവശ്യത്തിനും വ്യാവസായികാവശ്യത്തിനും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്.

പാരമ്പര്യേതര ഊർജസ്രോതസ്സുകളെ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ മാത്രമേ ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. ഊർജ്ജത്തിന്റെ പ്രഭവകേന്ദ്രമായി സൂര്യതാപത്തിന്റെ സാധ്യതകളെ ചൂഷണം ചെയ്യാനാവുമെങ്കിലും നാളിതുവരെ ആ വഴിയ്ക്ക് ഒരു നീക്കം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഗ്രാമത്തിൽ ഒരു സൗരോർജ്ജ വിളക്കെങ്കിലും ഇന്നോളം സ്ഥാപിതമായിട്ടില്ല.

നാട്ടിൽ പല കർഷകരും ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചുതുടങ്ങിയിരുന്നു. എന്നാൽ അധികകാലം കഴിയുന്നതിനു മുമ്പുതന്നെ അവ പരാജയപ്പെട്ടതായാണ് കർഷകരിൽ നിന്നു ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ കാണുന്നത്. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മറുനാടൻ ഗ്രാമങ്ങളിൽ വിജയകരമായി പരീക്ഷിച്ചുകഴിഞ്ഞ ഗോബർ ഗ്രാസ് പ്ലാന്റുകൾ കൂടുതൽ ശാസ്ത്രീയമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നാം സന്നദ്ധരാവേണ്ടതാണ്.

ദക്ഷത കുടിയ അടുപ്പുകൾ (പരിഷത് അടുപ്പുകൾ) പഞ്ചായത്തിലെ ചില വീടുകളിലെങ്കിലും ഉപയോഗിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത അടുപ്പുകളുടെ കൈകാര്യസമ്പ്രദായവുമായി നമ്മുടെ വീട്ടമ്മമാർ ഇനിയും ഇണങ്ങിച്ചേർന്നിട്ടില്ല. മാത്രവുമല്ല ഇത്തരം അടുപ്പുകൾക്ക് കേടുപാടുകളുണ്ടായാൽ പരിഹരിക്കാൻ സാങ്കേതിക പരിചയമുള്ളവരുടെ സേവനം യഥാസമയം ലഭ്യമാകുന്നില്ല എന്നതാണ് ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരണത്തിനു വിഘാതമായി നില്ക്കുന്ന മറ്റൊരു ഘടകം. പ്രശ്നങ്ങൾ പരിഹരിച്ച് പരിഷത് അടുപ്പുകൾ സാർവത്രികമാക്കുന്നത് ഊർജ്ജ പ്രതിസന്ധിക്ക് നിർദ്ദേശിക്കാവുന്ന പരിഹാര വിധികളിലൊന്നാണ്.

പ്രശ്നങ്ങൾ

1. വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനാവശ്യമായ കാലതാമസം അനുഭവപ്പെടുന്നു.
2. വോൾട്ടേജ് കുറവുമൂലം വിളക്കുകൾ മങ്ങിക്കത്തുന്നു, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനാവുന്നില്ല.
3. പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
4. ആഢംബരങ്ങൾക്കും അലങ്കാരങ്ങൾക്കും ആനാവശ്യമായി വൈദ്യുതി ചെലവിടുന്നു.
5. വ്യവസായ സംരംഭകർക്ക് വൈദ്യുതി നല്കുന്നതിനുള്ള വ്യവസ്ഥകൾ സങ്കീർണമാണ്.
6. കെ.എസ.ഇ.ബി. ജീവനക്കാരുടെ സേവനം തൃപ്തികരമല്ല.
7. പ്രേഷണ-വിതരണ നഷ്ടം.
8. വൈദ്യുതിലൈനുകളിൽ വൃക്ഷശിഖരങ്ങൾ ഉരസുന്നതുമൂലം ടിമ്മായ തോതിൽ വൈദ്യുതി ചോർച്ച ഉണ്ടാകുന്നു.
9. ഗ്യാസ് കണക്ഷൻ, മണ്ണെണ്ണ പെർമിറ്റ് എന്നിവ ലഭിക്കാനുള്ള കാലതാമസം.
10. വിറക് ആവശ്യാനുസരണം ലഭിക്കാതായത്.
11. ധനികഗൃഹങ്ങളിൽ ലക്ഷ്വറി ഇലക്ട്രോണിക്സ് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി സ്റ്റെപ് അപ് സ്റ്റെബിലൈസർ തുടങ്ങിയവ ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന വോൾട്ടേജ് പ്രശ്നങ്ങൾ.
12. പലനിരത്തുകളിലും തെരുവുവിളക്കുകൾ ഇല്ല. ഉള്ളവ സ്ഥിരമായി കത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വാലിക്കോണം, ചെമ്പകമംഗലം, കൈലാത്തുകോണം, ഊരുക്കോണം, ആലിയാരുകോണം, കല്ലുവെട്ടി, മുട്ടുക്കോണം, ഇടവിളാകം, മുരുക്കുംപുഴ, കടവൂർ, എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറു

കൾ സ്ഥാപിക്കുക.

2 ആവശ്യമായ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

3 വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് കുറഞ്ഞ വോൾട്ടേജിൽ കത്തുന്ന ട്യൂബ് ലൈറ്റുകൾ സാർവത്രികമാക്കാൻ പ്രചരണപരിപാടികൾ സംഘടിപ്പിക്കുക. നിർദ്ധനരായ കുടുംബങ്ങൾക്ക് ഇലക്ട്രോണിക് ചോക്കുകൾ സൗജന്യ വിലയ്ക്ക് ലഭ്യമാക്കുക.

4 സേവനമേഖലയിൽ പ്രവർത്തിക്കുന്നവരാണെന്ന ബോധം കെ.എസ്.ഇ.ബി. ജീവനക്കാർക്കുണ്ടായിരിക്കേണ്ടതാണ്.

5 വൈദ്യുതി ലൈനുകളിൽ തട്ടി നിൽക്കുന്ന മരച്ചില്ലകൾ യഥാസമയം മുറിച്ചുമാറ്റാനുള്ള സംവിധാനം ഏർപ്പെടുത്തണം.

6 വ്യവസായ സംരംഭകർക്ക് വൈദ്യുത കണക്ഷൻ നല്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക.

7 ദക്ഷത കൂടിയ ബൾബുകൾ പ്രചരിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാകണം.

8 തരിശുഭൂമികളിൽ പാഴ്മരങ്ങൾ വച്ചുവിടിപ്പിച്ച് വനികിന്റെ ലഭ്യത വർദ്ധിപ്പിക്കുക.

9 ആഘോഷങ്ങളോടനുബന്ധിച്ചുള്ള വൈദ്യുതി ദുരുപയോഗം കർശനമായി നിയന്ത്രിക്കുക.

10 നിർദ്ധനകുടുംബങ്ങൾക്ക് പഞ്ചായത്ത് മുൻകൈയെടുത്ത് വൈദ്യുതി ലഭ്യമാക്കുക.

11 എല്ലാ വീടുകളും വൈദ്യുതീകരിക്കാനുള്ള ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്കരിക്കുക

12 പഞ്ചായത്ത് തലത്തിൽ ബഹുജനസമ്പർക്ക പരിപാടി ആവിഷ്കരിച്ച് വൈദ്യുതി ബോർഡിന്റെ പ്രവർത്തനം സുതാര്യമാക്കുക.

13 തെരുവുവിളക്കുകൾ എല്ലാം കത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും കത്താതായവ യഥാസമയം കത്തിക്കുകയും ചെയ്യുക.

14 സർക്കാർ ഓഫീസുകളിലും സ്ട്രീറ്റ് പോസ്റ്റുകളിലും പകൽ സമയങ്ങളിൽ ലൈറ്റ് കത്തുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരെ കണ്ടുപിടിച്ച് കർശന നടപടിസ്വീകരിക്കുക.

15 ഗോബർ ഗ്യാസ് പ്ലാന്റ് പോരായ്മകളില്ലാതെ ദീർഘകാലം പ്രവർത്തിപ്പിക്കാനാകും വിധം പരിഷ്കരിച്ച് സാർവത്രികമാക്കുക.

■ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കുറിച്ചുള്ള ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കുക.

വൈദ്യുതി - ആവശ്യങ്ങളും, സാദ്ധ്യതകളും

ശ്രീ ഫേയ്സ് ലൈൻ വേണ്ട സ്ഥലങ്ങൾ:-

1 ആറാട്ടുമുക്കിൽ നിന്നും തലമുക്കുവരെ (ചിറനടവഴി)

2 വരിക്കുമുക്ക് - ചെറുകായൽക്കര പാലം

3 ചെറുകായൽക്കര റോഡ് - കളിയിലിക്കുന്ന്

4 കോണത്തുവിള - കോണത്തുകുളം കുറുമം

5 അമ്മൻ കോവിൽ ജംഗ്ഷൻ - തോപ്പിൽ റോഡ് - അക്കരവിളഭാഗം

6 മാർത്താണ്ഡംകരി - ഇടവിളാകം ലക്ഷംവീട് - കുറക്കോട് മിച്ചഭൂമി - ഇടവിളാകം നഴ്സറി

7 വലിയവീട്ടിലെ - ബാവാ കോളനി

തുടങ്ങിയ പ്രദേശങ്ങളിൽ ശ്രീ ഫേയ്സ് ലൈൻ വലിക്കാൻ ആവശ്യമായ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കേണ്ട പ്രദേശങ്ങൾ

1 കരിച്ചാറ - ബേക്കറി ജംഗ്ഷൻ (തീരദേശ റോഡ്)

2 മണ്ണാത്തോടി - ബാവാകോളനി

3 കല്ലംവിളാകം - ചിററോഡ്

4 കുറക്കോട് മുസ്ലിം പള്ളിയ്ക്ക് പിറകിൽ - മിച്ചഭൂമി - ലക്ഷം വീട് പ്രദേശങ്ങൾ

5 വലിയവീട്ടേലായിൽ / പ്രദേശം

6 അമ്മൻകോവിൽ - തോപ്പ്റോഡ്

7 അന്തോണിമല ഏരിയ

8 ഖാൻകോളനി

9 മുണ്ടയ്ക്കൽ കോളനി

10 മുളമുട്ടിൽ നിന്ന് താഴെ ആന്തുർഭാഗം

11 അന്തോണിമലയ്ക്കു സമീപം കോഴി ഫാമിൽ നിന്നും പടിഞ്ഞാറ്ഭാഗം

12 മുല്ലശ്ശേരി റോഡ്

13 മുണ്ടയ്ക്കൽ ചില ഏരിയാ ഭാഗങ്ങൾ

14 മിഡ് വൈഫ് സെന്റർ മുളമുട്ടിൽ

15 മുണ്ടയ്ക്കൽ ലക്ഷം വീടുകൾ സ്ഥിതിചെയ്യുന്ന പ്രദേശം

16 മുല്ലശ്ശേരി പള്ളിനടയിൽ നിന്നും ഏലായിലേയ്ക്കുള്ള വഴി

17 വെയിലൂർ കോഴി മട - മുണ്ടയ്ക്കൽ മാടൻകാവ്

18 കോട്ടറക്കരി ബസ്സ്റ്റാന്റിൽ നിന്നും താഴെ ഏലായിലേക്കുള്ള പ്രദേശം

19 ശാസ്ത്രവട്ടം പോസ്റ്റാഫീസിന് പടിഞ്ഞാറ് ഭാഗത്തുള്ള ബ്ലോക്ക് നമ്പർ 45, 46, 47, 48, 49

20 കൈലാത്തുകോണം ഹരിജൻ കോളനി

21 കുത്താങ്ങൽ ഭാഗം - പൊത്തിക്കോണം

22 ആലപ്പുറം ഹരിജൻ കോളനി

23 മുറിഞ്ഞ പാലത്തിൽ നിന്നും നാഗരുകാവിലേയ്ക്ക്

24 ഊളൻ കാവ്വട്ടം - കമുകിൻകോട് - മുന്തോട് ഭാഗം

25 പൊയ്ക മുസ്ലിം പള്ളിയുടെ പിറകിൽ നിന്നും വെട്ടിവിളവരെ

26 മുറിഞ്ഞവാലം - കണ്ണങ്കരകോണം - ആശാൻ സ്മാരകം

27 കണ്ണങ്കരകോണം ഏലാ

28 പൊയ്കപ്പള്ളി - ചെമ്പകമംഗലം

മേൽ സൂചിപ്പിച്ച പ്രദേശങ്ങളിൽ വൈദ്യുത കണക്ഷൻ എത്തിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിനടപ്പിലാക്കേണ്ടതുണ്ട്

നിലവിലുള്ള LT-ട്രാൻസ്ഫോർമറുകൾ

നമ്മുടെ പഞ്ചായത്ത് പരിധിയിൽ ആകെ പരിനാറ് ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. അവയുടെ പേർവിവരങ്ങൾ താഴെ ചേർക്കുന്നു

1	ആറാട്ടുമുക്ക്	9	കല്ലൂർ
2	മുരുക്കുംപുഴ	10	മഞ്ഞമല
3	വെയിലൂർ	11	പതിനാറാം കല്ല്
4	ഇടവിളാകം-I	12	കിഴ്തോന്നയ്ക്കൽ
5	ഇടവിളാകം-II	13	ശാസ്താംകാവ്
6	മംഗലപുരം	14	ഹരിജൻ കോളനി
7	കാരമൂട്	15	മോഹനപുരം
8	ഇരുട്ടറ	16	മുറിഞ്ഞപാലം

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1 ഊരുക്കോണം - ചെമ്പകമംഗലം പ്രദേശം കേന്ദ്രീകരിച്ച്

2 ആലിയാരുകോണം ഭാഗം കേന്ദ്രീകരിച്ച്

3 പണിയ്ക്കൻവിള

4 മുല്ലശ്ശേരി

5 പാറയ്ക്കും - വാലികോണത്തിനുമിടയ്ക്കുള്ള പ്രദേശം കേന്ദ്രീകരിച്ച്

6 കൈലാത്തുകോണം

7 കല്ലുവെട്ടി പ്രദേശം കേന്ദ്രീകരിച്ച്

8 മുട്ടുക്കോണം ജംഗ്ഷൻ

9 തോന്നയ്ക്കൽ H.S ജംഗ്ഷൻ - എന്നീ പ്രധാന പ്രദേശങ്ങളിൽ ജനസാന്ദ്രത വളരെ കൂടുതലാണ്. വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ വേണ്ട പദ്ധതിക്ക് രൂപം കൊ

വൈദ്യുതി കണക്ഷൻ സംബന്ധിച്ച വിവരങ്ങൾ

ക്രമ നംബർ	ഇനം	ഉപഭോക്താക്കൾ
1	ഗാർഹികം	5889
2	വ്യാപാരം	519
3	വ്യാവസായികം	74
4	കാർഷികം	109

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകൾ

ക്രമ നംബർ	Ordinary	OTP	OYEC
1	208	28	118

ടുക്കണം.

നിലവിലുള്ള തെരുവുവിളക്കുകളുടെ സ്ഥിതിവിവരക്കണക്ക്

ക്രമനമ്പർ	ഇനം	എണ്ണം	വൈദ്യുതി ചെലവ്
1	ബൾബ്	666	
2	ട്യൂബ്	61	9939
3	മെർക്കുറിവെപ്പർ	03	
4	സോജിയം വേപ്പർ	-	

പുതിയതായി തെരുവ്വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

	സ്ഥലങ്ങൾ		ആവശ്യം വേണ്ടത്
1.	വലിയവീട്ടേലതെരുവിൽ	-	ബൾബുകൾ
2	മുരുക്കുംപുഴ ജംഗ്ഷൻ	-	സോഡിയം വേപ്പർലാംബ്
3	അപ്പുവൈദ്യൻ റോഡിൽ മുല്ലശ്ശേരിയിലേക്ക് പോകുന്ന ഭാഗം	-	ബൾബുകൾ
4	ചെറുകായൽക്കരപാലം	-	ട്യൂബ്
5	അക്കരവിള ഭാഗം	-	ട്യൂബുകൾ
6	കുന്നുംപുറം റോഡിൽ പഞ്ചായത്ത് കിണർ ജംഗ്ഷൻ	-	ട്യൂബ്
7	കുഴിവിളറോഡു മുതൽ ഇടവിളാകം റോഡ് സന്ധിക്കുന്നതുവരെ	-	ബൾബുകൾ
8	മാർത്താണ്ഡംകരയിൽ താഴോട്ടുള്ള ഭാഗം	-	ബൾബുകൾ
9	അമ്മൻകോവിൽ തോപ്പ് റോഡിൽ	-	ബൾബുകൾ
10	ഖാൻ കോളനിറോഡ്	-	ബൾബുകൾ
11	ചിറക്കോണം ഹരിജൻ കോളനി റോഡ്	-	ബൾബുകൾ
12	മിസ്വൈഫ്സെന്റർ ജംഗ്ഷൻ	-	മെർക്കുറി വേപ്പർ ലാമ്പ്
13	മുളമൂട്ടിൽ നിന്നും മുണ്ടയ്ക്കൽ കോളനിയിലേയ്ക്കുള്ള റോഡ്	-	ബൾബ്
14	മുണ്ടയ്ക്കൽ A.K.G. മുക്കിൽ നിന്നും ലക്ഷം വീടു വഴി ഹരിജൻ കോളനിവരെ	-	ബൾബ്
15	മുല്ലശ്ശേരിയിൽ നിന്നും പുല്ലാമുക്കുവരെ	-	ബൾബ്
16	രഘുനാഥ് റോഡിൽ പാറയിൽ നിന്നും ക്ലേ ഫാക്ടറിവരെ	-	ബൾബ്
17	കുന്നിൻ റോഡ്	-	ബൾബ്
18	കോഴിമട പാറയിൽ (വെയിലൂർ) റോഡിൽ	-	ബൾബ്
19	ചേരക്കൻ മൂട് പൊയ്കയിൽ	-	ബൾബ്
20	ലാൽഭാഗ് മിച്ച ഭൂമിയിൽ നിന്ന് ഇടതുവശത്ത് പുതിയ റോഡിൽ	-	ബൾബ്
21	കോരാണി - പിച്ചിക്കുന്ന് റോഡ്	-	ബൾബ്
22	ഇടയാവണം - കൈതവീട് റോഡ്	-	ബൾബ്
23	പൊയ്കപള്ളിയുടെ താഴ്ഭാഗത്തുള്ള കലുങ്കിന്റെ ഭാഗത്ത് നിന്നും വെട്ടുവിളവരെ	-	ബൾബ്
24	ഇടയാവണം ക്ഷേത്രത്തിൻരെ കിഴക്കും ഭാഗം മുതൽ മുറിഞ്ഞ പാലം വരെ	-	ബൾബ്
25	പതിനാറാം കല്ല് ജംഗ്ഷൻ	-	സോഡിയം വേപ്പൾ ലാമ്പ്
26	ഇടയാവണത്ത് ക്ഷേത്ര നട	-	സോഡിയം വേപ്പർ ലാമ്പ്
27	മുറിഞ്ഞപാലം കണ്ണങ്കരകോണം ആശാൻ സ്മാരകം വരെ	-	ബൾബുകൾ
28	തോന്നയ്ക്കൽ H.S.ജംഗ്ഷനിൽ നിന്നും ഊളൻകാവ്വട്ടംവരെയുള്ള റോഡ്	-	ബൾബുകൾ
29	ഐക്കുട്ടിക്കോണം ഊടവേളിയ്ക്കൽ റോഡ്	-	ബൾബുകൾ
30	ശാസ്താംകാവ് മുളയ്ക്കോ		

മാർക്കറ്റ്

കാർഷിക ഗ്രാമമായിരുന്ന മംഗലപുരത്ത് ഉല്പാദിപ്പിക്കപ്പെട്ടിരുന്ന വിഭവങ്ങൾ വിറ്റഴിക്കുവാനുള്ള പ്രധാന വ്യാപാര കേന്ദ്രങ്ങളും നാട്ടിലെ നാഗരികതയുടെ ആദികാലം മുതലേ തന്നെ ഗ്രാമാതിർത്തിക്കുള്ളിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ആ കാലങ്ങളിൽ വിദൂര ദേശങ്ങളിൽ നിന്നുപോലും മംഗലപുരത്തെ വിപണി തേടി ജനങ്ങൾ എത്തിയിരുന്നു. റോഡുകളുടെയും വാഹനഗതാഗതങ്ങളുടെയും ആവിർഭാവത്തോടെ ഗ്രാമീണ ജനതയുടെ ജീവിതതാളങ്ങളിൽ പരിവർത്തനങ്ങൾ സംഭവിക്കുകയും ജീവിത വ്യവസ്ഥതന്നെ വികേന്ദ്രീകരിക്കപ്പെടുകയും ചെയ്തതോടെയാണ് മാർക്കറ്റ്മേഖലയും വികേന്ദ്രീകരണത്തിനു വിധേയമായത്.

മംഗലപുരം പഞ്ചായത്തിൽ മംഗലപുരം, മുരുക്കുംപുഴ, പതിനാറാം കല്ല്, ചെമ്പകമംഗലം, കൈലാത്തുകോണം, വെയിലൂർ, വേങ്ങോട് എന്നിവിടങ്ങളാണ് പ്രധാന വ്യാപാരമേഖലകൾ. പ്രത്യേക വില്പന ദ്രവ്യങ്ങൾ വിപണനം നടത്തുന്ന സ്ഥാപനങ്ങളും നിത്യജീവിതത്തിനുള്ള ഉപഭോഗവസ്തുക്കളെല്ലാം ലഭ്യമാകുന്ന മാർക്കറ്റുകളും ഇവിടെ നിലവിലുണ്ട്.

അംഗീകൃത മാർക്കറ്റുകൾ രണ്ടെണ്ണമാണ് ഇവിടെ ഉള്ളത്. ഒന്ന് മംഗലപുരത്തും മറ്റൊന്നു കൈലാത്തുകോണത്തും. ഊന്നുകല്ലിൻമൂട്ടിലും മുരുക്കുംപുഴയിലും പ്രവർത്തിക്കുന്നവയാണ് ഇവിടുത്തെ പ്രൈവറ്റ് ചന്തകൾ. ഇവ കൂടാതെ ചെമ്പകമംഗലത്ത് ഒരു വഴിയോരച്ചന്തയും പ്രവർത്തിക്കുന്നുണ്ട്.

മംഗലപുരത്തുള്ള അംഗീകൃതമാർക്കറ്റിന് രണ്ടു ശതകങ്ങളോളം പഴക്കമുണ്ട്. തിരുവനന്തപുരം ജില്ലയിലെ തന്നെ പ്രശസ്തമായ അങ്ങാടികളിലൊന്നായിരുന്നു ഇതൊരുകാലത്ത്. ഇന്നു കാണും വിധം ചന്തയ്ക്കു തകർച്ച നേരിട്ടതിനു കാരണങ്ങൾ പലതാണ്. ഇന്നാട്ടിലെ കാർഷികവിളകളുടെ ഉല്പാദനത്തിൽ വന്ന കുറവും മാർക്കറ്റിലെത്തുന്നവർക്ക് അനുഭവിക്കേണ്ടിവരുന്ന പ്രാകൃതമായ പെരുമാറ്റമുറകളുമാണ് അവയിൽ പ്രധാനം.

പഞ്ചായത്തിലെ ഇറച്ചിക്കടകളിൽ ലഭിക്കുന്ന ആട്, പശു തുടങ്ങിയവയുടെ മാംസം രോഗബാധിതവും അപകടകാരിയുമല്ല എന്നു ആർക്കും ഒരു ഉറപ്പുമില്ല ഇന്ന്. ഈ സ്ഥിതി പരിഹരിക്കുന്നതിന് അറവുമൃഗങ്ങളെ നിർബന്ധമായും മൃഗഡോക്ടറുടെ പരിശോധനയ്ക്കു വിധേയമാക്കിയിരിക്കണമെന്ന് വ്യവസ്ഥയുണ്ടാക്കേണ്ടതും പഞ്ചായത്ത് ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുമാണ്.

കേരളത്തിലെ ജനങ്ങൾക്ക് ആവേശമായി മാറിയ മാവേലിസ്റ്റോർ പ്രസ്ഥാനമാണ് സമീപകാലത്ത് മാർക്കറ്റ് മേഖലയിലുണ്ടായ സുപ്രധാനപ്രതിഭാസം. എന്നാൽ മംഗലപുരത്തെ ജനങ്ങൾക്ക് ഈ സംരംഭത്തിന്റെ ഭാഗ്യസ്പർശമേല്ക്കാൻ ഇനിയും സന്ദർഭമുണ്ടിയിട്ടില്ല. പഞ്ചായത്ത് ആസ്ഥാനമായ മംഗലപുരത്ത് ഒരു മാവേലിസ്റ്റോർ ആരംഭിക്കുകയും ഗ്രാമങ്ങളുടെ വിവിധ മേഖലകളിൽ ജീവിതാവശ്യത്തിനുള്ള വസ്തുക്കളെത്തിച്ച് വിപണനം ചെയ്യുന്നതിന് ഒരു മൊബൈൽ മാവേലിസ്റ്റോർ ആരംഭിക്കേണ്ടതുമാണ്.

പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പ്രമുഖമായൊരു സ്ഥാനമാണ് പാർപ്പിടത്തിനുള്ളത്. ആദികാലങ്ങളിൽ മരച്ചുവട്ടിലും, ഗുഹകളിലും പുൽമാടങ്ങളിലും അന്തിയുറങ്ങിയ മനുഷ്യർ നാഗരിക സംസ്കാരത്തിനവകാശികളായതോടെ വിവിധതരം പുരകൾ നിർമ്മിച്ച് അതിനകത്ത് വാസമാരംഭിച്ചു. കേരളത്തിൽ തറവാട്വ്യവസ്ഥിതിയുടെ തകർച്ചയോടെ നാലുകെട്ടുകളും എട്ടുകെട്ടുകളും മണ്ണടിയാൻ തുടങ്ങി. പകരം ആധുനിക പാശ്ചാത്യമാതൃകയിലുള്ള ടെറസ് കെട്ടിടങ്ങളിലേക്ക് നമ്മുടെ ന്യൂക്ലിയർ കുടുംബങ്ങൾ1 ചേക്കേറി. ആർഭാടവും പരസ്പരവിശ്വാമില്ലായ്മയും മാത്രം ഐഡന്റിറ്റിയാക്കികഴിഞ്ഞ പുതുതലമുറ വീടുവയ്പിലും പുലർത്തി ഈ ജീവിതശൈലി. തന്മൂല പ്രത്യുല്പാദനപരമല്ലാത്ത മേഖലയിലെ വിഭവനിക്ഷേപത്തിലൂടെ രാഷ്ട്രത്തിനും സമൂഹത്തിനും കൈവന്ന നഷ്ടത്തെക്കുറിച്ച് ചിന്തിക്കാൻ ഭരണനേതൃത്വമോ സമൂഹം തന്നെയോ സന്നദ്ധമായിട്ടില്ല. താന്താങ്ങളുടെ ദിവസങ്ങൾക്കായി കാത്തിരിക്കുന്ന ഓരോ വ്യക്തിയും കാറ്റും വെളിച്ചവും കടക്കാത്ത ഓരോ പുതിയ കോൺക്രീറ്റ് തടവറയുടെ സ്വപ്നവും മനസ്സിൽ താലോലിച്ചുകൊണ്ടാണ് ജീവിക്കുന്നത് എന്നു പറഞ്ഞാൽ തന്നെ അതിശയോക്തിയാവില്ല. ഒരു ന്യൂനപക്ഷമായ സമ്പന്നവർഗവും മധ്യവർഗവും ഇങ്ങനെ ജീവിതഭദ്രതയുടെ കനകസൗധങ്ങളിൽ വസിക്കുമ്പോൾ ഭൂരിഭാഗം ജനങ്ങളും ചെറ്റപ്പുരകളിൽ ആണ് കഴിച്ചുകൂട്ടുന്നത് എന്ന യാഥാർത്ഥ്യം ശ്രദ്ധേയമാണ്.

പ്രശ്നങ്ങൾ

1. വീടുകളില്ലാത്ത കുടുംബങ്ങൾ ഇവിടെ നിരവധിയുണ്ട്.
2. ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.
3. ചെറ്റക്കുടിലുകൾ, മൺകുടിലുകൾ ഇവയാണധികവും
5. വൈദഗ്ധ്യമുള്ള നിർമ്മാണത്തൊഴിലാളികളുടെ കുറവ്.
6. ലക്ഷം വീടുകളുടെ പരിമിതികൾ.
7. ഭവനനിർമ്മാണ വായ്പാപദ്ധതികളുടെ പരിമിതി.

നിർദ്ദേശങ്ങൾ

1. ലക്ഷം വീടുകൾ പുനരുദ്ധരിക്കുക.
2. ഭവന നിർമ്മാണരംഗത്തെ ധൂർത്തുകൾ അവസാനിപ്പിക്കുവാൻ കർക്കശനിയമ നിർമ്മാണം ഉണ്ടാവണം.
3. കെട്ടിടനിർമ്മിതിക്കായുള്ള സമ്പത്തിന്റെ അധിക വിനിയോഗം മൂലമുള്ള വ്യക്തിപരവും ദേശീയവുമായ വിഭവനഷ്ടത്തെക്കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
4. പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.
5. ഭവനവായ്പകളുടെ നടപടിക്രമങ്ങൾ ലളിതമാക്കുക.
6. ഭവനരഹിതർക്ക് സർക്കാർ നല്കുന്ന ഭൂമിയുടെ കൈമാറ്റം കർക്കശമായി നിരോധിക്കുക.

7. നിർമ്മിതികേന്ദ്രങ്ങൾ പോലുള്ള ഭവന നിർമ്മാണസഹകരണസംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കുക.
8. പാർപ്പിടം നല്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് വാർഡുതല ജനകീയസമിതി രൂപീകരിക്കുക.
9. റെസിഡെൻഷ്യൽ ബിൽഡിംഗ് നിർമ്മാണത്തിനുള്ള മുതൽ മുടക്കിനു പരിധി നിച്ചയിക്കുകയും പരിധി കവിഞ്ഞുള്ള കെട്ടിടങ്ങൾക്ക് ഭീമമായ നികുതി ഏർപ്പെടുത്തുകയും ചെയ്യുക.
10. ഇടത്തരക്കാർക്ക് ഭവനനിർമ്മാണത്തിന് പ്രത്യേക സഹായപദ്ധതികൾ ആവിഷ്കരിക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമം എന്നാൽ സാമ്പത്തികാനുകൂല്യങ്ങൾ എന്ന വികലമായ ഒരു ധാരണ നമ്മളിൽ ചിലർക്കെങ്കിലുമുണ്ട്. ഈ സങ്കൽപ്പങ്ങളിൽ നിന്ന് വ്യതിചലിച്ച് സമഗ്രമായ സാമൂഹ്യവികസനത്തിന്റെ കാഴ്ചപ്പാടുണ്ടാവുകയാണ് നമുക്കാവശ്യം ഭൂതമയത്തിലും മനുഷ്യസ്നേഹത്തിലും അധിഷ്ഠിതമായ ഒരുന്നത മാനവിക ബോധം സമൂഹം കൈവരിച്ചാൽ മാത്രമേ സാമൂഹ്യക്ഷേമപ്രക്രിയയിൽ പങ്കാളികളാവാൻ ജനങ്ങൾക്കുകഴിയുകയുള്ളൂ.

പ്രശ്നങ്ങൾ

1. ലക്ഷം വീട് പദ്ധതികൾ, ഹരിജൻ ഭവന പദ്ധതികൾ ഇവ നടപ്പിലാക്കുമ്പോൾ പ്രത്യേക പ്രദേശങ്ങളിൽ ദരിദ്രവിഭാഗങ്ങളെയോ ഏതെങ്കിലും പ്രത്യേക ജാതി മത വിഭാഗത്തെയോ ഒരിടത്ത് കൂട്ടമായി പാർപ്പിക്കുന്നത് ഇവരിൽ വിഭാഗീയതയും അസംതൃപ്തിയും കൂടുതലാക്കുന്നതുമൂലം സംഘർഷങ്ങളുണ്ടാകുന്നു.
2. അങ്കൺവാടികളുടെ അഭാവം
3. ബാലവാടികളുടെ കാര്യക്ഷമതാരാഹിത്യം
4. ഒരേ തൊഴിലിന് വിവിധസ്ഥലങ്ങളിൽ വിവിധ കൂലി
5. പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ ഇല്ലാത്തത്
6. ക്ഷേമപദ്ധതികളുടെ ആനുകൂല്യം അർഹരായവർക്കും നിഷേധിക്കുന്നതും അർഹരല്ലാത്തവർക്കു നൽകുന്നതും
7. പൊതുശ്മശാനത്തിന്റെ അഭാവം
8. മുരുക്കുംപുഴ റെയിൽവേ സ്റ്റേഷൻ മൈതാനത്തു തമ്പടിക്കാനെത്തുന്ന നാടോടികൾ
9. സഹായപദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം.
10. പൊതുവിതരണ ശൃംഖലയുടെ അപര്യാപ്തത.
11. ഉപഭോക്തൃഹാറത്തിന്റെ അഭാവം.
12. വിവാഹങ്ങൾ ആർഭാടമായി നടത്താൻ ധനം ദുർവ്യയം ചെയ്യുന്നത്.
13. സമ്പന്നരുടെ ആർഭാടശൈലി ദരിദ്രരിൽ ചെലുത്തുന്ന സ്വാധീനം.
14. ഓഫീസുകളിലും കോടതികളിലും തീർപ്പാകാത്ത തർക്കങ്ങൾ.
15. അദ്ധ്വാനത്തിന്റെ മൂല്യത്തെക്കുറിച്ച് തൊഴിലാളികൾക്കുള്ള അജ്ഞത.
16. വിധവകളുടെ പെൺമക്കൾക്കു വിവാഹത്തിനു നല്കുന്ന തുക തീരെ അപര്യാപ്തം.
17. ആധുനിക രീതിയിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ അഭാവം.
18. സംരക്ഷണം ഭഷിക്കാത്ത അമ്മമാർ.

19. മദ്യപാനം മൂലമുള്ള സാമൂഹ്യപ്രശ്നങ്ങൾ
20. പോലിസിന്റെ അഴിമതിയും സാമാന്യജനങ്ങളോടുള്ള നിന്ദ്യമായ പെരുമാറ്റവും.
21. സർക്കാർ സ്ഥാപനങ്ങളിലെ അഴിമതിയും കൈക്കൂലിയും

നിർദ്ദേശങ്ങൾ

1. ദരിദ്രരെയും പ്രത്യേക വിഭാഗക്കാരെയും കൂട്ടമായി താമസിപ്പിക്കാതിരിക്കുക.
2. ആവശ്യമുള്ള സ്ഥലങ്ങളിൽ അങ്കൺവാടികൾ സ്ഥാപിക്കുക.
3. ബാലവാടികൾ കാര്യക്ഷമമാക്കുക.
4. തൊഴിൽ സമയം, കൂലി ഇവ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകീകരിക്കുക.
5. പബ്ലിക് കംഫോർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് ശുചിയായി പ്രവർത്തിക്കുക.
6. പൊതു ശ്മശാനം സ്ഥാപിക്കുക.
7. റെയിൽവേ സ്റ്റേഷൻ മൈതാനത്തെ നാടോടി പ്രശ്നവും ശുചിത്വ പ്രശ്നങ്ങളും പരിഹരിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ വിദഗ്ദ്ധസമിതി രൂപീകരിക്കുക.
8. സഹായ പദ്ധതിത്തുകകൾ യഥാസമയം വിതരണം ചെയ്യുക.
9. ഉപഭോക്തൃ ഫോറം സംഘടിപ്പിക്കുക.
10. പൊതുവിതരണ കേന്ദ്രത്തിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുക.
11. വിവാഹചെലവ് നിയമം മൂലം നിയന്ത്രിക്കുക.
12. മാതൃകാ വിവാഹങ്ങൾ സംഘടിപ്പിക്കുന്നതിന് ജനകീയസമിതികൾ രൂപീകരിക്കുക
13. നീതിമേളകൾ സംഘടിപ്പിക്കുക
14. അദ്ധ്വാനത്തിന്റെ മൂല്യത്തെക്കുറിച്ച് തൊഴിലാളികളെ ബോധവത്കരിക്കുകയും പ്രതിദിന തൊഴിൽ സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുകയും ചെയ്യുക.
15. വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് നല്കുന്ന തുക വർദ്ധിപ്പിക്കുക.
16. ആധുനിക സൗകര്യങ്ങളുള്ള ഓഡിറ്റോറിയം നിർമ്മിക്കുക.
17. സംരക്ഷണം ലഭിക്കാത്ത അമ്മമാരെ അധിവസിപ്പിക്കുക.
18. സമ്പൂർണ്ണ മദ്യനിരോധനമേർപ്പെടുത്തുകയും വ്യാജവാറ്റ് തടയാൻ ജനകീയസമിതികൾ രൂപീകരിക്കുകയും ചെയ്യുക
19. പോലിസിനെ ജനസേവനത്തിനുള്ള മെഷിനറിയാക്കാൻ കഴിയും വിധം പോലീസ് ട്രേയിനിംഗ് സമ്പ്രദായം പുനരാവിഷ്കരിക്കുക
20. സർക്കാർ സ്ഥാപനങ്ങളിൽ അഴിമതിയും കൈക്കൂലിയും നടത്തുന്ന ഉദ്യോഗ സ്ഥരുടെ മേൽ കർശന നടപടി സ്വീകരിക്കുക.

ദാരിദ്ര രേഖയ്ക്കു താഴെ കുടുംബങ്ങളുടെ എണ്ണം

വാർഡ് (പഴയത്)	കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST	സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള കുടുംബങ്ങൾ	ഇതിൽ SC/ST	സാമ്പത്തിക സഹായം ലബിച്ചതു വഴി ദാരിദ്ര രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ
1	112	31	15	6	15
2	245	49	19	11	19
3	168	47	20	17	20
4	244	67	10	6	10
5	221	19	12	6	12
6	358	96	37	13	37
7	241	43	35	10	35
8	169	41	25	12	25
9	312	40	25	10	25
10	117	16	9	4	9
11	121	29	10	8	10
ആകെ	2308	478	217	103	217

നാടോടികളുടെ കൂടാരങ്ങൾ
മുതുക്കുംപുഴയിലെ ഒരു ദൃശ്യം

സംസ്കാരം

പ്രാണവായുവും കുടിനീരും പോലെ ഒരു ജനതയുടെ അസ്തിത്വത്തിനടിസ്ഥാനമാണ് സാംസ്കാരികമൂല്യങ്ങൾ. ഈ മൂല്യങ്ങളുടെ വിനാശത്തിൽ ദുരന്തങ്ങളിലേക്കു കൂപ്പുകുത്താൻ ഒരു ജനതയ്ക്കധികനാൾ വേണ്ട. അക്ഷരാർത്ഥത്തിൽ തന്നെ ഒരു കലിയുഗസങ്കല്പം യാഥാർത്ഥ്യമാവുകയായിരിക്കും ഈ ദുരന്തത്തിന്റെ അനിവാര്യഫലം. നമ്മുടെ നാടും ജനങ്ങളും ഈ ദുരന്തങ്ങളെ വരവേല്ക്കുകയാണോ? ഉറക്കെ ചിന്തിക്കേണ്ടിയി രിക്കുന്നു ഇന്നു നമ്മൾ.

ഉള്ളുലഞ്ഞായാരു സാംസ്കാരികപൈതൃകത്താൽ ധന്യമാണ് മംഗലപുരം. ബ്രാഹ്മമുഹൂർത്തത്തിലുണർന്ന പൂർവ്വികരുടെ സുകൃതമത്രേ ഇവിടുത്തെ അധുനാതന ജനതയുടെ സർവസ്വം. ജനകോടികളുടെ സമുദ്ധാരണത്തിന് തൂലിക പടവാളാക്കിയ കുമാരനാശാനും തീവ്രമായ ഇച്ഛാശക്തിയുടെ തീജ്വാലയ്ക്കു മുന്നിൽ ഉപരിവർഗത്തെ അടിയറവു പറയിച്ച അയ്യങ്കാളിയും സർവ്വസമർത്ഥരായവരുടെ നേതൃത്വത്തിൽ സർവ്വരുടെയും പുരോഗതിക്കായി കഥകൾ ചമച്ച സി.വി. രാമൻപിള്ളയും അധികാരിവർഗത്തിനെതിരെ ആഗ്നേയാസ്ത്രങ്ങൾ തൊടുത്തുവിട്ട നാരായണക്കുരുക്കളും തങ്ങളുടെ കർമ്മ ഭൂമിയായി തെരഞ്ഞെടുത്തത് ഈ ഗ്രാമമായിരുന്നു എന്നറിയുമ്പോൾ അഭിമാനവിജൃംഭിതരാകാത്തവരാരുമുണ്ടാവില്ല.

അദ്ധ്വാനത്തിന്റെ മൂല്യം മറന്നുപോയ നാം ആലസ്യത്തിന്റെയും ഭോഗതൃഷ്ണകളുടെയും നിലയില്ലാച്ചുഴികളിൽ പെട്ടുപോയിരിക്കുന്നു. അടങ്ങാത്ത ആർത്തി മാത്രമായിരിക്കുന്നു നമ്മുടെ മുഖമുദ്ര. സമ്പത്ത് കുന്നുകൂട്ടുവാനും ശ്ലീലാശ്ലീലതകളുടെ അതിർവരമ്പുകൾ ഭേദിച്ചു ഭോഗലാലസരായി ജീവിക്കുവാനും നമ്മൾ പരക്കംപായുന്നു. പുരുഷാർത്ഥങ്ങളും സദാചാരചിന്തകളും പഴമയുടെ ചവറ്റുകുനകളിലേക്കു വലിച്ചെറിയപ്പെടേണ്ട വിഴുപ്പുകളായിരിക്കുന്നു നമുക്ക്. മാതൃതുല്യം ആദരിക്കപ്പെട്ടിരുന്ന സ്ത്രീ തെരുവോരങ്ങളിൽ അനുനിമിഷം അപമാനിതയായിക്കൊണ്ടിരിക്കുന്നു. മതമൗലികവാദികൾ മുമ്പെങ്ങുമില്ലാത്തവിധം പരസ്യമായി രംഗത്തെത്തിയിരിക്കുന്നു. ഫാസ്റ്റ് ഫുഡിന്റെയും പാശ്ചാത്യവത്കരണത്തിന്റേയും ലഹരിയിൽ യുവതലമുറ എല്ലാം മറന്നുറങ്ങുന്നു. നിഷ്ക്രിയത്വത്തിന്റെ വിത്തുകൾ അവരുടെ തലയ്ക്കുമുകളിലൂടെ വാരി വിതയ്ക്കുകയാണ് അധികാരിവർഗം.

സമസ്തമേഖലകളിലും കൈക്കൂലിയും കരിഞ്ചന്തയും കൊടികുത്തിവാഴുന്നു. അങ്ങനെ ധാർമ്മിക മൂല്യങ്ങളുടെ നിരാസത്തിലൂടെ സാമൂഹ്യതിന്മയിലധിഷ്ഠിതമായ ഒരു സംസ്കാരം നമ്മുടെ മുന്നിൽ നാമറിയാതെ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ആർക്കും ആരോടും പ്രതിബദ്ധതയില്ലാത്ത ഈ സമൂഹമദ്ധ്യത്തിൽ നിന്നുകൊണ്ടും മലയാളഭാഷയുടെ മണമേല്ക്കാതെ മക്കളെ വളർത്താൻ 'മമ്മിയും ഡാഡിയും' കഠിനയത്നം ചെയ്യുന്നു. കുരുന്നു മക്കളുടെ നാവിൽനിന്ന് ഒരു വിലാപംപോലെ ഉതിർന്നുവീഴുന്ന 'റേയ്ൻ റേയ്ൻ ഗോ എവേ'യും 'ജാക്ക് ആൻഡ് ജിൽ വെന്റ് അപ് ദ് ഹില്ലും' ഒക്കെ കേൾക്കേ നമ്മുടെ മാതാപിതാക്കൾ കോൾമയിർക്കൊള്ളുന്നു. വരും നാളുകളിലെ സാമ്പത്തിക സപ്നങ്ങളുടെ ഗണിതശാസ്ത്രം മാത്രം മനസ്സിൽ താലോലിക്കുന്നവർ കുഞ്ഞോമനകളിൽ കതിരണിയേണ്ട കലയുടെ നാമ്പുകളെ ബോധപൂർവ്വം കണ്ടില്ലെന്നു നടിക്കുന്നു. ഇങ്ങനെ വേരുകൾ പിഴുതെറിഞ്ഞ് 'സ്വതന്ത്രരാവാൻ വെമ്പൽകൊള്ളുന്ന ഒരു ജനസഞ്ചയം ചരിത്രത്തിലെതന്നെ ഒരു അദ്ഭുത പ്രതിഭാസമായിത്തീർന്നിരിക്കുന്നു.

ആശാൻസ്മാരകത്തെപ്പറ്റി

കവികൾ ഈശ്വരൻമാരാണ്. അവർ ഒരു ജനതയുടെ സംസ്കാരത്തെയും വിശ്വാസത്തെയും ജീവിത മൂല്യങ്ങളെയും രൂപപ്പെടുത്തുന്നു. അവർക്ക് മരണമില്ല. മാനുഷ്യകത്തിന്റെ പൊതുസ്വത്തായി ഉയർന്നു നിന്ന് അവർ എക്കാലവും പ്രകാശം ചൊരിയുന്നു. ആ ഈശ്വരൻമാരുടെ സ്മാരകങ്ങൾ ക്ഷേത്രങ്ങളാണ്. ഉപാസിക്കുന്നവർക്ക് ഊർജ്ജം പകർന്നുകൊടുക്കുന്ന കോവിലുകൾ! റഷ്യാക്കാർക്ക് ടോൾസ്റ്റോയ് സ്മാരകവും ബ്രിട്ടീഷുകാർക്കു ഷേക്സ്പിയർ സ്മാരകവും ജർമ്മൻകാർക്ക് ഗോയ്ഥേ സ്മാരകവും പുണ്യക്ഷേത്ര ങ്ങളാണ്. ലോകത്തെമ്പാടുമുള്ള മനുഷ്യർ ഈ യുഗതേജസ്സുകളുടെ സ്മാരകങ്ങളിലേക്കു നിത്യേന തീർത്ഥയാത്രപോകുന്നു.

നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ സജീവാംശമാണു കുമാരനാശാൻ. ഹ്രസ്വമായ തന്റെ ജീവിതഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങളാണ് അദ്ദേഹം ചെയ്തുകൊണ്ടിരുന്നത്! കവി, പത്രാധിപർ, പുസ്തകപ്രസാധകൻ, എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി, നിയമസഭാഗം, കർഷകൻ, വ്യവസായി, ഗൃഹസ്ഥൻ എന്നിങ്ങനെ ഏതെല്ലാം നിലകളിലാണ് അദ്ദേഹം പ്രവർത്തിച്ചത്! ഇത്ര കർമ്മനിരതനായ ഒരു ജീവിതം, ഇത്രയും വ്യത്യസ്തങ്ങളായ കർമ്മരംഗങ്ങളിൽ ഊർജ്ജസ്വലമായി വിഹരിച്ച ഒരു ജീവിതം വിരളമാണ്. ഒന്നാംതരം കവിയായിരിക്കുക; ഒന്നാം തരം കാര്യസ്ഥനുമായിരിക്കുക, അത് ഒരു വിശേഷപ്പെട്ട കാര്യം തന്നെയാണ്.

ആധുനിക കേരളത്തിന്റെ ജഡസിരകളെ ചൈതന്യോഷ്ണളമാക്കിയ കുമാരനാശാൻ വസ്തു വാങ്ങി വീടുവച്ചു താമസിച്ച ഗ്രാമമാണു തോന്നയ്ക്കൽ. തിരുവനന്തപുരം ജില്ലയിൽ തലസ്ഥാനനഗരിക്കു സുമാർ ഇരുപത്തിനാലു കിലോമീറ്റർ വടക്കുമാറി നാഷണൽ ഹൈവേയോടു ചേർന്നുകിടക്കുന്ന ഇവിടം ആരവങ്ങളിലും ആർഭാടങ്ങളിലും നിന്ന് ഒഴിഞ്ഞുനില്ക്കുന്നു. നെല്പ്പാടങ്ങളിലും റബ്ബർത്തോട്ടങ്ങളിലും ക്ലേമൈനുകളിലും പണിയെടുക്കുന്ന തൊഴിലാളികളും ഇടത്തരക്കാരായ കർഷകരും ആണ് ഗ്രാമവാസികളിലേറിയപങ്കും. മനുഷ്യാദ്ധ്വാനത്തിന്റെ നന്മവിളയുന്ന ഗ്രാമം. എങ്ങും പ്രശാന്തമായ ദൃശ്യങ്ങൾ കാതോർത്താൽ ഇരമ്പുന്ന കടൽ.

പാതവക്കത്തെ ഗേറ്റുകടന്ന് ചെങ്കൽപാതയിലൂടെ പത്തുനൂറടിപടിഞ്ഞാട്ടു നടന്നാൽ മഹാകവിയുടെ സ്മാരകമന്ദിരമായി. സ്മാരകത്തെക്കുറിച്ച് ഒരു ലേഖകൻ എഴുതി : വെള്ളരി മണ്ണിന്റെ മുറ്റത്ത് ആശാൻസ്മാരകമന്ദിരം. മിനുക്കിയ കറുത്തകരിങ്കല്ലിൽ തീർത്ത വലിയൊരു മണ്ഡപം. വൃത്താകൃതിയിൽ പണിത അതിന്റെ മേൽക്കൂര ശ്രീകോവിൽ പോലെ. ചിത്രപ്പണികളുള്ള മണ്ഡപത്തൂണുകൾ. സദാ മരച്ചില്ലകളിൽ മൂളിനടക്കുന്ന കുളിർകാറ്റ്. തൊട്ടകലെ ഓലക്കൂടിൽ. ഈ കുടിൽ ഏതാണ്? യാഥാസ്ഥിതികത്വത്തിന്റെ, ആഭിജാത്യത്തിന്റെ കന്മതിൽക്കോട്ടകൾ തകർത്ത് സാവിത്രി അന്തർജ്ജനം സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കൂട്ടുകാരിയായി വാണ ചാത്തന്റെ കുടിലോ?

"വൃത്തവും കോണും ചതുരവുമല്ലതി
ലെത്തിനോക്കീട്ടില്ല ശില്പിതന്ത്രം
വണ്ണം കുറഞ്ഞൊരു രണ്ടുചാൺപൊക്കത്തിൽ
മണ്ണുചുവരുണ്ടകത്തുചുറ്റും.
കോണും മുഴകളും തീർത്തിട്ടില്ലായതിൽ
കാണുന്നു കൈവിരൽപ്പാടു പോലും"

ഇത് സവിത്രി അന്തർജ്ജനം പാർത്ത ചാത്തന്റെ കൂരയാണ്. ആഭിജാത്യക്കാരിയായ കാവ്യാംഗന ഉള്ളറിഞ്ഞിറങ്ങിവന്ന് താമസമാക്കിയ ആശാന്റെ കൂര.

നേരിയൊരു പോറൽ പോലുമില്ലാതെ ആശാൻഭവനം ഇവിടെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. മഹാകവിയുടെ പാദമുദ്രകളേറ്റുവാങ്ങിയ മൺകുടിൽ അന്നത്തെ അതേ നിലയിൽ! പ്രൊഫ.ജോസഫ് മുണ്ടശ്ശേരി കണ്ട തോന്നയ്ക്കലെ കാഴ്ചകളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള അതേനിലയിൽ!! വീടിനെക്കുറിച്ച് മുണ്ടശ്ശേരി എഴുതുന്നു : ഇരുപത്തിമുക്കാലേ പതിനാറിൽ കൊള്ളുന്ന രണ്ടു മുറിയും താഴ്വാരത്തിൽ അടുക്കളയുമായി ഒരു കൊച്ചോലപ്പുര. കളിമൺ ചുമർ. ഉപായത്തിലൊന്നു ചെത്തിപ്പൂശിയിട്ടുണ്ട്. തട്ടില്ല. മേൽക്കുരയിൽ കണ്ണോട്ടകൾ. ചാണകം തളിച്ചു മെഴുകിയിട്ടുണ്ട്, അകവും പുറവും. ചൊവ്വും ചന്തവുമില്ല കുടിൽ കണ്ടാൽ."

കുടിലിന്റെ പുറയത്തോടു ചേർന്ന് അതിലും ചെറിയൊരു ഓലപ്പുര. പുരയെന്നു വിളിക്കാനാവാത്തത്ര ചെറുത്. മുണ്ടശ്ശേരിയുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ 'ഇടയ്ക്കൊഴിഞ്ഞിരിക്കാൻ പറ്റും മട്ടിലൊരു ഒറ്റ മുറിച്ചാവിടി.' മുന്നിൽ പഴയകിണർ. കഴുത്തിൽ ചിപ്പിക്കല്ലുകൾ പാകിയ കിണറിന്റെ അടിത്തട്ടിൽ പളുങ്കുപോലെ തിളങ്ങുന്ന ഇത്തിരിയോളം ജലം. ഈ കിണറ്റിൽ നിന്നു നീർ കോരിക്കുടിച്ചാണ് ഇഹപരജ്ഞാനോദന്യുവായ കവി തന്റെ തണ്ണീർദാഹമകറ്റിയിരുന്നത്; ലാളിച്ചു വളർത്തിയ തെങ്ങും തേൻമാവും പ്ലാവും പനിനീർച്ചാമ്പയും നനയ്ക്കാൻ പ്രകൃതിയെ പ്രണയിച്ച, മഹാകവി തണ്ണീർ കോരിയത് ഈ കിണറ്റിൽ നിന്നാണ്. തലമുറകളിലൂടെ പടർന്നു പന്തലിച്ച പ്ലാവും ജന്മന്തരങ്ങളുടെ സ്മൃതിപേറിനില്ക്കുന്ന ചാമ്പയും ആകാശത്തു വരച്ച ചിത്രം പോലെ കൃശശുഷ്കങ്ങളായ കൊമ്പുകളുമായി തേൻമാവും ഇന്നും ഇവിടെയുണ്ട്.

കവിയുടെ ധ്യാനത്തിന്റെ ധന്യമുഹൂർത്തങ്ങൾക്കു സാക്ഷിയായിരുന്നത് ഈ ഒറ്റമുറിച്ചാവിടിയാണ്. ഇവിടെയിരുന്നാണ് ആ സാമൂഹ്യവിപ്ലവകാരി പീഡിതരുടെ മഹാപ്രസ്ഥാനങ്ങൾക്കു ചുക്കാൻ പിടിച്ചത്. വിശാലമായ വനഭൂമി കൃഷിഭൂമിയാക്കിയതും ആലുവായിലെ ഓട്ടുകമ്പനിയുടെ കണക്കുകൾ പരിശോധിച്ചതും ഇവിടെവച്ചാണ്. തന്റെ ജീവിതസർവ്വസ്വമായ ശ്രീനാരായണ ഗുരു സ്വാമികളെ എതിരേറ്റതും ഇവിടെ ഈ മൺകുരയിലാണ്. ഇതാണ് ആശാന്റെ എഴുത്തുപുര. ആശാൻ ഉപയോഗിച്ചിരുന്ന കട്ടിലും മേശയും കസേരയുമെല്ലാം അന്നുകിടന്നതുപോലെ തന്നെയുണ്ട് ഇപ്പോഴും ഇവിടെ; ആശാന്റെ വളരെ പഴയൊരു ചിത്രവും.

ചരിത്രം

മഹാകവിയുടെ ഗൃഹം ദേശസാൽക്കരിക്കാൻ നടപടികളെടുത്തതും സ്മാരകമന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തിയതും പ്രൊഫ.ജോസഫ് മുണ്ടശ്ശേരിയാണ്. അന്ന് ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി ആയിരുന്നു അദ്ദേഹം. ആശാന്റെ ജന്മനാടായ കായിക്കരയിലും ആശാന്റെ ഭൗതികശരീരം അന്ത്യവിശ്രമം കൊള്ളുന്ന പല്ലനയിലും സ്മാരകങ്ങൾ നിർമ്മിക്കണമെന്ന ആവശ്യം ആ പ്രദേശങ്ങളിൽ നിന്ന് ഉയർന്നുവെന്നെങ്കിലും അദ്ദേഹം താമസിച്ചിരുന്ന തോന്നയ്ക്കലെ വീടും പരിസരവും ഏറ്റെടുക്കുവാനും സ്മാരകം പണിയുവാനുമാണ് ഉചിതജ്ഞനായ മുണ്ടശ്ശേരി തീരുമാനിച്ചത്. ആശാന് ഒരു സ്മാരകം സ്ഥാപിക്കാൻ ഏറ്റവും പറ്റിയ സ്ഥലം തോന്നയ്ക്കൽ തന്നെ ആണെന്ന് പല്ലനയും കായിക്കരയും സന്ദർശിച്ചിട്ടുള്ള ഇ.എം.എസ്. നമ്പൂതിരിപ്പാടും പില്ക്കാലത്ത് പ്രസ്താവിക്കുകയുണ്ടായി. ആശാനു പ്രിയതരമായിരുന്നതും തോന്നയ്ക്കലെ മണ്ണാണല്ലോ.

സി. വി. രാമൻപിള്ള

കായിക്കരയിൽ നടന്ന ഒരു ജന്മദിനാഘോഷവേളയിലാണ് തോന്നയ്ക്കൽ സ്മാരകം പണിയുവാനുള്ള ഗവൺമെന്റിന്റെ ആഗ്രഹം മുണ്ടശ്ശേരി പ്രഖ്യാപിച്ചത്. യോഗം കഴിഞ്ഞു മന്ത്രി പുറത്തുവന്നയുടൻതന്നെ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കാൻ തനിക്കുസമ്മതമാണെന്ന് അവകാശിയും മഹാകവിയുടെ ഇളയ പുത്രനുമായ പ്രഭാകരൻ അദ്ദേഹത്തെ അറിയിച്ചു. തുടർന്ന് ഗവർണ്ണറുടെ പേരിൽ രജിസ്റ്റർ ചെയ്ത പ്രമാണം 1958 ജനുവരി 26-ാം തീയതി അദ്ദേഹം മന്ത്രിയെ ഏല്പിക്കുകയും ചെയ്തു. കേരളത്തിലാദ്യമായി ഒരു കവിയുടെ ഭവനം സർക്കാർ ഏറ്റെടുക്കുന്നത് അന്നാണ്. കേരളപ്പിറവിയുടെ വാർഷികാഘോഷങ്ങളുടെ വാരാന്ത്യദിനമായ നവംബർ ഏഴിന് മന്ത്രിതന്നെ സ്മാരകത്തിന്റെ ശിലാസ്ഥാപനവും നിർവ്വഹിച്ചു.

ജനകീയമന്ത്രിസഭ കേന്ദ്രഗവൺമെന്റിന്റെ പിരിച്ചുവിടൽ നടപടിയെത്തുടർന്ന് പുറത്തുപോയതോടെ കേരളം പ്രസിഡന്റു ഭരണത്തിലായി. തിരഞ്ഞെടുപ്പിനു ശേഷം പട്ടം താണുപിള്ള മുഖ്യമന്ത്രിയായി പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നെങ്കിലും സ്മാരകമന്ദിര നിർമ്മാണത്തിൽ എന്തെങ്കിലും പുരോഗതി ഈ കാലഘട്ടത്തിലുണ്ടായില്ല. പട്ടം താണുപിള്ള പഞ്ചാബ് ഗവർണ്ണറായി പോവുകയും ആർ. ശങ്കർ മുഖ്യമന്ത്രിയായി വരികയും ചെയ്തപ്പോൾ ഈ സ്ഥിതിക്കു മാറ്റം വന്നു. ഈ മന്ത്രിസഭയുടെ കാലത്തുതന്നെ സ്മാരകത്തിന്റെ പണിപൂർത്തിയായി എങ്കിലും ശങ്കർ പ്രസിഡന്റായുള്ള ആദ്യത്തെ മാനേജിംഗ് കമ്മിറ്റി അധികാരത്തിൽ വരുമ്പോൾ കേരളം വീണ്ടും ഗവർണർ ഭരണത്തിൻ കീഴിലായിക്കഴിഞ്ഞിരുന്നു.

സ്മാരകത്തിന്റെ ഉദ്ഘാടനം പൊതുജനങ്ങളുടെ സമ്പൂർണ്ണമായ സഹകരണത്തോടെ തന്നെയാവണമെന്ന് ജനകീയനേതാക്കളായിരുന്ന മുണ്ടശ്ശേരിയും ആർ. ശങ്കറും പ്രഭാകരനും ഉൾപ്പെട്ട കമ്മിറ്റി തീരുമാനിച്ചു; അതിൻപ്രകാരം പൊതുജനങ്ങളെ വിളിച്ചുകൂട്ടി ആലോചിച്ച് പരിപാടികൾക്കു രൂപം നല്കുകയും ചെയ്തു. തന്മൂലം ആർഭാടിക്കാനൊത്ത ആളും അർഥവും ഉദ്ഘാടനത്തെ വർണ്ണോജ്ജ്വലമായ ഒരു മഹാ സംഭവമാക്കിമാറ്റി. മുണ്ടശ്ശേരിമാസ്റ്റർ, എം.കെ.സാനു, ശൂരനാട്ടുകുഞ്ഞൻപിള്ള, തകഴി, ദേവ്, കെ.ബാലകൃഷ്ണൻ, ലളിതാംബിക അന്തർജ്ജനം, ഡോ.പുതുശ്ശേരി രാമചന്ദ്രൻ, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങിയ സാഹിത്യരംഗത്തെ മഹാരഥൻമാരെല്ലാം പരിപാടികളിൽ പങ്കെടുത്ത് തങ്ങളുടെ സജീവസാന്നിധ്യമറിയിച്ചു. സ്മാരകകമ്മിറ്റി പ്രസിഡന്റ് ആർ.ശങ്കർ തന്നെ ആയിരുന്നു ഉദ്ഘാടകൻ.

ജനകീയസഭാവം ലക്ഷ്യമിട്ടുകൊണ്ടാണ് സ്മാരകപ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചതെങ്കിലും ഉദ്ഘാടനച്ചടങ്ങോടെത്തന്നെ അത് അവസാനിച്ചു എന്നു പറയാം. മാറിമാറിവന്ന കമ്മിറ്റികളിൽ മിക്കവയും സാമാന്യജനങ്ങളിൽ നിന്ന് അകന്നു നിന്നു. ഇതിനു വേണ്ടി ബോധപൂർവ്വകമായ ഒരു ശ്രമം ഭരണസാരഥികളിൽ നിന്ന് ഉണ്ടായില്ലെങ്കിൽ കൂടിയും സ്മാരകത്തെ സംബന്ധിച്ചിടത്തോളം നാട്ടുകാരായ ജനങ്ങളുടെ മമതാഭാവം അതിനു നഷ്ടമായി. ആഘോഷ.

ങ്ങളും സമ്മേളനങ്ങളും കേവലം ചടങ്ങുകളായി പരിണമിച്ചു. ആശാൻ സ്മാരകത്തെ ജനകീയാടിത്തറയുള്ള ഒരു സാംസ്കാരിക സ്ഥാപനമാക്കി വളർത്തിയെടുക്കുവാൻ കേരളത്തിൽ അധികാരത്തിൽ വന്ന ഒരു ഗവണ്മെന്റ് ഇന്നോളം കാര്യമായ ശ്രമങ്ങൾ നടത്തിയിട്ടില്ല. ആശാൻ സ്മാരകത്തെ ജനകീയവത്കരിച്ച് ജാതിമതവർഗ്ഗ വിഭാഗീയതകളിൽ കുടുങ്ങിക്കിടക്കുന്ന ജനങ്ങളെ മഹത്തായ ഒരു സാംസ്കാരിക പ്രസ്ഥാനത്തിൻകീഴിൽ കൊണ്ടുവരുന്നതിലൂടെ മംഗലപുരത്തെന്നല്ല കേരളത്തിലാകെത്തന്നെ സാമൂഹ്യമായ പുതിയൊരു ഉണർവ് സൃഷ്ടിക്കാനാകുമെന്ന് നമുക്കുപ്രതീക്ഷിക്കാം.

സാംസ്കാരികരംഗത്തെ പ്രശ്നങ്ങൾ

1. സജീവമായ സാംസ്കാരിക പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഒരു സ്ഥാപനം പോലും ഇവിടെ ഇല്ല.
2. തിയേറ്ററുകളിൽ പ്രദർശനത്തിനെത്തുന്ന അശ്ലീല സിനിമകൾ.
3. ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്നവർ അനുഭവിക്കുന്ന യാതനാനിർഭരവും ത്യാഗപൂർണവുമായ ജീവിതത്തെക്കുറിച്ച് അവരുടെ സമ്പാദ്യങ്ങൾ വിനിയോഗിക്കുന്നവർ അറിയുന്നില്ല.
4. ദൂർദർശൻ സംപ്രേഷണം ചെയ്യുന്ന നിലവാരമില്ലാത്ത സീരിയലുകളും ആഭാസപരസൂങ്ങളും.
5. തുടർച്ചയായി സംപ്രേഷണം ചെയ്യുന്ന ക്രിക്കറ്റ് പരിപാടികൾ ജനങ്ങളെ ബേബിസിറ്ററിൽ പെട്ടുപോയ കുഞ്ഞിന്റെ അവസ്ഥയിലാക്കുന്നു.
6. വായനശീലമില്ലായ്മയും ഗ്രന്ഥശാലകളുടെ അഭാവവും.
7. കേബിൾ ടി.വി കളിലൂടെ മുഴുവൻ സമയവും സംപ്രേഷണം ചെയ്യുന്ന വിനോദപരിപാടികൾ ജനങ്ങളെ നിഷ്ക്രിയരാക്കുന്നു.
8. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അമിതാഭിനിവേശം.
9. അദ്ധ്വാനത്തോടുള്ള വിമുഖത.
10. പഞ്ചായത്തിന്തല സാംസ്കാരിക കേന്ദ്രത്തിന്റെ അഭാവം.
11. ഫാസ്റ്റ്ഫുഡുകൾ, ടിൻഫുഡുകൾ, ബേക്കറി ഭക്ഷണങ്ങൾ ഇവയോടുള്ള താത്പര്യം.
12. പാശ്ചാത്യ സംസ്കാരത്തോടുള്ള അതിർവിട്ട ആഭിമുഖ്യം.
13. കാർഷികവൃത്തിയോടുള്ള താത്പര്യക്കുറവ്.
14. ധാർമ്മികമൂല്യങ്ങൾ വിസ്മരിച്ചുകളഞ്ഞത്.
15. സത്യം, ധർമ്മം, ദയ ഇവയോട് സമൂഹത്തിനുള്ള അനാദരവ്.
16. മതമൗലികപ്രസ്ഥാനങ്ങളുടെ കടന്നുകയറ്റം.
17. സമ്പത്ത് നേടുവാനുള്ള മനുഷ്യന്റെ അത്യാർത്തി.
18. ഉത്സവപ്പറമ്പുകളിൽ അരങ്ങേറുന്ന കച്ചവടനാടകങ്ങളുടെ അശ്ലീല പ്രചരണം.
19. അമേച്വർ നാടകവേദി നശിച്ചുപോയത്.
20. മദ്യപാനികൾ മൂല്യങ്ങൾ നിരാകരിക്കുകയും സ്ത്രീകളെ അവഹേളിക്കുകയും ചെയ്യുന്നതിൽ മുമ്പിൽ നില്കുന്നു.
21. യുവാക്കൾക്കിടയിൽ മദ്യപാനവും മൂല്യനിരാസവും ഫാഷനായിത്തീർന്നിരിക്കുന്നു.
22. സമ്പന്നഗൃഹങ്ങളിലെ സ്ത്രീകൾക്കിടയിലെ മദ്യപാനം.
23. സമ്പന്നരുടെ ആർഭാട വിവാഹങ്ങൾ.
24. സാംസ്കാരിക പരിപാടികൾക്ക് ഒരു ഓഡിറ്റോറിയമില്ലാത്ത്.
25. തോന്നയ്ക്കൽ ആശാൻസ്മാരകത്തിന്റെ ദുരവസ്ഥ.

നിർദേശങ്ങൾ

1. പൊതുജനങ്ങളെ സംഘടിപ്പിച്ച് വായനശാലകൾ, കലാസമിതികൾ, സാംസ്കാരിക സംഘടനകൾ, പരിസ്ഥിതിക്ലബുകൾ, ഹോർട്ടികൾച്ചർ ക്ലബുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും അവയുടെ പ്രവർത്തനം നേർദിശയിൽ നയിക്കുവാനും നാടൻകലകൾ, ക്ലാസ്സിക് കലകൾ, സാഹിത്യം എന്നീ വിഷയങ്ങളിൽ പഠനപരിപാടികൾ സംഘടിപ്പിക്കുവാനും വേണ്ടി വിപുലമായ തോതിൽ പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.
2. അശ്ലീല സിനിമകൾ നിരോധിക്കുക. സിനിമാനിർമ്മാണത്തിന് സർക്കാർ നല്കുന്ന ധനസഹായം ഉന്നതനിലവാരമുള്ള ചലച്ചിത്രങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തുക. നല്ല സിനിമകൾ നിർമ്മിച്ചു പ്രദർശിപ്പിക്കുവാൻ സാമ്പത്തിക സഹായം നല്കുക.
3. പ്രൊഫഷണൽ നാടകങ്ങൾ എന്ന പേരിൽ അരങ്ങേറുന്ന കച്ചവടനാടകങ്ങൾക്കുവേണ്ടി സംഘടിപ്പിക്കുന്ന സംസ്ഥാനതല മത്സരം എല്ലാ നല്ല നാടകങ്ങൾക്കും പങ്കെടുക്കുവാനുള്ള വേദിയാക്കുകയും അങ്ങനെ നല്ല നാടകങ്ങൾക്ക് ജനമധ്യത്തിലെത്താൻ പ്രോത്സാഹനം നല്കുകയും ചെയ്യുക.
4. അമേച്വർനാടകസമിതികളെ പ്രോത്സാഹിപ്പിക്കുക
5. ക്രിക്കറ്റ് പരിപാടികൾക്ക് ദൂരദർശൻ നല്കുന്ന അമിത

പ്രാധാന്യം അവസാനിപ്പിക്കുക

6. നിലവാരമുള്ള സീരിയലുകൾ മാത്രം സംപ്രേഷണത്തിനു തെരഞ്ഞെടുക്കാൻ യാഥാർത്ഥ ക്രിട്ടിക്കുകളുടെ പാനൽ നിശ്ചയിക്കുക. ദൂരദർശന്റെ ആഭാസപരിപാടികൾക്കെതിരെ ജനങ്ങൾ സംഘടിച്ച് പൊതുജനമധ്യത്തിൽ പ്രതികാത്മകമായി പ്രതികരിക്കുക.

7. മദ്യപാനം സാമൂഹ്യപ്രതിബദ്ധതയുടെ അഭാവത്തിനും സ്ത്രീകളോടുള്ള അവഹേളനകൾക്കും അക്രമവാസനകൾക്കും കാരണമാകുന്നതിനാൽ മദ്യനിരോധനം നിർബ്ബന്ധമാക്കുക

8. വിവാഹച്ചെലവുകൾക്ക് നിയന്ത്രണമേർപ്പെടുത്തുക

9. ആധുനിക സൗകര്യങ്ങളുള്ള ഓഡിറ്റോറിയം നിർമ്മിക്കുക.

10. തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെ ഭരണസമിതിയും പ്രവർത്തനങ്ങളും ജനകീയവത്കരിച്ച് അന്തർദേശീയ പ്രാധാന്യമുള്ള ഒരു സാംസ്കാരിക സ്ഥാപനമാക്കുക.

11. ഹോർട്ടികൾച്ചർ ക്ലബ്ബുകൾ സ്ഥാപിച്ച് യുവാക്കളിൽ കാർഷികസംസ്കാരം വളർത്തുക

12. പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിക്കുക

വനിതാ ക്ഷേമം

'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുവചനം ചരിത്രത്തിന്റെ ഏടുകളിൽ നിന്നു വായിച്ചെടുക്കുമ്പോൾ വിസ്മയം കൂറുന്ന ഒരു നാഗരികജനതയാണ് ഇന്ന് കേരളത്തിൽ ഉള്ളത്. സ്ത്രീക്ക് എത്തിപ്പറ്റാനും കാര്യക്ഷമത കാഴ്ചവയ്ക്കാനുമാവാത്ത ഒരു മേഖലയുമില്ലെന്ന് കാലം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിൽകൂടി എല്ലാ മണ്ഡലങ്ങളിലും സ്ത്രീ പുരുഷനൊപ്പം നിറഞ്ഞു നില്ക്കുന്ന ഒരു സാമൂഹ്യാവസ്ഥ നമുക്ക് ഇനിയും അകലെയാണ്.

ദേശീയ ശരാശരിയിലെന്ന പോലെ സ്ത്രീകൾക്കു നേരിയ ഭൂരിപക്ഷമുണ്ട് മംഗലപുരം പഞ്ചായത്തിലെ ജനസംഖ്യയിലും. 1991-ലെ കനേഷുമാരിക്കണക്കനുസരിച്ച് 17077 വനിതകളും 15842 പുരുഷന്മാരുമാണ് മംഗലപുരത്തുള്ളത്. മൊത്തം കുടുംബങ്ങളിൽ പത്തു ശതമാനം സ്ത്രീകളുടെ വരുമാനത്തെ മാത്രം ആശ്രയിച്ചു പുലർന്നു പോരുന്നവയാണ്. തുല്യ ജോലിക്കു തുല്യവേതനം ഇന്നും സ്വപ്നമായിത്തന്നെ ശേഷിക്കുന്നു.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് സ്ത്രീപങ്കാളിത്തത്തിന്റെ കുറവ്.
2. ഒരു മേഖലയിലും സ്ത്രീകൾക്ക് ആനുപാതികപ്രാതിനിധ്യം നല്കുന്ന കാഴ്ചപ്പാട് രാഷ്ട്രീയപാർട്ടികൾ പുലർത്തുന്നില്ല.
3. സ്ത്രീകളുടെ ധിഷണാവൈഭവവും നേതൃഗുണവും ഉയർത്തുന്നതിനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ അധികൃതപക്ഷത്തു നിന്നുണ്ടാകുന്നില്ല.
4. ഏത് പ്രവൃത്തിയും കാര്യക്ഷമമായി നിർവഹിക്കാൻ സ്ത്രീ പ്രാപ്തയാണെങ്കിലും പുരുഷനു തുല്യമായ അവസരം അവൾക്കു ലഭിക്കുന്നില്ല.
5. മദ്യപാനം പുരുഷന്മാരുടെ മാനസികാവസ്ഥയിൽ സൃഷ്ടിക്കുന്ന ചലനങ്ങൾ സ്ത്രീകളുടെ കുടുംബജീവിതത്തെയും സാമൂഹ്യജീവിതത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്.
6. സ്ത്രീകളുടെ സാമ്പത്തിക സ്വയം പര്യാപ്തതയില്ലായ്മ.
7. സ്ത്രീകൾക്കും കുട്ടികൾക്കും ആനുകൂല്യങ്ങൾ നല്കുന്നതു ഐ.സി.ഡി.എസ്. മുഖാന്തിരമായിരിക്കെ അവരെ സംഘടിപ്പിക്കുന്ന ചുമതല മാത്രം ബ്ലോക്ക് മഹിളാസമാജങ്ങളെ ഏല്പിക്കുന്നതു മൂലമുള്ള സംഘടനാപരമായ ബുദ്ധിമുട്ടുകൾ.
8. സ്ത്രീകൾ പണിയെടുക്കുന്ന പലസ്ഥാപനങ്ങളിലും ടോയ്ലറ്റ് സൗകര്യങ്ങളില്ലാത്തത്.

നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വേദികൾ ഉണ്ടാവണം.
2. സ്ത്രീകളുടെ കൂട്ടായ സംരംഭങ്ങളിലൂടെ കൈവരിക്കുവാൻ സാധിക്കുന്ന പ്രത്യേക നേട്ടങ്ങളെ സംബന്ധിച്ച് സമഗ്രമായ ബോധവത്കരണം.
3. പ്രവർത്തനം നിലച്ചുപോയ മഹിളാ സമാജങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ഗ്രാമങ്ങളിലെ പ്രധാന കേന്ദ്രങ്ങൾ സംഘടിപ്പിക്കുകയും ചെയ്ത്. സാമൂഹ്യ രംഗത്ത് വനിതകളുടെ സജീവസാന്നിദ്ധ്യം ഉറപ്പാക്കുക.
4. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള എല്ലാ ആനുകൂല്യങ്ങളും പഞ്ചായത്തുകളുടേയും മഹിളാസമാജങ്ങളുടെയും സംയുക്ത നേതൃത്വത്തിൽ നിർവ്വഹിക്കാനുള്ള സന്ദർഭമുണ്ടാകണം.
5. എല്ലാ ജോലികളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അവസരം നല്കണം. ഒരു ജോലിയിലും പുരുഷന്മാർക്ക് കൂടുതൽ അവസരങ്ങൾ റിസർവ്വ് ചെയ്യരുത്. (പൊലീസ്, കണ്ടക്ടർ, ഡ്രൈവർ etc.)
6. സ്ത്രീകൾക്ക് തൊഴിൽപരമായ വൈദഗ്ധ്യ പോഷണത്തിന് എല്ലാ തൊഴിൽരംഗങ്ങളിലും പ്രത്യേക പരിശീലനപദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.
7. എല്ലാ ഗ്രാമങ്ങളിലും അയൽ കൂട്ടങ്ങൾ സംഘടിപ്പിക്കണം.
8. സ്ത്രീതൊഴിലാളികൾ കൂട്ടമായി പണിയെടുക്കുന്ന സ്ഥലങ്ങളിൽ ബേബി ക്രഷുകളും ഡേ കെയർ സെന്ററുകളും സ്ഥാപിക്കുക.
9. സ്ത്രീകൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ ടോയ്ലറ്റ് സൗകര്യം നിർബന്ധിതമാക്കുക.
10. സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തുകയും വ്യാജവാറ്റ് കർശനമായി തടയുകയും ചെയ്യുക.
11. മംഗലപുരം പൊലീസ് സ്റ്റേഷനിൽ ഒരു വനിതാ സെൽ രൂപീകരിക്കണം.



സഹകരണമേഖല

ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രോദ്ഘാടന കാലഘട്ടത്തിൽ തന്നെ മംഗലപുരം മേഖലകളിൽ പരസ്പര സഹായ സഹകരണസംഘങ്ങളുടെ ആദ്യാങ്കുരങ്ങളുണ്ടായിത്തുടങ്ങിയിരുന്നു. വായ്പാവായ്പേതര സംഘങ്ങളുടെ സ്പർശമേൽക്കാത്ത ഒരു പ്രദേശം പോലും നമ്മുടെ ഗ്രാമങ്ങളിലില്ല. ഗ്രാമവാസികളുടെ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനമാണ് ഈ സംഘങ്ങൾ ചെലുത്തിപ്പോരുന്നത്.

പഞ്ചായത്തന്ന് അതിർത്തിക്കുള്ളിലെ സഹകരണ സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

വാർഡ് ഒന്ന്

* മുരുക്കുംപുഴ സർവീസ് സഹകരണ ബാങ്ക്
* മുരുക്കുംപുഴ കയർ സഹകരണസംഘം

വാർഡ് രണ്ട്

* മുരുക്കുംപുഴ - കോഴിമട റസിഡെൻഷ്യൽ വെൽഫെയർ കോ - ഓപ്പെറേറ്റീവ് സൊസൈറ്റി (പ്രവർത്തനം പ്രാരംഭദിശയിൽ)

വാർഡ് നാല്

* ഹരിജൻ വെൽഫെയർ സഹകരണസംഘം (നിർജ്ജീവാവസ്ഥയിൽ)

വാർഡ് ആറ്

* കോട്ടറക്കരി കയർ സഹകരണസംഘം
* മംഗലപുരം ഈറ വ്യവസായ സഹകരണ സംഘം



വാർഡ് ഏഴ്

* ചെമ്പകമംഗലം ക്ഷീര സഹകരണസംഘം
* മംഗലപുരം വനിതാ ക്ഷേമസഹകരണസംഘം

വാർഡ് എട്ട്

* കൈലാത്തുകോണം കൈത്തറി വ്യവസായ സഹകരണസംഘം
* കഴക്കൂട്ടം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ (പ്രാരംഭദിശയിൽ)

വാർഡ് പത്ത്

* തോന്നയ്ക്കൽ/അഗ്രികൾച്ചറൽ സഹകരണ സൊസൈറ്റി

വാർഡ് പന്ത്രണ്ട്

തോന്നയ്ക്കൽ അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (H/W. 21)

മൂന്നും അഞ്ചും ഒൻപതും പതിനൊന്നും പതിമൂന്നും വാർഡുകൾ വിവിധ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തന മേഖലകളാണെങ്കിലും ഈ വാർഡുകൾ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളൊന്നും തന്നെയില്ല.

പ്രശ്നങ്ങൾ

1 സംഘങ്ങളുടെ കാര്യക്ഷമതാരാഹിത്യം

2. സഹകരണാവബോധത്തിന്റെ അഭാവം
3. ഗവൺമെന്റിൽ നിന്നുള്ള ആനുകൂല്യങ്ങൾക്കു മാത്രമായി വിവിധ മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന കടലാസു സംഘങ്ങൾ
4. കാർഷിക സഹകരണസംഘങ്ങൾക്ക് കർഷകരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള വൈഭവമില്ലായ്മ.
5. പഞ്ചായത്തിന്റെ വികസന പ്രക്രിവയിൽ പങ്കാളികളാകാനുള്ള സഹകരണസംഘം അധികൃതരുടെ വൈമുഖ്യം.
6. തങ്ങളുടെ പ്രവർത്തനമേഖലകളിൽ സംഘാധികൃതർക്കുള്ള സമഗ്രമായ കാഴ്ചപ്പാടിന്റെ അഭാവം.
7. ചെറുകിട വ്യാവസായിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സഹകരണസംഘങ്ങളില്ലാത്തത്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിന് സംഘാധികൃതർ സന്നദ്ധരാകണം.

2. സൊസൈറ്റികൾ കൂടുതൽ ജനകീയവത്കരിക്കണം

3. മുടങ്ങിപ്പോയ സഹകരണസംഘങ്ങളുടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പ്രവർത്തന മേഖലകളെ പ്രസ്തുത കടലാസു സംഘങ്ങളുടെ കെട്ടുപാടുകളിൽ നിന്ന് മോചിപ്പിക്കണം.

4. റസിഡെൻഷ്യൽ കൺസ്ട്രക്ഷൻ സൊസൈറ്റികൾ സ്ഥാപിക്കണം.

5. ക്ഷീരകാരഷിക സഹകരണ സംഘങ്ങൾ നിലവിലുള്ള സങ്കുചിത കാഴ്ചപ്പാടുകൾ കൈവെടിഞ്ഞ് സമഗമായ വികസന കാഴ്ചപ്പാടോടുകൂടി ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കണം.

6. പടിഞ്ഞാറൻ മേഖലകൾ ഉൾപ്പെടുത്തി ചെമ്മീൻ കൃഷി വികസന സഹകരണസംഘങ്ങൾ ആരംഭിക്കണം.

7. കൈലാത്തുകോണത്തെ നിർദ്ദിഷ്ട സ്പിന്നിംഗ് മില്ലും പവ്വർ ലൂം സകരണസംഘവും ഗ്രാമവാസികളായ നെയ്ത്തു തൊഴിലാളികളെ അംഗങ്ങളാക്കി യഥാർത്ഥ തൊഴിലാളികളുടെ സംഘമാക്കണം.

8. സഹകരണസംഘം പ്രവർത്തനങ്ങളിൽ കൂടുതൽ സ്ത്രീകളെ പങ്കാളികളാക്കണം.





പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

"നെല്ലിൻ ചുവട്ടിൽ മുളയ്ക്കും
കാട്ടുപുല്ലല്ല സാധുപുലയൻ"

എന്നു പാടിയ കുമാരനാശാകവിയുടെ ഹൃദയം കവർന്ന മണ്ണാണ് മംഗലപുരത്തെ മണ്ണ്. ഈ മണ്ണിൽ ചോര നീരാക്കിയ ചെറുമക്കളുടെ ജീവിതദുരിതങ്ങൾ അകറ്റാൻ, `മറ്റുള്ളവർക്കായ് ഉഴാനും നടുവാനും കറ്റകൊയ്യാനും മെതിക്കുവാനും' വിധിക്കപ്പെട്ടവരുടെ കഠിനവ്യഥകൾക്കറുതി വരുത്താൻ ഇവിടെ ഇരുന്നുകൊണ്ട് ആശാൻ കാവ്യതല്ലജങ്ങൾ സൃഷ്ടിച്ചുവെങ്കിൽ, ഈ മണ്ണിൽ നിന്നു കൊണ്ട് അയ്യങ്കാളി തന്റെ സംഘടനാ വൈഭവത്തിലൂടെ അവരെ ഉണർത്തിഎടുക്കുകയായിരുന്നു. കാലത്തിന്റെ വിളികേട്ട അധഃസ്ഥിതരായ അവർ ഉണർന്നെണീറ്റ് സംഘടിതശക്തിയായി കേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥിതിയിൽ പുതിയ ഇതിഹാസങ്ങൾ എഴുതി ച്ചേർത്തുവെങ്കിലും അധികാരത്തിന്റെ അകത്തളങ്ങളിൽ അവർ ഇന്നും അന്യരായിത്തന്നെ നില്കുന്നു.

മംഗലപുരം പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ വിഭാഗത്തെക്കുറിച്ചുള്ള ഒരു വിവരണവും അവരുടെ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളുമാണ് ചുവടെ ചേർക്കുന്നത്.

മംഗലപുരം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി - വിഭാഗം തിങ്ങിപാർക്കുന്ന പതിനാല് കോളനികളുണ്ട്.

I.H.D.P. കോളനികൾ

1) മുണ്ടയ്ക്കൽ ഹരിജൻ കോളനി.

2) തോന്നയ്ക്കൽ ഭൂദാന കോളനി.

എന്നാൽ മറ്റു കോളനികളും ഇരുപതു മുതൽ നൂറ്റിപ്പത്തോളമുള്ള ഹരിജൻ ഓളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നവയാണ്. ഇവരെയും I.H.D.P. കോളനികളായി അംഗീകരിക്കണം.

പ്രശ്നങ്ങൾ - ആവശ്യങ്ങൾ

ഈ മുഴുവൻ കോളനികളിലായും അല്ലാതെയും ആയിരത്തോളം കുടുംബങ്ങൾ അധിവസിക്കുന്നു.

കുടിവെള്ളം

I.H.D.Pകോളനികൾ ഉൾപ്പെടെ മറ്റ് ഒരു കോളനികളിലും ശുദ്ധജലസൗകര്യങ്ങളില്ല. അടിയന്തിരമായി ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം.

പാർപ്പിടം

എല്ലാ കോളനികളിലും 50%ത്തോളം പേർക്ക് പാർപ്പിട സൗകര്യങ്ങളില്ല. ഇതിലേറെയും സ്വന്തമായി ഭൂമിയും ഇല്ലാത്തവരാണ്. ബന്ധപ്പെട്ടവരെ ആശ്രയിച്ച് കഴിയുന്നവരാണ് ഭൂരിഭാഗവും.

വൈദ്യുതി

എല്ലായിടങ്ങളിലും ഭാഗികമായി മാത്രമേ വൈദ്യുതി സംപ്രേക്ഷണമുള്ളൂ. മറ്റുസ്ഥലങ്ങളിലും, നിർദ്ധനരായ കുടുംബങ്ങൾക്കും സൗജന്യമായി വീട് വൈദ്യുതീകരിച്ച് നൽകുകയും, തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും, വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും വേണം.

സാനിട്ടേഷൻ

മിക്കകോളനികളിലും സാനിട്ടേഷൻ സൗകര്യമില്ല. ആയതിനാൽ തന്നെ ചിലയിടങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാൻ സാധ്യതയുണ്ട്. എന്നാൽ ഉള്ളയിടങ്ങളിലും ഭാഗികമായി മാത്രമേയുള്ളൂ. ജനങ്ങളുടെ പ്രാഥമിക ആവശ്യത്തിൽ പ്രഥമസ്ഥാനമായ ഈ കാര്യം അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്.

ആരോഗ്യം

നിർദ്ധനകുടുംബങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുകയും, കോളനികളിൽ ഓടകൾകെട്ടി അഴുക്കുവെള്ളം ഒലിച്ചുപോകുന്നതിന് സത്വരനടപടിസ്വീകരിക്കുകയും വേണം. ആരോഗ്യസെമിനാറുകൾ സംഘടിപ്പിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തണം. പഞ്ചായത്തിനകത്ത് പ്രസ്കതമായ രണ്ടിടങ്ങളിൽ (മുരുക്കുംപുഴ, ചെമ്പകമംഗലം) രണ്ട് പൊതുശ്മശാനങ്ങൾ നിർമ്മിക്കണം. എല്ലാ കോളനികളിലും

രോഗപ്രതിരോധകുത്തിവയ്പുകൾ നടത്തണം.

വിദ്യാഭ്യാസം

കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ സാമ്പത്തിക സഹായംകൊണ്ട് സൗജന്യ ട്യൂഷനുകൾ നൽകുവാൻ നടപടിയുണ്ടാകണം. പഠനോപകരണങ്ങൾ നൽകി പഠനകാര്യങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണം. ഉന്നത പഠനത്തിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക. കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുക. വിദ്യാഭ്യാസം ഇടയ്ക്കു വച്ചുനിർത്തിയ കുട്ടികളെ പുനർവിദ്യാഭ്യാസത്തിനുവേണ്ട നടപടിസ്വീകരിക്കുക.

തൊഴിൽ

മംഗലപുരം പഞ്ചായത്തിൽ പട്ടികജാതി - പട്ടികവർഗ്ഗത്തിൽ പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളും കർഷകത്തൊഴിലാളികളും ഏറെയുണ്ട്. വളരെകൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നു. വയലേലകൾ നികത്തുന്നത് തടയണം. പ്ലാസ്റ്റിക് വർക്കുകൾ, സോപ്പു നിർമ്മാണം, തയ്യൽ, ചൂരൽ പണി, കയർപിരിപ്പ്, കോഴിവളർത്തൽ, ആട് വളർത്തൽ, പശു വളർത്തൽ ഇതിനാവശ്യമായ സാമ്പത്തിക സഹായംനൽകണം. കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് മംഗലപുരം കേന്ദ്രമാക്കി ഒരു കയർവ്യവസായ സഹകരണസംഘം സ്ഥാപിക്കണം. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് പഞ്ചായത്തിൽ ഒരു പൊതുസ്ഥാപനം തുടങ്ങണം.

ക്ഷേമകാര്യങ്ങൾ

പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട നിർദ്ധനരായവർക്ക് വീട് ഓലമേയുന്നതിന് സാമ്പത്തിക സഹായം നൽകണം. സൗജന്യമായി വീട് വച്ചുനൽകുക. വാർദ്ധക്യകാലപെൻഷൻ, വിധവ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ കിട്ടിക്കൊണ്ടിരിക്കുന്നവർക്ക് യഥാസമയം നൽകുകയും അർഹതപ്പെട്ടവർക്ക് കിട്ടുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുകയും ചെയ്യുക. തീരാവ്യാധിമൂലം കഷ്ടപ്പെടുന്നവർക്ക് സാമ്പത്തികസഹായം നൽകുക. റേഷൻ കാർഡുകൾ ഇല്ലാത്തവർക്ക് അടിയന്തിരമായി കിട്ടുന്നതിനുള്ള നടപടിസ്വീകരിക്കണം. ഭൂരഹിതർക്ക് മിച്ചഭൂമിനൽകണം.

കൃഷി

അഞ്ച്സെന്റിലധികം ഭൂമിയുള്ളവർക്ക് തെങ്ങിൻതൈകൾ, വാഴകൾ, പച്ചക്കറി വിത്തുകൾ, കുരുമുളകു വള്ളികൾ എന്നിവ സൗജന്യമായി നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കണം. I.R.D.P, N.R.E.P.എന്നിസ്കിമു കളിൽ ഉൾപ്പെടുത്തിയുള്ള ലോണുകൾ കിട്ടുന്നതിനു കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടിസ്വീകരിക്കണം. പണിയായുധങ്ങളും സൗജന്യമായി നൽകണം.

ഗതാഗതം

പൊതു റോഡുകളിൽ നിന്നും ഹരിജൻ കോളനികളിലേക്കുള്ള റോഡുകൾ ടാറു ചെയ്ത് ഗതാഗതയോഗ്യമാക്കണം. കോളനിക്കകത്തുള്ള ഉപറോഡുകൾ സൈഡുവാൾകെട്ടി മണ്ണൊലിപ്പ് തടയുകയും നടപ്പാത സുഗമമാക്കുകയും ചെയ്യണം. റോഡില്ലാത്ത കോളനികളിൽ പുതിയ റോഡുകൾ നിർമിക്കണം. തോടുകൾക്ക് കുറുകെ സ്ലാബിട്ട് കുട്ടികൾക്ക് സ്കൂളിൽപോകുന്നതിനും യാത്രയ്ക്കും സൗകര്യപ്രദമാക്കണം.

സാംസ്കാരം

പട്ടികജാതി - പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കമ്മ്യൂണിറ്റിഹാൾ, ടിവിക്യോസ്ക്, കളിസ്ഥലം, ഗ്രന്ഥശാല എന്നിവ സ്ഥാപിക്കണം.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ലക്ഷം വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുകയും സാനിട്ടേഷൻ സൗകര്യം നൽകുകയും ചെയ്യുക.
2. ആലപ്പുറംകുന്ന്, മുണ്ടയ്ക്കൽ ഹരിജൻ കോളനി, മുരുക്കുംപുഴ ബാവ കോളനി, മുണ്ടയ്ക്കൽ ലക്ഷം വീട്, ഇടവിളാകം ലക്ഷംവീട്, പുതൊക്കുന്നം ലക്ഷംവീട്, ഭൂദാന കോളനി, ലാൽബാഗ് കോളനി എന്നിവിടങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.
3. അഭ്യസ്തവിദ്യരായ പട്ടിക ജാതിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ഒരു I.T.I സ്ഥാപിക്കുക.
4. പഞ്ചായത്തിൽ ഒരു ഹരിജൻ സർവ്വീസ്സഹകരണ സംഘവും, പട്ടികജാതി വനിതാക്ഷേമ സഹകരണസംഘവും സ്ഥാപിക്കുക.
5. ആലപ്പുറം കുന്നിൽ ഒരു ഹെൽത്ത്സെന്റർ സ്ഥാപിക്കുക.
6. പട്ടയം കിട്ടാത്തവർക്ക് അടിയന്തിരമായി പട്ടയം നൽകുക.
7. കോളനികളിലെ പൊതുകിണറെല ഉപയോഗയോഗ്യമാക്കിത്തീർക്കുക. നീരുറവകൾ കണ്ടെത്തി, ശുദ്ധജലമെത്തിക്കാനുള്ള നടപടിസ്വീകരിക്കുക. കിണറുകളില്ലാത്ത ഭാഗങ്ങളിൽ പുതിയ കിണറുകൾ കുഴിച്ചുനൽകുക.

ഹരിജൻ കോളനികളിലെ വൈദ്യുതീകരണം
സംബന്ധിച്ച വിവരങ്ങൾ

ക്രമ നംബർ	കോളനികളുടെ പേര്	വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങൾ	സൗജന്യസ്സാബിന് കണക്ഷൻ ലഭിച്ചവർ	പണം നല്കി കണക്ഷൻ ലഭിച്ചവർ
1	മുള്ളൻ കോളനി	5	-	5
2	ലാൽഭഗ് കോളനി	8	1	7
3	മിച്ചഭൂമി	44	6	38
4	ഇടവിളാകം	30	4	26
5	മുണ്ടയ്ക്കൽ	22	4	18
6	പാട്ടം	12	3	9
7	പ്ലാവറ	20	8	12
8	ശാസ്ത്രവട്ടം	45	5	40
9	ഭൂദാനകോളനി	40	6	34

വിഭവസമാഹരണം

നമുക്കു ലഭ്യമാകുന്ന വിഭവങ്ങൾ മുഖ്യമായും മനുഷ്യാർജ്ജം, പ്രകൃതി വിഭവങ്ങൾ, കാർഷിക വിഭവങ്ങൾ, മുതലായവയാണ്. ജനജീവിതത്തിന്റെ നാനാതുറയിലെ വികസനങ്ങൾക്കായി ഭരണസംവിധാനം ഏർപ്പെടുത്തുന്ന നികുതികളാണ് പഞ്ചായത്തിൽ വന്നുചേരുന്ന സാമ്പത്തികവിഭവത്തിന്റെ പ്രഭവകേന്ദ്രം. വിഭവസമാഹരണത്തെക്കുറിച്ച് വിവിധഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ ചുവടെരേഖപ്പെടുത്തുന്നു.

മനുഷ്യവിഭവം

നമ്മുടെ പഞ്ചായത്തിൽ തൊഴിൽ രഹിതരായ യുവതീയുവാക്കൾ അയ്യായിരത്തോളം വരും. അവരിൽ ബഹുഭൂരിപക്ഷവും അഭ്യസ്ത വിദ്യരാണ്. പക്ഷേ അവരുടെ തൊഴിൽ ശേഷി നമുക്ക് വേണ്ടവണ്ണം വിനിയോഗിക്കാനാവുന്നില്ല. കുടുംബവരുമാനത്തെ ആശ്രയിച്ച് കഴിയുന്നവരും, കായികാദ്ധ്വാന വൈമുഖ്യമുള്ളവരും, വിനോദങ്ങളിൽ മുഴുകി കഴിയുന്നവരുമാണധികവും. എന്നാൽ ഒരു കൈത്താങ്ങ് കൊണ്ട് രക്ഷപ്പെടാവുന്ന നല്ലൊരു വിഭാഗവും ഇവിടെത്തന്നെയുണ്ട്. തൊഴിൽ ചെയ്യുന്നവരിലാവട്ടെ, പുരഷൻമാരിൽ ബഹുഭൂരിപക്ഷവും കൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നവരും, കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്നവരുമാണ്. ഏകദേശം 400ൽ പരം ആളുകൾ ഡ്രൈവിംഗ് തൊഴിലാളികളാണ്. സ്ത്രീകളിലധികവും കയറുമായി ബന്ധപ്പെട്ട തൊഴിലുകളിലേർപ്പെട്ടി രിക്കുന്നു.

പ്രകൃതി വിഭവം

ഈ പഞ്ചായത്തിലെ സിവശേഷമായ ഒരു ഭൂവിഭവമാണ് കേര നാലഞ്ചു വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന വളരെ വിലപിടിപ്പുള്ള ഈ സമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നുണ്ടെങ്കിലും അതു കൊണ്ട് വേണ്ടത്ര പ്രയോജനം ഈ നാട്ടുകാർക്കോ ഈ പഞ്ചായത്തിനോ ലഭിക്കുന്നില്ല. കേര അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളിൽ ചിലതെങ്കിലും ഇവിടെ കേന്ദ്രീകരിക്കുനതിനുള്ള സംവിധാനത്തെ ക്കുറിച്ച് അലോചിക്കേണ്ടതുണ്ട്.

ഇവിടത്തെ മറ്റൊരു പ്രകൃതി വിഭവമാണ് തൊണ്ടിൽ നിന്നും സംസ്കരിച്ചെടുക്കുന്ന ചകിരിയും അതിൽനിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന കയറും. പക്ഷേ, അതിന്റെ തുടർ വ്യവസായങ്ങൾ ഇവിടെ നടക്കുന്നില്ല.

ചകിരിയുടെ തന്നെ മറ്റൊരു ഉപോൽപന്നമാണ് ചകിരിച്ചോറ്. ധാരാളം തൊണ്ടുതല്ല് മില്ലുകൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ, ചോറിനെ ഉൽപാദനപരമായ മേഖലകളിൽ ഉപയോഗിക്കുന്നതിനെ കുറിച്ച് നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു.

കാർഷികവിഭവം

നമ്മുടെ പഞ്ചായത്തിന്റെ മുഴുവൻപ്രദേശവും ഏതെങ്കിലും കൃഷിയ്ക്കു യോഗ്യമാണ്. പക്ഷേ മണ്ണിന്റെ ശക്തി നാം വേണ്ടവണ്ണം പ്രയോജനപ്പെടുത്തുന്നില്ല. ഒന്നും തന്നെ കൃഷി ചെയ്യാതെ തരിശായികിടക്കുന്ന പ്രദേശങ്ങൾ ഹെക്ടർകണക്കിന് തന്നെ പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ രൂപികരിച്ചിട്ടുള്ള കാർഷികവികസന സമിതിയ്ക്ക് പാട്ടത്തിനു നൽകിയോ പഞ്ചായത്തിന് കോൺട്രാക്ട് വ്യവസ്ഥയിൽ ഏറ്റെടുത്തു കൊണ്ടോ ഈ പ്രദേശങ്ങളിൽ കൃഷിനടത്താവുന്നതാണ്.

ഈ പഞ്ചായത്തിന്റെ തെക്കേ അറ്റം വിശാലമായ കായൽ പ്രദേശമാണ്. ഇതാവട്ടെ ഇപ്പോൾ ഉപയോഗിക്കുന്നത് തൊണ്ട് സംസ്കരിക്കുന്നതിനു മാത്രമാണ്. ഇതിനുപുറമേ ഇവിടെ വിലപിടിപ്പുള്ള കായൽ മൽസ്യങ്ങളെ വളർത്തുന്നതിനുള്ള സാധ്യതകളാരായാവുന്ന താണ്. അതുപോലെ തന്നെ മനോഹരവും ശാന്തവുമായ ഈ പ്രദേശങ്ങൾ ടൂറിസത്തിനും പ്രയോജനപ്പെടുത്താം.

സാമ്പത്തിക വിഭവം

ഈ പഞ്ചായത്തിൽ രണ്ട് വാണിജ്യബാങ്കുകളും രണ്ടു കോ ഓപ്പറേറ്റീവ് ബാങ്കുകളും 20 സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഇവയിൽ ഇവിടെയുള്ളവരിൽ നിന്നും വിദേശത്തു ജോലി ചെയ്യുന്നവരിൽ നിന്നുമായി 60 കോടിയിൽപരം രൂപ നിക്ഷേപമായി തന്നെയുണ്ട്. പക്ഷേ ഈ പണംകൊണ്ട് ഇപ്പോൾ ഈ നാട്ടുകാർക്കുള്ള പ്രയോജനം

സ്വർണപണയത്തിൻമേൽ, അത്യാവശ്യത്തിന് പണം കടംകിട്ടും എന്നുള്ളതുമാത്രമാണ്. അതിനാൽ ഈ പഞ്ചായത്തിൽനിന്നുള്ള പണം ഈ പഞ്ചായത്തിന്റെ തന്നെ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

പണം പഞ്ചായത്തിന്റെ ജാമ്യത്തിൽ സ്വരൂപിക്കുകയും സ്വയം തൊഴിൽ സംരംഭകർക്കോ, സംരംഭകരുടെ ഗ്രൂപ്പുകൾക്കോ ഉൽപ്പാദനമേഖലകളിലെ ആവശ്യങ്ങളിലേയ്ക്ക് വായ്പയായി സ്വീകരിക്കേണ്ടതാണ്.

വളരെ അധികം ഗൾഫ്മലയാളികളുള്ള നമ്മുടെ പഞ്ചായത്തിൽ അവരുടെ പണം ആർഭാടങ്ങൾക്കു വിനിയോഗിക്കുന്നതു നിരുൽസാഹപ്പെടുത്തുകയും ഉൽപാദനപരമായ രംഗങ്ങളിലേയ്ക്കു തിരിച്ചുവിടുകയും ചെയ്യേണ്ടിയിരിക്കുന്നു.

നല്ല നിലയിൽ മാനേജ് ചെയ്യാൻകഴിയുമെങ്കിൽ പഞ്ചായത്തിന് കടപ്പത്രത്തിലൂടെ പണം സ്വരൂപിക്കുന്നതിനും അവ ഉൽപാദന മേഖലയിലും അതോടൊപ്പം നിർമ്മാണ മേഖലയിലും ചിലവഴിക്കുന്നതിനും സാധിക്കുന്നതാണ്.

സാമൂഹ്യ സേവനപ്രവർത്തനം

രാഷ്ട്രീയ പ്രവർത്തനവും സാമൂഹ്യപ്രവർത്തനവും താൽപര്യപൂർവ്വം നടത്തുന്ന നല്ലൊരു വിഭാഗം യുവാക്കളിവിടെയുണ്ട്. പക്ഷേ വികസനപ്രവൃത്തനങ്ങളിൽ അവരെ ഉപയോഗപ്പെടുത്തുന്നത് എപ്പോഴും റോഡുവെട്ടുന്നതിനു മാത്രമാണ്. അവരുടെ സേവനം പുതിയ മേഖലകളിലേയ്ക്കു തിരിച്ചുവിടുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ മേഖലയിൽ പണിയെടുക്കുന്നവരിൽ നല്ലൊരുശതമാനം കെട്ടിടനിർമ്മാണവുമായിബന്ധപ്പെട്ടവരാണ്. ഇതിൽ വിദഗ്ധതൊഴിലാളികളും അല്ലാത്തവരുമുണ്ട്.

അതോടൊപ്പം ചിന്തിക്കുമ്പോൾ, കെട്ടിടനിർമാണ ചെലവിൽ 40 ശതമാനത്തോളം നിർമ്മാണതൊഴിലാളികൾക്കുള്ള കൂലിയായിട്ടാണ് വിനിയോഗിക്കപ്പെടുന്നത്. അതിന്റെ 50 ശതമാനവും ഹെൽപ്പേഴ്സിന്റെ വേതനമാണ്.

ഈ പഞ്ചായത്തിലാവട്ടെ, വീടില്ലാത്തവരും കക്കൂസില്ലാത്തവരുമായി ധാരാളം പേരുണ്ടുതാനും. അവരുടെ ആവശ്യങ്ങളായിരുന്നു ഗ്രാമസഭകളിൽ ശക്തമായി ഉയർന്നു വന്നിരുന്നത്.

അതിനാൽ തീരെ പാവപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം, ശുദ്ധ ജലം എത്തിക്കുന്നതിലേയ്ക്കുള്ള പ്രവർത്തനം എന്നീ മേഖലകളിലേക്കുകൂടി സന്നദ്ധ പ്രവർത്തനം വ്യാപിപ്പിക്കാവുന്നതാണ്. അതിനുള്ള സന്നദ്ധത ഇതിനകം തന്നെ ചില തൊഴിലാളി സംഘടനകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

ഭവനയില്ലാത്തവരെ പോലെതന്നെ കൂലിയില്ലാത്തവരും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ധാരാളം ഭൂമിയുള്ളവരും അവ കൃഷിക്കുപോലും ഉപയോഗിക്കാതെ ദുർവിനിയോഗം ചെയ്യുന്നവരും ഏറെയാണ്. അവരുടെ ഭൂമി പിടിച്ചെടുത്ത് പാവപ്പെട്ടവർക്ക് നൽകണമെന്ന് നമുക്കാവശ്യപ്പെടാനാവില്ല എങ്കിലും അവരിൽ ചിലരുടെ എങ്കിലും ഉദാര മനസ്സോ മഹാമനസ്കതയോ ഉപയോഗപ്പെടുത്തി തീരെ പാവപ്പെട്ട കുറെപേർക്കെങ്കിലും ഭൂമിലഭ്യമാക്കാൻ കഴിയേണ്ടതാണ്. വിനോബാഭാവെയുടെ ഭൂദാൻ പ്രസ്ഥാനത്തിന്റെ വിജയത്തിന് തെളിവാണല്ലോ നമ്മുടെ നാട്ടിലെ ഭൂദാനകോളനി.

നികുതി നിർദേശങ്ങൾ

1. നികുതികളിൽ നിന്നും സാമൂഹ്യബാധ്യതകളിൽ നിന്നും ഒളിച്ചോടുന്ന പ്രവണതയാണ് പൊതുവേ കണ്ടുവരുന്നത്. വീടിന്റെ ഭംഗിയും മോടിയും കൂട്ടാൻ ധാരാളം പണം ചെലവഴിക്കുന്നവർ കെട്ടിടത്തിന് അമ്പതോ, നൂറോ രൂപ വാർഷിക നികുതി നിശ്ചയിച്ചാൽ അതു കുറയ്ക്കുന്നതിനായി ഓടി നടക്കുന്നതു പഞ്ചായത്തിൽ സർവ്വസാധാരണമാണ്. ഈ പ്രവണതയ്ക്കാണ് മാറ്റം വരേണ്ടിയിരിക്കുന്നത്.

2. ഈ പഞ്ചായത്തിലെ പ്രധാനവിഭവമായ ക്ലേ സെക്ടറിൽ നിന്നും തൊഴിൽ നികുതി അല്ലാതെ മറ്റു വരുമാനമൊന്നും പഞ്ചായത്തിനില്ല. എന്നാൽ ലക്ഷങ്ങൾ വില മതിക്കുന്ന മണ്ണ് ദിവസവും ഖനനം ചെയ്ത് ഇവിടെനിന്നും കൊണ്ടു പോകുകയും ചെയ്യുന്നു.

   അതിനാൽ ഖനന നികുതിയായോ ട്രാൻസ്പോർട്ട് നികുതിയായോ ഈ മേഖലയിൽ നിന്നും പണം കണ്ടെത്താവുന്നതാണ്.

3. നമ്മുടെ പഞ്ചായത്തിലെ നല്ല ഒരു വരുമാന മാർഗ്ഗമായിരുന്ന വിനോദനികുതി, സിനിമാ തിയേറ്ററുകളെ ആശ്രയിച്ചുള്ള ഈ നികുതി ഇപ്പോൾ വളരെ കുറഞ്ഞു വരികയും ചെയ്യുന്നു. ജനങ്ങൾ T.V. പരിപാടികളിലൂടെയും കേബിൾ പരിപാടികളിലൂടെയും ചെലവുകുറഞ്ഞ രീതിയിൽ വിനോദങ്ങളിലേർപ്പെടുകയും ചെയ്യുന്നു. അതിനാൽ വിനോദനികുതിയുടെ ദിശമാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

4. ലക്ഷങ്ങൾ ചിലവഴിച്ചുള്ള ഭവനനിർമ്മാണം നിരുൽസാഹപ്പെടുത്തുന്നതോടൊപ്പം പഞ്ചായത്തിന് വരുമാനം വർധിപ്പിക്കുന്നതിലേയ്ക്ക് ആനുപാതികമായി നിർമ്മാണനികുതി ചുമത്തേണ്ടതാണ്. (ഇത് വാർഷികനികുതിക്ക് പുറമേ ആയിരിക്കണം)

5. ജനന മരണ രജിസ്ട്രേഷൻ പോലെ വിവാഹ രജിസ്ട്രേഷൻ പഞ്ചായത്തിൽ നിർബന്ധമാക്കുകയും ആഢംബര

പൂർവ്വം വിവാഹങ്ങൾ നടത്തുന്നവരിൽ നിന്നും ആഢംബ രനികുതി ഈടാക്കേണ്ടതുമാണ്.

6 ഇവിടെ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് നികുതി ചുമത്തുന്നതോടൊപ്പം നമ്മുടെ സർക്കാർ സ്കൂളുകളെ അവഗണിച്ചു ഇംഗ്ലീഷ് സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്നവർക്കും വിദ്യാഭ്യാസനികുതി ചുമത്താവുന്നതാണ്.

7 ഈ പഞ്ചായത്തിലെ പ്രധാന വ്യവസായമായ കയർ മേഖലയിൽ നിന്നും കാര്യമായ ഒരു വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല. വ്യവസായികളിൽ നിന്നും കയർ കച്ച വടക്കാരിൽ നിന്നും നികുതി ശേഖരിക്കാവുന്നതാണ്.

8 തൊണ്ട്, ചകിരി മില്ലുകളിൽ നിന്നും ഒരു വിഹിതം നികുടിയായി പിരിക്കാം.

9 കൊപ്രവ്യാപാരികളിൽ നിന്നും നികുതി ശേഖരിക്കാവുന്നതാണ്.

10 റബർ തോട്ടം തെങ്ങിൻ തോട്ടം എന്നിവ ഈ പഞ്ചായത്തിൽ പലടത്തും കാണാവുന്നതാണം. അവയ്ക്കു യുക്തി സഹമായ തോട്ടനികുതി ചുമത്തണം.



ടൂറിസം

ഭാരതം വിശിഷ്യ കേരളം എന്നും സഞ്ചാരികളുടെ പറുദീസയായിരുന്നു. ആദ്യകാലങ്ങളിൽ ഇവിടെ വന്ന ഫാഹിയാന്റെയും ബർത്തലോമിയയുടെയും കൗതുകങ്ങൾ തന്നെ ഇന്നും ഈ നാടിനെക്കുറിച്ചും ഈ നാട്ടിന്റെ പാരമ്പര്യത്തെയും ചേതോഹരഭൂപ്രകൃതിയെയും കുറിച്ചും ഓർക്കുന്ന വിദേശികൾ മനസ്സിൽ സൂക്ഷിക്കുന്നു.

ടൂറിസം ഒരു വൻ വ്യവസായമായി വളർന്നുകൊണ്ടിരിക്കുകയാണ് ഇന്ന്. വിശേഷിച്ചും വിദേശനാണ്യം നേടിത്തരുന്ന ഒരു വ്യവസായം. നമ്മുടെ സാംസ്കാരിക പൈതൃകത്തെ നശിപ്പിക്കാതെതന്നെ എക്കൊ-ഫ്രണ്ട്ലി ടൂറിസത്തിന് വൻ സാദ്ധ്യതകളുള്ള മേഖലയാണ് തീരദേശഗ്രാമമായ മംഗലപുരത്തിനുള്ളത്.

മുത്തശ്ശിക്കഥകളിലെ പവിഴത്തുരുത്തുകളെ അതിശയിക്കുന്ന ചേതോഹാരിതയാണ് ഈ ഗ്രാമത്തിന്റെ കായൽ മുനമ്പുകൾക്കുള്ളത്. കായലോരങ്ങളും കെട്ടുവള്ളങ്ങളും സ്വദേശികൾക്കും പരദേശികൾക്കും എന്നും ഹരമായിരുന്നു. കയർതെളിയും കരിക്കും കേരവൃക്ഷങ്ങളുമെല്ലാം സഞ്ചാരികളെ ഹഠാദാകർഷിക്കുമെന്ന കാര്യത്തിൽ സന്ദേഹത്തിനവകാശമില്ല. സമീപദേശങ്ങളിലെങ്ങും ദൃശ്യമല്ലാത്ത സവിശേഷസൗന്ദര്യം തുളുമ്പിനില്ക്കുന്ന ചില ഭൂവിസ്മയങ്ങൾ നമ്മുടെ കായൽക്കരയിലുണ്ട് എന്ന വസ്തുത നമുക്ക് ഏറെ ആത്മവിശ്വാസം പകരുന്നു. അത്യപൂർവമെന്നു വിശേഷിപ്പിക്കാവുന്ന ഈ ഗ്രാമഭാഗങ്ങളുടെ ചാരുത പോഷിപ്പിച്ച് ഒരു ടൂറിസ്റ്റ് വില്ലേജ് നിർമ്മിക്കുകയാണ് നമ്മൾ രൂപം നല്കുവാനുദ്ദേശിക്കുന്ന പദ്ധതി. ഈ പദ്ധതി നടപ്പിൽ വരുന്നതോടെ മംഗലപുരത്തും പരിസരഗ്രാമങ്ങളിലും പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മിതിക്കായുള്ള പുതിയ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള അവസരം ഉണ്ടാവുകയും ചെയ്യും. കരകൗശലോല്പന്നങ്ങളുടെ ഉല്പാദനരംഗത്തും വിപണനരംഗത്തും കൂടുതൽ തൊഴിൽ സാദ്ധ്യതകളും പ്രതീക്ഷിക്കാവുന്നതാണ്.

അകത്തുമുറി കായലിലെ പൊന്നിൻതുരുത്തുമായും വർക്കല തുരപ്പുമായും വേളിക്കായലുമായും ഈ തീരദേശവിനോദസഞ്ചാര പദ്ധതിയെ ബന്ധിപ്പിക്കുവാൻ കഴിയും. പാർവതി പുത്തനാറിന്റെ പുനർനിർമ്മാണത്തോടെ ഈ പദ്ധതിക്ക് വികസനസാദ്ധ്യതയേറും. പോത്തൻകോട് പഞ്ചായത്ത് അതിർത്തിയിലെ വെള്ളാണിക്കൽ കുന്ന്, പുലിച്ചാണി പ്രദേശങ്ങളുംമായിക്കൂടി മുരുക്കുംപുഴ ടൂറിസ്റ്റ് വില്ലേജ് പ്രവർത്തനങ്ങളെ ബന്ധിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്. തോന്നയ്ക്കലുള്ള മഹാകവി കുമാരനാശാന്റെ പർണശാലയും ആശാൻസ്മാരകവും സാംസ്കാരിക വിനോദസഞ്ചാരികളുടെ മറ്റൊരു ആകർഷണകേന്ദ്രമാണ്.

വമ്പിച്ച വികസനസാദ്ധ്യതകളാണ്, ഇതുവരെ നാം രംഗപ്രവേശം ചെയ്തിട്ടില്ലാത്ത ഈ പുതിയ മേഖലയിൽ നമ്മെ കാത്തിരിക്കുന്നത്. രാഷ്ട്രത്തിന് വൻതോതിൽ വിദേശനാണ്യം നേടിത്തരുമെന്നതിനുപുറമേ അനുബന്ധവ്യവസായങ്ങളുടെ ഭാഗമായി നിരവധിപേർക്ക് തൊഴിൽ ലഭിക്കുമെന്നുള്ളതും, ഗ്രാമത്തിന്റെ മുഖച്ഛായയിൽ തന്നെ വികസനോന്മുഖമായ ഒരു പരിവർത്തനം പെട്ടെന്ന് ദൃശ്യമാകുമെന്നുള്ളതും ആണ് ഈ പദ്ധതിയുടെ സവിശേഷത.

മുരുക്കുംപുഴ കേന്ദ്രീകരിച്ച് നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഈ ടൂറിസ്റ്റ് വില്ലേജ് പദ്ധതി എത്രയും വേഗം ആരംഭിക്കേണ്ടതുണ്ട്.

ഉപസംഹാരം

സർവ്വാ സമർഥരും ജ്ഞാനികളുമായവരുടെ നേതൃത്വത്തിൽ സർവ്വരിലും കൂടി സർവ്വരുടേയും പുരോഗതി ഉറപ്പുവരുത്തുന്ന അത്യുത്തമമായ ഒരു കേരളഭരണം വരണം എന്നാഗ്രഹിച്ച സി.വി.രാമൻപിള്ള എന്ന മഹാനായ എഴുത്തുകാരൻ ഇവിടെ ജീവിച്ചിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടുകടത്തലിനു പോലും ആധാരമായി ഭവിച്ച 'ഉദയമാനു' എന്ന രാഷ്ട്രീയ നോവലിന്റെ രചന അദ്ദേഹത്തിന്റെ രാഷ്ട്രീയ ഗുരുവായ നാരായണ കുരുക്കൾ നിർവ്വഹിച്ചതും ഇവിടെയിരുന്നാണ്. 'പാരതന്ത്ര്യം മാനികർക്കു മൃതിയേക്കാൾ ഭയാനകം' എന്നു പാടിയ കുമാരനാശാനും 'സാമൂഹ്യമായ സന്തുലിതാവസ്ഥ പുനഃ സൃഷ്ടിക്കുന്നതിലൂടെ മാത്രമേ യഥാർത്ഥ രാഷ്ട്രീയ സ്വാതന്ത്ര്യം കൈവരിക്കാനാവുകയുള്ളൂ' എന്നു പ്രഖ്യാപിച്ച അയ്യങ്കാളിയും അവരുടെ ചരിത്രപ്രസിദ്ധമായ വിളംബരവാക്യങ്ങൾ മുഴുക്കിയതും ഈ മണ്ണിൽ നിന്നുകൊണ്ടാണ്. അതു കൊണ്ടുതന്നെ നാം അസൂത്രണം ചെയ്യുന്ന കർമ്മ പദ്ധതികൾക്ക് സമഭാവനയുടെയും സ്വാതന്ത്ര്യബോധത്തിന്റെയും അടിത്തറയുണ്ടായിരിക്കണം. ജീവിതഗന്ധിയായ പുതിയൊരു സാംസ്കാരികാവബോധം സൃഷ്ടിക്കാനുതകുന്നതായിരിക്കണം അത്.

ലോകരാഷ്ട്രങ്ങളിലെങ്ങും ഇതഃപര്യന്തം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒന്നല്ല ഇന്നു നാം ആവിഷ്കരിച്ചിരിക്കുന്ന ജനകീയാസൂത്രണമെന്ന പദ്ധതി. അക്കാരണത്താൽ തന്നെ ഈ പദ്ധതിക്കു മാതൃകകളില്ല. പദ്ധതിനിർവ്വഹണത്തിൽ നമുക്കു പിന്തുടരാൻ പൂർവ്വസൂരികൾ നടന്നുകയറിയ കാല്പാടുകൾ തെളിഞ്ഞു കിടക്കുന്ന പാതകളില്ല. ദുഷ്കരമാണീയുദ്യമമെന്നു തോന്നാം. പതറാതെ, തളരാതെ, നാം മുന്നേറുക. നമുക്ക് വഴികാട്ടാൻ നമ്മുടെ പ്രപിതാമഹന്മാരുടെ ജീവതത്തിന്റെ തുറന്നപുസ്തകം നമ്മുടെ മുന്നിലുണ്ട്. പാരമ്പര്യവിശ്വാസങ്ങളിലും നാട്ടറിവുകളിലും നിന്ന് ആർജ്ജിക്കുന്ന കരുത്തുമായി വർദ്ധിതവീര്യത്തോടെ നമുക്കു മുന്നോട്ടു പോകാം.

ആഗോളവത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ സാമ്രാജ്യത്വത്തിന്റെ സർവ്വാശ്ലേഷത്തിൽ നിന്നു വേറിട്ടുനില്കുന്ന ഒരു മാതൃക എന്ന നിലയിൽ ലോകം ഉറ്റുനോക്കുകയാണ് ജനകീയാസൂത്രണ പദ്ധതിയേയും കേരളത്തെത്തന്നെയും. ഈ സന്ദർഭത്തിലാണ് കേരളത്തിലെവിടെയുമെന്നപോലെ ഇവിടെയും ജനകീയാസൂത്രണത്തിന്റെ മുന്നോടിയായി ഗ്രാമസഭാ പ്രവർത്തനങ്ങളും ശില്പശാലകളും വികസനചർച്ചകളുമായി നാം മുന്നോട്ടു പോകുന്നത്. പതിമൂന്നു ഗ്രാമങ്ങളിലായി സംഘടിപ്പിക്കപ്പെട്ട ഗ്രാമസഭകളിലെത്തിയ ബഹുജനപങ്കാളിത്തവും ശില്പശാലകളിൽ പങ്കെടുക്കാനെത്തിയ സാമൂഹ്യപ്രവർത്തകരായ യുവാക്കളുടെ ആവേശവും പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ അറച്ചുനിന്നെങ്കിലും രണ്ടാംഘട്ടത്തോടെ സജീവമായ ഉദ്യോഗസ്ഥസാന്നിദ്ധ്യവും വെളിവാക്കിത്തരുന്നത് ജനജീവിതത്തതിന്റെ നാനാതുറകളിൽ ചലനം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള ആവേശത്തെയും ജനസമ്മതിയേയുമാണ്. വിവിധങ്ങളായ ആദർശവിശ്വാസങ്ങളുമായി, പലവർണക്കൊടികളുടെ പിൻബലത്താൽ പഞ്ചായത്ത് ഭരണസമിതിയിലെത്തിയ അംഗങ്ങൾ ഏകമനസ്സോടെ, ദൃഢനിശ്ചയത്തോടുമായി പദ്ധതി ആസൂത്രണത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകി എന്നത് എല്ലാ വിഭാഗം ജനങ്ങളും ഇത് തങ്ങളുടെ പദ്ധതിയായി അംഗീകരിച്ചു എന്നതിന്റെ സാക്ഷ്യപത്രങ്ങളാണ്. തന്നെയുമല്ല, വിഭാഗീയ ചിന്തകളുടെ ഊരാക്കുടുക്കുകളിൽ നിന്ന് മോചിതരായി വികസനമെന്നമന്ത്രവുമുരുവിട്ട് ഒരേ മനസ്സോടെ മുന്നോട്ടു നീങ്ങാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അണികളിൽ കണ്ടുതുടങ്ങിയ സന്നദ്ധത ഒരു നവരാഷ്ട്രീയ സംസ്കാരത്തിനു ബീജാപാപം ചെയ്യും ഈ പദ്ധതി എന്നതിന് ഉത്തമ നിദർശനം തന്നെ.

ഈ റിപ്പോർട്ടിനവലംബം ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങളുടെ ആശയാഭിലാഷങ്ങളും വികസനസപ്നങ്ങളുമാണ്. അതു രൂപപ്പെടുന്നതിൽ ജനങ്ങളുടെ ഭാഗത്തുനിന്ന് യാതൊരു വിഭാഗീയ കാഴ്ചപ്പാടുകളുമുണ്ടായിട്ടില്ലായെന്ന് അഭിമാനപൂർവ്വം തന്നെ നമുക്കനുസ്മരിക്കാം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും നമ്മുടെ പഞ്ചായത്തിലെ ഒൻപതാം പദ്ധതി പ്രവർത്തനങ്ങൾ കരുപ്പിടിപ്പിക്കുന്നത്. ജനങ്ങളുടെ പ്രത്യാശയും പ്രതീക്ഷകളുമുൾക്കൊണ്ട് വിശദമായ ചർച്ചയും ക്രിയാത്മകമായ നിർദ്ദേശങ്ങളും ഈ സെമിനാറിൽ ഉണ്ടാകുമെന്ന പ്രതീക്ഷയോടെ

ഉഷാസുരേഷ്
പ്രസിഡന്റ്
മംഗലപുരം പഞ്ചായത്ത്



അധികാരവികേന്ദ്രീകരണം

സംഗ്രഹം

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളെ ഇനിപ്പറയുന്ന രീതിയിൽ സംഗ്രഹിക്കാം.

● 'ദാന'മായി ലഭിക്കുന്ന അധികാരം യഥാർഥ അധികാരമല്ല. അധികാരം തന്നവർക്കു തന്നെ അത് തിരിച്ചെടുക്കുകയും ചെയ്യാം.

● സമൂഹത്തിന്റെ ഒരു തലത്തിൽ ചെയ്യാവുന്ന ഏതൊരു പ്രവർത്തനവും ആ തലത്തിലേ ചെയ്യാവൂ. മേൽ തലത്തിലേക്ക് മാറ്റരുത്. അപ്പോൾ ഓരോ തലത്തിനും ഏറ്റെടുക്കാവുന്ന ഉത്തരവാദിത്തവും അധികാരവും ഏതെന്ന് അവർ നിശ്ചയിക്കും.

● ഓരോ തലത്തിനും അതിന്റേതായ സ്വയം നിർണയാവകാശം ഉണ്ട്. ബഹുതല വികസനമാതൃകയിൽ സ്വതന്ത്രമായ പ്രവർത്തനം, സഹകരിച്ച ഏകോപിത പ്രവർത്തനം, ഏല്പിക്കപ്പെട്ട ഏജൻസി പ്രവർത്തനം ഇങ്ങനെ മൂന്നുതരത്തിൽ ഉണ്ടായിരിക്കും.

● സമൂഹത്തിന്റെ ഒരു തലം അടുത്ത തലത്തിന്റെ കീഴിൽ അല്ല. ഓരോന്നിനും അതിന്റേതായ സ്വാതന്ത്ര്യമുണ്ട്.

● ഓരോ തലത്തിലും ചെയ്യേണ്ടതും ചെയ്യാവുന്നതും എന്ത് എന്നതിനെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടാകണം.

● ജനപങ്കാളിത്തം : ആസൂത്രണം, നിർവഹണം, മോണിറ്ററിങ് എല്ലാത്തിലും കൂടുതൽ ആളുകൾ പങ്കാളികളാകണം.

● പ്രാദേശിക വിഭവ സമാഹരണം : എല്ലാ വിഭവങ്ങളും ജനങ്ങളാണ് സൃഷ്ടിക്കുന്നത്. ഓരോ തലത്തിലുള്ള പ്രവർത്തനത്തിനും ആ തലത്തിൽ തന്നെ കഴിയുന്നത്ര വിഭവം സമാഹരിക്കണം.

● ധനപരമായ വികേന്ദ്രീകരണം : മേൽ തലങ്ങളിൽ നിന്ന് ഓരോ തലത്തിലേക്കും കൈമാറുന്ന വിഭവങ്ങൾ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള അധികാരം ഉണ്ടായിരിക്കണം.

● ഉത്തരവാദിത്തം : അഞ്ചുകൊല്ലം കൂടുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പിലൂടെ മാത്രമേ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കാൻ ജനങ്ങൾക്ക് സാധ്യമാകൂ എന്ന അവസ്ഥ മാറണം. തുടർച്ചയായി മേൽനോട്ടം നടത്താൻ ജനങ്ങൾക്ക് കഴിയുന്ന സംവിധാനം ഉണ്ടാക്കണം.

● സുതാര്യത : എല്ലാ കണക്കുകളും എല്ലാ രേഖകളും പരിശോധിക്കാനുള്ള പൗരന്മാരുടെ അവകാശം ഉറപ്പാക്കണം. പഞ്ചായത്ത് തലത്തിൽ 'രഹസ്യ'മായി സൂക്ഷിക്കേണ്ട വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ഉണ്ടാകൂ. ●



മൂകാംബിക ശ്രീകാളികാർണ്ണേശ്വരക്ഷേത്രം

കുന്നുകോട് പള്ളി

കൊച്ചുവേട്ടശ്രീധർമ്മശാസ്താക്ഷേത്രം